05
2019 ജൂലായ്
വെള്ളി
1194 മിഥുനം 20

# കലാകൗമുദി

Published from Thiruvananthapuram, Mumbai
തിരുവനന്തപുരം ■ 12 (Invitation Price)
www.kalakaumudi.com

ഇന്ന്
ചൂട് 32°c പകൽ
മഴ 60% സാദ്ധ്യത

# ധനക്കമ്മി കുറഞ്ഞു വളർച്ചാനിരക്ക് 7% ആകും



## നിർമ്മലയുടെ കന്നി ബജറ്റ് ഇന്ന്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: രാജ്യത്തെ മൊത്ത ആഭ്യന്തര ഉല്പാദനം 7 ശതമാനമായി ഉയരുമെന്ന് സാമ്പത്തിക സർവ്വെ. ഇന്ന് അവതരിപ്പിക്കാനിരിക്കുന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ വച്ച സാമ്പത്തിക സർവ്വേ റിപ്പോർട്ടിലാണ് ഈ വെളിപ്പെടുത്തൽ.

പൊതു ധനക്കമ്മി 2019 സാമ്പത്തിക വർഷത്തിൽ 5.8 ശതമാനമായി കുറഞ്ഞു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂലമാണ് ജനുവരി-മാർച്ച് മാസങ്ങളിൽ സാമ്പത്തിക വളർച്ച മന്ദഗതിയിലായത്. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ നേരിട്ട സാമ്പത്തിക പ്രതിസന്ധിയും സമ്പദ്ഘടനയെ ഉലച്ചു.

2020 സാമ്പത്തിക വർഷത്തിൽ മൊത്തം ആഭ്യന്തര ഉല്പാദനം 7 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നതായി സർവ്വെയിൽ പറയുന്നു. ഇന്ധനവില കുറയുമെന്നാണ് പ്രതീക്ഷ.

തൊഴിൽ, നിക്ഷേപം എന്നിവയ്ക്കും പ്രധാന്യം നൽകുമെന്നാണ് സൂചന.

മുതിർന്ന സാമ്പത്തിക ഉപദേഷ്ടാവ് കൃഷ്ണമൂർത്തി സുബ്രഹ്മണ്യനാണ് കഴിഞ്ഞ ഒരു വർഷത്തെ സാമ്പത്തികസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയത്.

സാമ്പത്തിക സർവ്വേ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ രൂപരേഖ എന്തായിരിക്കുമെന്ന് വ്യക്തമാക്കുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. അഞ്ചു ലക്ഷം കോടി രൂപയുള്ള സമ്പദ് വ്യവസ്ഥയായി മാറുക എന്ന ലക്ഷ്യത്തിലേക്കുള്ള രാജ്യത്തിന്റെ മുന്നേറ്റമാണ് സാമ്പത്തിക സർവ്വേയിൽ കാണാനാവുകയെന്ന് പ്രധാനമന്ത്രിയുടെ ടീറ്റിൽ പറയുന്നു.

അഞ്ച് ലക്ഷം കോടിയുടെ സമ്പദ് വ്യവസ്ഥ യാഥാർത്ഥ്യമാക്കുന്നതിനുള്ള കാഴ്ചപ്പാടുകളാണ് സാമ്പത്തിക സർവ്വേ മുന്നോട്ടു വയ്ക്കുന്നത്. ഊർജ്ജമേഖലയുടെയും സാങ്കേതിക മേഖലയുടെയും വളർച്ചയും സാമൂഹ്യ അഭിവൃദ്ധിയും സാമ്പത്തിക സർവ്വേ വ്യക്തമാക്കുന്നുണ്ടെന്നും പ്രധാനമന്ത്രി ടീറ്റിൽ പറഞ്ഞു.

# പ്രതീക്ഷയോടെ കേരളം

**വായ്പാ പരിധി വർദ്ധന, എയിംസ്, റെയിൽ പാത, ജലപാത, ബയോസേഫ്ടി-3 ലാബ്...**

തിരുവനന്തപുരം: എൻഡിഎ സർക്കാരിന്റെ ആദ്യ ബജറ്റിൽ കേരളത്തിന് പ്രതീക്ഷകളേറെ. ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസ്, കേന്ദ്ര സർവകലാശാല, വൈറോളജി ലാബ്, വ്യവസായ ഇടനാഴി, പുതിയ റെയിൽ പാത, ദീർഘ ദൂര ട്രെയിൻ, റെയിൽ വേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തൽ തുടങ്ങി നിരവധി ആവശ്യങ്ങളാണ് കേരളം ഉന്നയിച്ചിട്ടുള്ളത്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പുനർനിർമ്മാണത്തിനുള്ള സഹായമാണ് പ്രധാനമായും ആവശ്യപ്പെടുന്നത്. പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതല്ലെങ്കിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രളയ പുനർ നിർമ്മാണത്തിനുള്ള ധനസഹായം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രളയക്കെടുതി പരിഗണിച്ച് കേരളത്തിന്റെ വായ്പാ പരിധി ഉയർത്തണമെന്നാണ് പ്രധാന ആവശ്യം. ജിഎസ്ഡിപിയുടെ മൂന്ന് ശതമാനത്തിന് മുകളിൽ വായ്പാ പരിധി ഉയർത്തണം.

അല്ലെങ്കിൽ ജിഎസ്ഡിപിയുടെ 3.5ശതമാനമായി പരിധി ഉയർത്തണം എന്നാണ് ആവശ്യം. വായ്പാ പരിധി ഉയർത്തുന്നതിന് പല തവണ ആവശ്യപ്പെട്ടിട്ടും കാര്യമായി പരിഗണിച്ചില്ലെന്ന പരാതിയുമുണ്ട്. വിദേശ സഹായം സ്വീകരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ആവശ്യപ്പെട്ടിരുന്നു. പ്രധാനമായും ഒമ്പത് ആവശ്യങ്ങളാണ് ഡോ. തോമസ് ഐസക് നിർമ്മലാ സീതാരാമനു മുന്നിൽ അവതരിപ്പിച്ചത്. വായ്പാ പരിധി ഉയർത്തുന്നതിനൊപ്പം വ്യവസ്ഥകൾ ഉദാരമാക്കണമെന്നും നികുതി വിഹിതത്തിലെ അപാകതകൾ പരിഹരിക്കണെമന്നും ആവശ്യപ്പെട്ടിരുന്നു.

# നാഥനില്ലാതെ കോൺഗ്രസ്

● **അദ്ധ്യക്ഷനാക്കിയത് വോറ അറിഞ്ഞില്ല**

എസ് അനിഷ്

തിരുവനന്തപുരം: രാഹുൽഗാന്ധി അദ്ധ്യക്ഷസ്ഥാനം ഒഴിഞ്ഞതോടെ കോൺഗ്രസ് നാഥനില്ലാക്കളരിയായി. മുതിർന്ന നേതാവ് മോത്തിലാൽ വോറയെ താൽക്കാലിക അദ്ധ്യക്ഷനായി നിയമിച്ചുവെന്ന് കഴിഞ്ഞ ദിവസം വാർത്തകൾ വന്നിരുന്നു. എന്നാൽ ഇടക്കാല അദ്ധ്യക്ഷനാക്കിയതിനെക്കുറിച്ച് തനിക്കറിയില്ലെന്ന് മോത്തിലാൽ വോറ പ്രതികരിച്ചു. കഴിഞ്ഞ മേയ് 25നാണ് തിരഞ്ഞെടുപ്പ് തോൽവിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് രാഹുൽഗാന്ധി അദ്ധ്യക്ഷസ്ഥാനം രാജി വയ്ക്കുന്നതായി പ്രഖ്യാപിച്ചത്. രാജിതീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ട് മുതിർന്ന നേതാക്കൾ ഉൾപ്പെടെയുള്ളവർ സമ്മർദ്ദം ചെലുത്തിയിരുന്നു. ഈ ആവശ്യം ഉന്നയിച്ച് നിരവധി നേതാക്കൾ രാജി വയ്ക്കുകയും ചെയ്തു. എന്നിട്ടും തീരുമാനം മാറ്റാൻ അദ്ദേഹം തയ്യാറായില്ല. കഴിഞ്ഞ ദിവസം രാഹുൽ ഗാന്ധി രാജിക്കത്ത് ടിറ്റർ വഴി പുറത്തുവിട്ടു.

പുതിയ അദ്ധ്യക്ഷനെ താൻ നിർദ്ദേശിക്കില്ലെന്നും പാർട്ടി തന്നെ യോഗ്യനായ ആളെ കണ്ടെത്തണമെന്നും രാഹുൽ രാജിക്കത്തിൽ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രസർക്കാരിനും

സംഘപരിവാർ ശക്തികൾക്കുമെതിരെയുള്ള പോരാട്ടത്തിൽ മുന്നിലുണ്ടാകുമെന്നും രാജിക്ക് ശേഷം രാഹുൽ വ്യക്തമാക്കി. കോൺഗ്രസ് ഭരണഘടനപ്രകാരം അദ്ധ്യക്ഷൻ രാജി വച്ചാൽ ഉപാദ്ധ്യക്ഷനാകും ആ ചുമതലയിലെത്തുക. ഉപാദ്ധ്യക്ഷനില്ലെങ്കിൽ മുതിർന്ന ജനറൽ സെക്രട്ടറി അദ്ധ്യക്ഷന്റെ ചുമതല വഹിക്കണമെന്നാണ് വ്യവസ്ഥ. ഇപ്രകാരമാണ് മോത്തിലാൽ വോറയെ കോൺഗ്രസ് അദ്ധ്യക്ഷനായി നിയമിച്ചതെന്നാണ് വാർത്തകൾ. പ്രവർത്തകസമിതിയോഗം ചേർന്ന് രാജി തീരുമാനം അംഗീകരിക്കും വരെ നിലവിലെ അദ്ധ്യക്ഷൻ തുടരണമെന്നാണ് നിയമമെന്ന് ചില നേതാക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇത് അംഗീകരിക്കാത്ത രാഹുൽ, നേതാക്കൾ ചേർന്ന് അദ്ധ്യക്ഷനെ തിരഞ്ഞെടുക്കണമെന്ന് നിർദ്ദേശിച്ചതായി വാർത്തകളുണ്ട്. അധികം വൈകാതെ പ്രവർത്തകസമിതി ചേർന്ന് പുതിയ അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുമെന്നാണ് സൂചന. സുശീൽകുമാർ ഷിൻഡെ, മല്ലികാർജ്ജുൻ ഖാർഗെ, സച്ചിൻ പൈലറ്റ് , അശോക് ഗലോട്ട്, തുടങ്ങി എ.കെ. ആന്റണി കെ. സി വേണുഗോപാൽ എന്നിവരുടെയെല്ലാം പേരുകൾ ചില നേതാക്കളുടെ താല്പര്യങ്ങൾക്കനുസരിച്ച് പറഞ്ഞ് കേൾക്കുന്നുണ്ട്. ഇതിനിടെ പ്രിയങ്ക ഗാന്ധി അദ്ധ്യക്ഷ സ്ഥാനത്ത് എത്തുന്നത് ഒഴിവാക്കുന്നതിനാണ് പുതിയ പ്രസിഡന്റ് നെഹ്റു കുടുംബത്തിന് പുറത്തുള്ള ആൾ മതിയെന്ന രാഹുലിന്റെ നിർദ്ദേശത്തിന് പിന്നിലെന്ന ആക്ഷേപവും ഉയരുന്നുണ്ട്. 'ഒരു പാട് പേർക്കുണ്ടാകില്ല ഈ ധൈര്യം, രാഹുൽഗാന്ധി, ഈ തീരുമാനത്തോട് ആദരവ് മാത്രം' എന്ന് ടീറ്റ് ചെയ്ത് പ്രിയങ്ക ഗാന്ധി സഹോദരന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ലോക്സഭാതിരഞ്ഞെടുപ്പിലെ കനത്ത തോൽവിക്ക് പിന്നാലെ അദ്ധ്യക്ഷനില്ലാത്ത പാർട്ടിയെന്ന അധിക്ഷേപം കൂടി പേറേണ്ട ഗതികേടിലാണ് കോൺഗ്രസ്.

# സഭാ തർക്കം: മറ്റുവഴി വേണ്ട, വിധി നടപ്പാക്കണം സുപ്രീംകോടതി

ന്യൂഡൽഹി/തിരുവനന്തപുരം: ഓർത്തഡോക്സ്-യാക്കോബായ സഭാതർക്ക കേസിൽ 2017ലെ വിധി മറികടന്ന് പ്രശ്നം പരിഹരിക്കാൻ പാടില്ലെന്ന് സുപ്രീം കോടതി.വിധി മറികടക്കാൻ സമാന്തരവ്യവസ്ഥകൾ പാടില്ലെന്ന മുന്നറിയിപ്പ് സർക്കാരിന് കോടതി നൽകി. വിധി നടപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണ്. എല്ലാ കക്ഷികളും വിധി അംഗീകരിക്കണം. വിധിക്ക് വിരുദ്ധമായ ഹൈക്കോടതി നിരീക്ഷണങ്ങൾ സുപ്രീംകോടതി ദുർബലപ്പെടുത്തിയതായി ജസ്റ്റിസുമാരായ അരുൺ മിശ്രയും എംആർ ഷായും അടങ്ങിയ ബെഞ്ച് വ്യക്തമാക്കി. അത്തരത്തിലുള്ള ഒരു വ്യാഖ്യാനത്തിനും സാദ്ധ്യതയില്ലെന്ന് വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിധി നടപ്പാക്കുന്നതിന് പൊലീസ് സുരക്ഷ തേടി ഓർത്തഡോക്സ് വിഭാഗം നൽകിയ ഹർജ്ജി തീർപ്പാക്കിക്കൊണ്ടാണ് സുപ്രീം കോടതിയുടെ വിധി. ചൊവ്വാഴ്ച പരിഗണിച്ച് തീർപ്പാക്കിയ കേസിന്റെ വിധിപ്പകർപ്പ് ഇന്നലെയാണ് പുറത്തുവന്നത്.ഇതിലാണ് കർക്കശ നിലപാടിൽ കോടതി എത്തിയത്. സഭാതർക്കത്തിൽ വിധി നടപ്പാക്കിയില്ലെങ്കിൽ ചീഫ് സെക്രട്ടറിയെ ജയിലിടയ്ക്കുമെന്ന് സുപ്രീംകോടതി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. സുപ്രിം കോടതി വിധി ലംഘിച്ചുകൊണ്ടുള്ള ഒരു നടപടിയും ആരിൽനിന്നും ഉണ്ടാകരുത്. വിധിക്ക് വിരുദ്ധമായി സംസ്ഥാന സർക്കാരിനും പ്രവർത്തിക്കാനാവില്ല. സുപ്രീം കോടതി വിധി അതിന്റെ പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുകയാണ് സംസ്ഥാന സർക്കാരും ബന്ധപ്പെട്ട കക്ഷികളും ചെയ്യേണ്ടത്. കോടതി വിധി അംഗീകരിച്ചുകൊണ്ടല്ലാതെ മറ്റൊരു വിധത്തിലും പ്രശ്ന പരിഹാരം പാടില്ല. സമാന്തരമായ മറ്റൊരു സംവിധാനം സൃഷ്ടിക്കാനാവില്ലെന്ന് സുപ്രീം കോടതി വിധിയിൽ വ്യക്തമാക്കുന്നു.

ഇതിനിടെ സഭാതർക്കം സംബന്ധിച്ച കോടതിവിധി സമവായത്തിലൂടെ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു.

സഭാതർക്കം പരിഹരിക്കാനുള്ള സർക്കാർ ശ്രമം വേഗത്തിലാക്കണമെന്ന ആന്റണി ജോൺ എംഎൽഎയുടെ സബ്മിഷന് മറുപടി നൽകവേയാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. സുപ്രീം കോടതി വിധി നടപ്പിലാക്കുമ്പോൾ സമവായമാണ് സർക്കാർ സ്വീകരിക്കുന്ന മാർഗ്ഗമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.വിധി പകർപ്പ് പുറത്ത് വന്നതോടെ മുഖ്യമന്ത്രിയുടെ മറുപടി അപ്രസക്തമായി. ഇനി വിധി നടത്തിപ്പുമായി മുന്നോട്ട് പോകുക മാത്രമായിരിക്കും സർക്കാരിന് മുന്നിലുള്ള ഏക പോംവഴി.

**5% നികുതിയുള്ള സേവനങ്ങൾക്ക്**

# പ്രളയ സെസില്ല

● **ധനകാര്യ ബിൽ പാസായി, സഭ പിരിഞ്ഞു**

എ. എസ്. അജയ്ദേവ്

തിരുവനന്തപുരം: അഞ്ച് ശതമാനം വരെ നികുതി ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങളെ പ്രളയ സെസിൽ നിന്ന് ഒഴിവാക്കി. നിലവിൽ ഒരു ശതമാനം സെസ് നിർദ്ദേശമുണ്ടായിയിരുന്ന ഹോട്ടൽ ഭക്ഷണം, ശീതികരിച്ച ബസ്, ട്രെയിൻ യാത്രാക്കൂലി തുടങ്ങിയ സേവനങ്ങൾ ഈ വിഭാഗത്തിൽപ്പെടും. പണം കൊടുക്കൽ നിയമത്തിന്റെ കീഴിൽ കടം കൊടുക്കുന്നവർക്ക് വായ്പ അനുവദിക്കൽ നടപടിക്രമങ്ങളുടെ പൂർത്തീകരണത്തിന് (പ്രോസസിംഗ് ഫീസ്) രണ്ട് ശതമാനം ഫീസ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള ഭേദഗതികളോടെ ധനമന്ത്രി ടി എം തോമസ് ഐസക് അവതരിപ്പിച്ച 2019ലെ കേരള ധനകാര്യ ബിൽ നിയമസഭ പാസാക്കി.

പണം കടം കൊടുക്കുന്നതിന് പരമാവധി 18 ശതമാനം പലിശയേ ഈടാക്കാവൂ എന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ആധാരങ്ങളുടെ രജിസ്ട്രേഷനുകളിൽ മുദ്രപത്ര വില കുറച്ചുകാണിച്ചിട്ടുള്ള കേസുകളിൽ ക്രമക്കേട് കണ്ടെത്തിയാൽ നടപടിക്ക് നോട്ടീസ് നൽകാൻ കഴിയുന്ന കാലാവധി 10 വർഷമായി നിജപ്പെടുത്തി. നിലവിൽ കാലാവധി നിജപ്പെടുത്തൽ വ്യവസ്ഥകളൊന്നുമുണ്ടായിരുന്നില്ല. അടയ്ക്കാ വ്യാപാരികളുടെ നികുതി കുടിശകയ്ക്ക് 2018-19 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സെപ്തംബർ 30 വരെ നീട്ടി.

▶ **കസ്റ്റഡി മരണം: എസ്പിക്കെതിരെ നടപടിക്ക് സാദ്ധ്യത** 12




രാജ്കുമാറിനെ ഉരുട്ടി കൊലപ്പെടുത്തിയ പൊലീസ് ഉദ്യോഗസ്ഥരെ കൊലക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് രാജ്കുമാറിന്റെ മാതാവ് കസ്തൂരിയും കുടുംബാംഗങ്ങളും നിയമസഭയ്ക്ക് മുന്നിൽ നടത്തിയ ധർണ്ണ

# ലോഡ്ഷെഡിംഗ് ഇല്ല

● **നിരക്ക് വർദ്ധന അടുത്ത ആഴ്ച പ്രഖ്യാപിക്കും**

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സംസ്ഥാനത്ത് തൽക്കാലം വൈദ്യുതി നിയന്ത്രണമുണ്ടാകില്ല. എന്നാൽ നിരക്ക് വർദ്ധനയുണ്ടാകും. ഈ മാസം 15 വരെ ലോഡ് ഷെഡിംഗോ പവർക്കട്ടോ വേണ്ടെന്ന് വൈദ്യുതി ബോർഡ് യോഗം തീരുമാനിച്ചു. നിരക്ക് വർദ്ധിപ്പിക്കുന്ന ആവശ്യത്തിൽ നിന്ന് പിന്നോട്ട് പോകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. യൂണിറ്റിന് 70 പൈസ അധികം വേണമെന്ന ആവശ്യത്തിൽ ഉറച്ചു നിൽക്കാനാണ് തീരുമാനം. എന്നാൽ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ 40 പൈസയുടെ വർദ്ധന വരുത്താനാണ് സാദ്ധ്യത. 85 ശതമാനം വരുന്ന സാധാരണ ഗാർഹിക ഉപയോക്താക്കൾക്ക് പ്രതിമാസം 25 രൂപയുടെ വർദ്ധനയായിരിക്കും ഉണ്ടാകുക. വൈദ്യുതി ഉല്പാദനത്തിൽ പ്രതിസന്ധിയുണ്ടെങ്കിലും പുറത്തു നിന്നുള്ള വൈദ്യുതി ലഭിക്കുന്നത് കൊണ്ടാണ് തൽക്കാലം വൈദ്യുതി നിയന്ത്രണം വേണ്ടെന്ന തീരുമാനം . വൈദ്യുതി ഉല്പാദന കേന്ദ്രങ്ങളിലെ അണക്കെട്ടുകളിൽ ജലനിരപ്പിൽ കുറവുണ്ടായതാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്. കഴിഞ്ഞ ആഴ്ച സംഭരണ ശേഷിയുടെ 12 ശതമാനമായിരുന്നു ജലനിരപ്പ്. ഇന്നലെ അത് 10 ശതമാനം ആയി കുറഞ്ഞു. ബുധനാഴ്ച ഉല്പാദനം വർദ്ധിപ്പിച്ചതാണ് ജലനിരപ്പ് കുറയാൻ കാരണം. നീരൊഴുക്കിലും കുറവുണ്ടായി.

ഉല്പാദനം നടത്തുന്നതിൽ പ്രതിസന്ധിയുണ്ടെങ്കിലും പുറത്തു നിന്ന് ഇപ്പോൾ ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നുണ്ട്. നേരത്തെ നിശ്ചയിച്ച ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലുള്ള വൈദ്യുതിയാണ് ഇപ്പോൾ ലഭിക്കുന്നത്. കഴിഞ്ഞ ആഴ്ച ശരാശരി 62 ദശലക്ഷം യൂണിറ്റായിരുന്നു പുറത്തു നിന്ന് വാങ്ങിയിരുന്നത്. ബുധനാഴ്ച ഉല്പാദനം 20 ലക്ഷം യൂണിറ്റ് കൂടി വർദ്ധിപ്പിച്ചപ്പോൾ പുറത്തു നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവ് 60 ദശലക്ഷമായി കുറയ്ക്കുകയായിരുന്നു. വരും ദിവസങ്ങളിലും വൈദ്യുതി ഈ അളവിൽ ലഭിക്കും. ഈ സാഹചര്യത്തിലാണ് വൈദ്യുതി നിയന്ത്രണം തൽക്കാലം വേണ്ടെന്ന് ബോർഡ് യോഗം തീരുമാനിച്ചത്. 15 ന് വീണ്ടും യോഗം ചേർന്ന് സ്ഥിതി വിലയിരുത്തിയ ശേഷമായിരിക്കും അന്തിമ തീരുമാനം. എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളോട് ചില നിയന്ത്രണങ്ങൾ വേണമെന്ന് 15 ന് ശേഷം ആവശ്യപ്പെടുമെന്ന് ബോർഡ് ചെയർമാൻ എൻ.എസ്. പിള്ള പറഞ്ഞു.

# പൊലീസിലെ ക്രിമിനലുകളുടെ പട്ടികയുമായി ഡിജിപി

ബി.വി. അരുൺ കുമാർ

തിരുവനന്തപുരം: പൊലീസിലെ ക്രിമിനലുകളുടെ പട്ടിക തയാറാക്കാനൊരുങ്ങി ഡിജിപി ലോക്നാഥ് ബഹ്റ. ഈ ദൗത്യം സ്വന്തമായി ഏറ്റെടുത്തിരിക്കുകയാണ് അദ്ദേഹം. ഏതെങ്കിലും ഉദ്യോഗസ്ഥരെ ഏൽപ്പിച്ചാൽ സ്വാധീനമുപയോഗിച്ച് ചിലർ പട്ടികയിൽ നിന്ന് രക്ഷപ്പെടാൻ സാദ്ധ്യതയുള്ളതിനാലാണ് ഡിജിപി ഇക്കാര്യത്തിന് മുന്നിട്ടിറങ്ങിയത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടവർ തന്നെ നിയമം കൈയിലെടുത്ത് പെരുമാറുന്നത് ശരിയല്ലെന്നാണ് ഡിജിപിയുടെ നിലപാട്. ഇത്തരക്കാരെ കണ്ടെത്തി പൊലീസിൽ നിന്ന് പിരിച്ചുവിടണമെന്ന് കാട്ടി കഴിഞ്ഞ ദിവസം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഡിജിപി കത്ത് നൽകിയിരുന്നു. പൊലീസുകാർ ഉൾപ്പെടുന്ന കേസുകളിൽ അന്വേഷണം 30 ദിവസത്തിനകം പൂർത്തിയാക്കി കുറ്റക്കാരായവരെ പിരിച്ച് വിടാൻ പൊലീസ് ഡിപ്പാർട്ട്മെന്റ് ആൻഡ് അപ്പീൽ റൂൾസ് ഭേദഗതി ചെയ്യണമെന്നാണ് ഡിജിപി നിർദ്ദേശം നൽകിയത്. നെടുങ്കണ്ടം കസ്റ്റഡി മരണത്തിൽ എസ് ഐ ഉൾപ്പെടെയുള്ള പൊലീസുകാർ ഉൾപ്പെട്ടിട്ടുണ്ടെന്നു കണ്ടതോടെയാണ് ഡിജിപിയുടെ ഇടപെടൽ.

2018 ഏപ്രിലെ വിവരാവകാശരേഖ പ്രകാരം പൊലീസ് സേനയിൽ 1129 ക്രിമിനൽ കേസ് പ്രതികളുണ്ടെന്നാണ് കണക്ക്. ഇവരിൽ ഇവരിൽ 215 പേർ തിരുവനന്തപുരത്ത് ജോലിചെയ്യുന്നവരാണ്. സംസ്ഥാന പൊലീസിലെ 10 ഡിവൈ.എസ്.പിമാരും 46 സി.ഐമാരും എസ്.ഐ, എ.എസ്.ഐ റാങ്കിലുള്ള 230 പേരും ക്രിമിനൽ കേസുകളിൽ പ്രതികളാണ്. സ്ത്രീധന പീഡനം, കൈക്കൂലി, പരാതിക്കാരെ ഉപദ്രവിക്കൽ, കസ്റ്റഡി മർദ്ദനം തുടങ്ങിയ കേസുകൾ കണക്കാക്കിയാണ് പട്ടിക തയാറാക്കിയത്. പട്ടികയിലുള്ള ഭൂരിഭാഗം ആളുകളും ഇപ്പോഴും സേനയിലുണ്ടെന്നും വിവരാവകാശ രേഖയിൽ പറഞ്ഞിരുന്നു. 2011ലാണ് കേരളാ പൊലീസിലെ ക്രിമിനൽ കേസിൽ പ്രതികളായ പൊലീസുകാരുടെ പട്ടിക തയാറാക്കാൻ ഹൈക്കോടതി ആവശ്യപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി റാങ്കിലുള്ള ഉദ്യോഗസ്ഥനെ അധ്യക്ഷനാക്കി ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിന് ശേഷമാണ് പട്ടിക പുറത്തുവന്നത്.

# തെളിവെടുപ്പിനിടെ കഞ്ചാവ് കേസിലെ പ്രതി ചാടിപ്പോയി

- രക്ഷപ്പെട്ടത് കേരളത്തിലേക്ക് ലഹരിക്കടത്ത് നിയന്ത്രിച്ചിരുന്ന ജോർജ്കുട്ടി
- കടന്നത് ബംഗളൂരുവിൽ വച്ച്

തിരുവനന്തപുരം: മയക്കുമരുന്ന് കേസിലെ പ്രതി തെളിവെടുപ്പിനിടെ എക്സൈസ് കസ്റ്റഡിയിൽ നിന്ന് ചാടിപ്പോയി. 20 കോടി രൂപയുടെ മയക്കുമരുന്ന് കേസിലെ പ്രതി ജോർജ്കുട്ടിയാണ് ബംഗളൂരുവിലെ തെളിവെടുപ്പിനിടെ എക്സൈസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് രക്ഷപ്പെട്ടത്.

ഇന്നലെ ഇയാളുടെ ബംഗളൂരുവിലെ താമസസ്ഥലത്തേക്ക് പോകുംവഴിയായിരുന്നു സംഭവം. കോവളം വാഴമുട്ടത്ത് നിന്നാണ് ജോർജ്കുട്ടി കാറിന്റെ രഹസ്യ അറയിൽ കടത്താൻ ശ്രമിച്ച 20 കോടി രൂപയുടെ ഹാഷിഷ് ഓയിലും കഞ്ചാവും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്‌ക്വാഡ് പിടികൂടിയത്.

കേരളത്തിലേക്കുള്ള ലഹരി കടത്ത് നിയന്ത്രിച്ചിരുന്ന ജോർജ് കുട്ടിയെ മയക്കുമരുന്നമായി പിടികൂടാൻ കഴിഞ്ഞത് എക്സൈസിനും പൊലീസിനും ഏറെ ആശ്വാസമായിരുന്നു. ഇയാളെ പിടികൂടിയ ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രി പ്രത്യേക അവാർഡ് നൽകുകയും

ചെയ്തിരുന്നു. മയക്കുമരുന്ന് വേട്ടക്കിടെ തൃപ്പൂണിത്തുറയിൽ വച്ച് പൊലീസുകാരെ കുത്തിക്കൊല്ലാൻ ശ്രമിച്ചതുൾപ്പെടെ 20 കേസുകളിൽ പ്രതിയാണ് കോട്ടയം ഏറ്റുമാനൂർ സ്വദേശിയായ ജോർജ് കുട്ടി. ബംഗളൂർ ആസ്ഥാനമാക്കിയായിരുന്നു ഇയാളുടെ പ്രവർത്തനങ്ങൾ.

തെളിവെടുപ്പിനായി കസ്റ്റഡിയിൽ വാങ്ങിയ ജോർജ് കുട്ടിയുമായി ബുധനാഴ്ച രാവിലെയാണ് എക്സൈസ് സംഘം ബംഗളൂരുവിലേക്ക് തിരിച്ചത്. രണ്ട് എക്സൈസ് ഇൻപെക്ടർമാരും, രണ്ട് സിവിൽ എക്സൈസ് ഓഫീസർമാരുമാണ് സംഘത്തിലുണ്ടായിരുന്നത്. കമ്പം, തേനി എന്നിവിടങ്ങളിൽ സംഘം തെളിവെടുപ്പ് നടത്തി.

വാഹനത്തിൽ രഹസ്യ അറ നിർമ്മിച്ച വർക് ഷോപ്പിലും കൊണ്ടു പോയി തെളിവെടുത്ത ശേഷം ബംഗളൂരുവിലേക്ക് കൊണ്ടുപോവുകയായിരുന്നു. മൂത്രമൊഴിക്കണമെന്നു പറഞ്ഞപ്പോൾ ഒരു കൈയിലെ വിലങ്ങ് അഴിച്ചുകൊടുത്തു. ഈസമയമാണ് കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥരെ ആക്രമിച്ച് പ്രതി രക്ഷപ്പെട്ടത്.

ഇന്നലെ ഉച്ചയ്ക്ക് മജസ്റ്റിക് റെയിൽവേ സ്റ്റേഷനിൽ വച്ച് ജോർജ്കുട്ടി രക്ഷപ്പെട്ടെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. കർണാടക പൊലീസിന്റെ സഹായത്തോടെ അന്വേഷണം ആരംഭിച്ചു.

പാലക്കാട് നിന്നും തിരുവനന്തപുരത്ത് നിന്നും നിരവധി എക്സൈസ് ഉദ്യോഗസ്ഥരും ബംഗളൂരുവിലെത്തിയിട്ടുണ്ട്.

## സഹകരിക്കാതെ ബംഗളൂരു പൊലീസ്

തിരുവനന്തപുരം: പ്രതി ചാടിപ്പോയ സംഭവത്തിൽ കേരളത്തിലെ അന്വേഷണ സംഘത്തോട് സഹകരിക്കാതെ ബംഗളൂരു പൊലീസ്. ചാടിപ്പോയ ഉടൻതന്നെ ഉദ്യോഗസ്ഥർ ബംഗളൂരു പൊലീസിനെ വിവരം അറിയിച്ചെങ്കിലും കഞ്ചാവ് ലോബിയുമായി ബന്ധമുള്ളതിനാൽ കാര്യമായ ഇടപെടൽ ബംഗളൂരു പൊലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല. ബംഗളൂരു പൊലീസിലെ ചിലർ കേരളത്തിലെ ഉദ്യോഗസ്ഥരുടെ സുഹൃത്തുക്കളാണ്. അവരുടെ സേവനം മാത്രമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. അവർക്ക് സംശയമുള്ള പ്രദേശങ്ങൾ അരിച്ചുപെറുക്കുകയാണെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. ഒരു കൈയിൽ വിലങ്ങുള്ളതിനാൽ ജോർജ്കുട്ടി അധിക ദൂരമൊന്നും പോകാൻ സാദ്ധ്യതയില്ലെന്നാണ് നിഗമനം. അതീവ രഹസ്യമായാണ് ബംഗളൂരുവിലേക്ക് പ്രതിയെ തെളിവെടുപ്പിന് കൊണ്ടുപോയത്. കഞ്ചാവ് മാഫിയയുമായി ബംഗളൂരു പൊലീസിന് വഴിവിട്ട ബന്ധമാണുള്ളത്. മാസംതോറും ഇവർ വൻ തുകയാണ് കിമ്പളമായി പൊലീസുകാർക്ക് നൽകുന്നത്. ഇതിനുള്ള പ്രത്യുപകാരമാണ് മറ്റു സംസ്ഥാനങ്ങളിലെ പൊലീസുകാരോട് സഹകരിക്കാതിരിക്കുന്നത്.




കുറവൻകോണത്ത് പ്രവർത്തനം തുടങ്ങിയ ബാബ് റസ്റ്റാറന്റ്

## അറേബ്യൻ-ടർക്കിഷ് വിഭവങ്ങളുമായി ബാബ് അറേബ്യ

തിരുവനന്തപുരം: അറേബ്യൻ-ടർക്കിഷ് വിഭവങ്ങളുമായി ബാബ് അറേബ്യയ റസ്റ്റാറന്റ് കുറവൻകോണത്ത് പ്രവർത്തനം തുടങ്ങി. ഈ വിഭവങ്ങൾ ലഭിക്കുന്ന തലസ്ഥാനത്തെ ആദ്യ റസ്റ്റാറന്റാണിത്. അറേബ്യൻ-ടർക്കിഷ് വിഭവങ്ങളുടെ വ്യത്യസ്ത ഭക്ഷണ ഇനങ്ങളുടെ നീണ്ട നിര തന്നെ ഇവിടെ ഒരുക്കിയിട്ടുണ്ട്. തികച്ചും അറബിക് ശൈലിയിലാണ് റസ്റ്റാറന്റ് രൂപകൽപന ചെയ്തിരിക്കുന്നത്. അകത്തളങ്ങളും അറബിക് രീതിയിലുള്ളതാണ്.

## നികുതി വെട്ടിച്ച 6 കോർപറേഷൻ ഉദ്യോഗസ്ഥരുടെ തൊപ്പി തെറിച്ചു

- സസ്പൻഷൻ 3 ബിൽ കളക്ടർമാർക്കും 3 റവന്യൂ ഇൻസ്പെക്ടർമാർക്കും

തിരുവനന്തപുരം: സാമ്പത്തിക ക്രമക്കേടു നടത്തിയതിന്റെ പേരിൽ ആറു കോർപറേഷൻ ജീവനക്കാർക്ക് സസ്പെൻഷൻ. കോർപറേഷന്റെ റവന്യൂ വിഭാഗത്തിലെ ജീവനക്കാരെയാണ് മേയർ വി. കെ പ്രശാന്ത് സസ്പെന്റ് ചെയ്തത്. നഗരവാസികളിൽ നിന്നു പിരിച്ചെടുത്ത നികുതിപ്പണത്തിൽ തിരിമറി നടത്തിയതിനാണ് നടപടി. ഇവർ പണം വെട്ടിച്ചെന്ന് ഓഡിറ്റിംഗിൽ കണ്ടെത്തിയിരുന്നു. മൂന്ന് റവന്യൂ ഇൻസ്പെടക്ടർമാർക്കും മൂന്ന് ബിൽ കളക്ടർമാർക്കും എതിരെയാണ് നടപടി. പിരിച്ചെടുത്ത നികുതിപ്പണം അടയ്ക്കുന്നതിൽ മൂന്ന് ബിൽ കളക്ടർമാർ ബോധപൂർവമായ കാലതാമസം വരുത്തിയെന്ന് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നു. പണം കൃത്യ സമയത്ത് അടയ്ക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനുള്ള ചുമതല റവന്യൂ ഇൻസ്പെക്ടർമാർ നിർവഹിച്ചില്ലെന്നും പരിശോധനയിൽ കണ്ടെത്തി. മൂന്നു മാസത്തിലൊരിക്കലാണ് ബിൽ കളക്ടർമാർ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് നികുതി പിരിച്ചെടുക്കുന്നത്. ഈ പണമാണ് അനാവശ്യമായി കൈവശം വച്ചത്.

ഇക്കാര്യം ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മെമ്മോ നൽകിയിരുന്നു. എന്നാൽ ഈ മെമ്മോയ്ക്ക് മറുപടി നൽകാൻ ഉദ്യോഗസ്ഥർ തയാറായില്ല. പെർഫോമൻസ് ഓഡിറ്റ് വിഭാഗം ഇക്കാര്യം വീണ്ടും ചൂണ്ടിക്കാട്ടി. തുടർന്ന് മേയർ ഇതു സംബന്ധിച്ച ഫയൽ വിളിച്ചു വരുത്തി സസ്പെൻഷൻ ഉത്തരവിറക്കുകയായിരുന്നു. നേരത്തേയും ബിൽ കളക്ടർമാർ ജനങ്ങളിൽനിന്ന് വാങ്ങുന്ന പണം കൃത്യമായി അടയ്ക്കുന്നില്ലെന്ന് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയിരുന്നു. ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തണമെന്ന് ഇവർക്ക് മുന്നറിയിപ്പും നൽകിയിരുന്നതാണ്. എന്നാൽ തിരിമറി നടത്തുകയും അത് സമർത്ഥമായി മൂടിവയ്ക്കുകയുമാണ് റവന്യൂ വിഭാഗം ചെയ്തത്.ജനങ്ങളിൽ നിന്ന് വാങ്ങിയ പണം കീശയിലാക്കുകയും വീണ്ടുംനികുതി ഒടുക്കാൻ നാട്ടുകാർക്കു മേൽ സമ്മർദ്ദം ചെലുത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ കോർപറേഷൻ ധനകാര്യ വിഭാഗത്തിന് ലഭിച്ചിരുന്നു. എന്നാൽ ഇതിൽ പലതിനും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. പല നികുതി പിരിവുകൾക്കും രസീതും നൽകാറില്ലെന്ന് പരാതിയുണ്ട്.

## പ്രതിഷ്ഠാദിന മഹോൽസവം

തിരുവനന്തപുരം: കുമാരപുരം അവിട്ടം റോഡിലെ കോയിക്കൽ പള്ളിയറ ഭഗവതി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന മഹോൽസവം ശനിയാഴ്ച നടക്കും. കൂട്ടുഗണപതി ഹോമം, കലശാഭിശേകം, കളഭാഭിഷേകം, അന്നദാനം, പുഷ്പാഭിഷേകം എന്നിവ ഉണ്ടാകും

## വാഹനാപകടത്തിൽ യുവാവ് മരിച്ചു



നാസറുദ്ദീൻ

വള്ളക്കടവ്: വാഹനാപകടത്തിൽ യുവാവ് മരിച്ചു.പതിനാറ്കൽ മണ്ഡപത്തിന് സമീപം നൂറുദ്ദീന്റെ മകൻ നാസറുദ്ദീ (30)നാണ് ഇന്നലെ പുലർച്ചെ ഈഞ്ചക്കലിലുണ്ടായ വാഹനാപകടത്തിൽ മരിച്ചത്.മാതാവ്: റംല. സഹോദരങ്ങൾ:നജിമുദ്ദീൻ, നജിമുനിസ

## കവിത പ്രകാശനം

തിരുവനന്തപുരം: രമാ പി. പിഷാരടിയുടെ കവിത സമാഹാരത്തിന്റെ സംസ്ഥാനത്തെ പ്രകാശനം ഈ മാസം ഏഴിന് രാവിലെ 10.00 ന് വൈലോപ്പിള്ളി ഹാളിൽ വച്ച് നടക്കും.

### മേയറെ ആക്രമിച്ച കേസ്

## ബിജെപി കൗൺസിലറടക്കം 21 പേർക്കെതിരെ കുറ്റപത്രം

തിരുവനന്തപുരം: മേയർ വി കെ പ്രശാന്തിനെ ആക്രമിച്ച കേസിൽ ബിജെപി കൗൺസിലറടക്കം 21 പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചു. തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രം കോടതിയിൽ മ്യൂസിയം പൊലീസാണ് കുറ്റപത്രം സമർപ്പിച്ചത്. 2017 നവംബർ 18 നാണ് ആക്രമണമുണ്ടായത്. കൗൺസിൽ ഹാളിൽ നടന്ന സംഘർഷവുമായി ബന്ധപ്പെട്ട കേസിൽ വധശ്രമം, ഗൂഡാലോചന, ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തൽ എന്നീ കുറ്റങ്ങളാണ് ബിജെപി കൗൺസിലർമാർക്കെതിരെ ചുമത്തിയിരിക്കുന്നത്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കയ്യാങ്കളിയിലെത്തിയത്. മേയറെ ഒരുകൂട്ടം ബിജെപി കൗൺസിലർമാർ ചേർന്ന് ഭിത്തിയിൽ ചേർത്ത് തള്ളുകയായിരുന്നെന്ന് ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു. തുടർന്ന് നഗരസഭയുടെ മുകളിലത്തെ നിലയിലേക്ക് പോകാൻ ശ്രമിച്ച മേയറെ കൗൺസിലർമാർ ചേർന്ന് തള്ളിയിടുകയായിരുന്നു.



പ്രതിപക്ഷ കൗൺസിലർമാരുടെ കൈയേറ്റ ശ്രമത്തിനിടെ നിലത്ത് വീണ മേയർ വി.കെ. പ്രശാന്ത് (ഫയൽ ചിത്രം)

നിലത്ത് വീണ മേയർക്ക് കാലിനാണ് പരിക്കേറ്റത്.

ഹൈമാസ്റ്റ് ലൈറ്റ് പ്രശ്നത്തിലായിരുന്നു കൗൺസിൽ യോഗത്തിനിടെ പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തെത്തിയത്. കൗൺസിൽ യോഗം കഴിഞ്ഞു പോയ മേയർ വി.കെ. പ്രശാന്തിനെ പ്രതിപക്ഷ പാർട്ടി നേതാവ് ഗിരികുമാറിന്റെ നേതൃത്വത്തിൽ കയ്യേറ്റം ചെയ്യുകയായിരുന്നു. സംഭവത്തിൽ പരിക്കേറ്റു നിലത്തുവീണ മേയറെ മറ്റ് എൽഡിഎഫ് കൗൺസിലർമാർ ചേർന്നാണ് രക്ഷിച്ചത്. ആക്രമണത്തിൽ കാലിനും നെഞ്ചിനും പരിക്കേറ്റ മേയറെ മെഡിക്കൽ കോളജ് ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിലും പ്രവേശിപ്പിച്ചിരുന്നു. എൽഡിഎഫ് കൗൺസിലർമാരായ റസിയാബീഗം, സിന്ധു, മേയറുടെ സുരക്ഷാ ജീവനക്കാരൻ മോഹൻ, പിഎ ജിൻരാജ്, എന്നിവർക്കും പരിക്കേറ്റിരുന്നു.

2017 നവംബർ 18ന് ഉച്ചയ്ക്കാണ് സംഭവം നടന്നത്. എംപിമാരും എംഎൽഎമാരും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതു താൽക്കാലികമായി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടു മേയർ കത്തയച്ചിരുന്നു. ഇതു പിൻവലിക്കണമെന്നാവശ്യപ്പെട്ടു ബി ജെ പി കൗൺസിലർ ഗിരികുമാർ പ്രമേയം അവതരിപ്പിക്കാൻ ശ്രമിച്ചു. ഇതു നിയമവിരുദ്ധമാണെന്നും മേയർ അയച്ച കത്ത് പിൻവലിക്കണമെന്ന് കൗൺസിലർക്ക് ആവശ്യപ്പെടാൻ സാധിക്കില്ലെന്നും മേയർ റൂളിംഗ് നൽകി. ഇതിനു പിന്നാലെ ബിജെപി പ്രതിഷേധവുമായി മേയറുടെ ചേംബറിലേക്ക് എത്തുകയായിരുന്നു.

## കാർഷിക മേഖലയിലൂന്നിയുള്ള വികസനത്തിന് ഊന്നൽ നൽകണം: കുമ്മനം

തിരുവനന്തപുരം: കൃഷി ജീവിതചര്യയാക്കി കാർഷിക മേഖലയിലൂടെയുള്ള വികസനത്തിന് ഊന്നൽ നൽകാൻ ജനങ്ങൾ മുന്നോട്ട് വരണമെന്ന് മിസോറം മുൻ ഗവർണർ കുമ്മനം രാജശേഖരൻ.

24-ാമത് പി. എൻ പണിക്കർ ദേശീയ വായന-മാസാചരണത്തിന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച 'ഹൈടെക് കൃഷി സാമാന്യ ജനങ്ങൾക്ക് 'എന്ന ത്രിദിന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാർഷിക മേഖലയിൽ ഇന്ന് ഒരു ഉണർവ് ഉണ്ടായിട്ടുള്ളത് സന്തോഷകരമാണ്. കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ ശാസ്ത്രീയ കൃഷി വ്യാപിപ്പിക്കാനുള്ള കർമ്മ പദ്ധതികൾ കൂടുതൽ ജനകീയമാക്കണമെന്നും കുമമനം പറഞ്ഞു. മുൻ എം. പി പന്ന്യൻ രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പി.എൻ പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ മുഖ്യ പ്രഭാഷണം നടത്തി.

ആഗോള കാർഷിക വിദഗ്ദ്ധൻ ഡോ.കമലാസനൻ പിള്ള, കൃഷിവകുപ്പിലെ റിസർച്ച് എൻജിനീയർ സി.എൻ ലാൽ, കൃഷി വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ ആർ.എം അരുൾ എന്നിവർ സംസാരിച്ചു. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ശിൽപശാലയിൽ അറുപതോളം യുവകർഷകർ പങ്കെടുക്കുന്നു.

## പഴവങ്ങാടി ഗണപതി ക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠ ചടങ്ങുകൾ ഇന്ന് മുതൽ

തിരുവനന്തപുരം:പഴവങ്ങാടി മഹാഗണപതി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠ -കുംഭാഭിഷേക ചടങ്ങുകൾക്ക് ഇന്ന് തുടക്കമാകും. ഇന്ന് മുതൽ 16 വരെയാണ് ചടങ്ങുകൾ. ഇപ്പോഴത്തെ താൽക്കാലിക വാതിൽ അടച്ച ശേഷം വടക്ക് വശത്തു നിർമ്മാണം പൂർത്തിയായ പുതിയ കവാടത്തിലൂടെയാകും ദർശനത്തിനെത്തുന്നവരെ പ്രവേശിപ്പിക്കുക. 10,11 തീയതികളിൽ ദർശനത്തിനു നിയന്ത്രണം ഉണ്ടാകും. 11ന് രാവിലെ പതിനൊന്നിനും 11.40നും മദ്ധ്യേയാണ് പുനപ്രതിഷ്ഠ.

## തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ കൊടിമര പ്രതിഷ്ഠ

തിരുവനന്തപുരം: ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ കൊടിമരം തന്ത്രി നെടുമ്പുള്ളി ബ്രഹ്മശ്രീ തരണനെല്ലൂർ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമികത്വത്തിൽ പ്രതിഷ്ഠിച്ചു.ചടങ്ങിൽ ക്ഷേത്ര സ്ഥാനി മൂലം തിരുന്നാൾ രാമവർമ സന്നിഹിതനായിരുന്നു. ഒരു വർഷം മുമ്പ് കോന്നിയിൽ നിന്നും നിലം തൊടാതെ കൊണ്ട് വന്ന തേക്ക് മരമാണ് കൊടിമരത്തിനായി സജ്ജമാക്കിയത്.

## കനകനഗറിൽ കുടിവെള്ള പ്രശ്നം പരിഹരിച്ചു

തിരുവനന്തപുരം: വാട്ടർ അതോറിറ്റിയുടെ ആധുനിക സജ്ജീകരണങ്ങൾ ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണിയിലൂടെ വെള്ളയമ്പലം കനകനഗറിലെ കുടിവെള്ളപ്രശ്നം പരിഹരിച്ചു.

പിഎച്ച് ഡിവിഷൻ നോർത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ആർ.വി.സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തിയ ശേഷം ചോർച്ച നിർണയ വിദഗ്ദ്ധ സംഘത്തിലെ അസിസ്റ്റന്റ് എൻജിനീർ നികസണും സംഘവും മണ്ണ് കുഴിക്കാതെ ചോർച്ച കണ്ടെത്താൻ കഴിയുന്ന അത്യാധുനിക യന്ത്രം ഉപയോഗിച്ച് ഭൂമിക്കടിയിലെ പൈപ്പ്ലൈൻ ചോർച്ച കണ്ടെത്തുകയായിരുന്നു. അവിടം കുഴിച്ച് പരിശോധന നടത്തിയപ്പോൾ വലിയൊരു ഗർത്തം കണ്ടെത്തി.

തുടർന്ന് അതിവേഗം അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പൂർവസ്ഥിതിയിലാക്കി. കനകനഗർ പ്രദേശത്ത് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ഏറെ ശ്രമം നടത്തിയിരുന്നെങ്കിലും പ്രശ്നപരിഹാരമുണ്ടായിരുന്നില്ല. വാൽവുകൾ പരിശോധന നടത്തിയിട്ടും തകരാർ കണ്ടെത്താനും കഴിഞ്ഞിരുന്നില്ല. പിടിപി നഗർ ജലസംഭരണിയിൽ നിന്ന് അധികമായി ജലം എത്തിച്ചുവെങ്കിലും ഉയർന്ന പ്രദേശമായ ഇവിടെ ജലക്ഷാമം മറികടക്കാൻ കഴിഞ്ഞിരുന്നില്ല.



കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ 45-ാം സംസ്ഥാന സമ്മേളനം വെള്ളയമ്പലം പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ജനറൽ സെക്രട്ടറി എം. മനോഹരൻ, സംസ്ഥാന പ്രസിഡന്റ് എം.എസ്. ബിനുകുമാർ, കെ. സേതുമാധവൻ, റോഷ്നി, എസ്.എൽ. രാജേഷ് തുടങ്ങിയവർ സമീപം

## തെറ്റിയാർ ശുചീകരണം ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: നഗരസഭ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന തെറ്റിയാർ ശുചീകരണ പരിപാടി സഹകരണ- ടൂറിസം- ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടിൽ നിന്നുള്ള 25 ലക്ഷം രൂപയാണ്

തെറ്റിയാർ ശുചീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്. നഗരസഭാ പരിധിയിലെ 12 ിലോമീറ്ററോളം ദൂരം വരുന്ന തെറ്റിയാർ തോടിലെ മാലിന്യം നീക്കം ചെയ്യുന്നതിനും, തീരം സംരക്ഷിക്കുന്നതിനും,തെറ്റിയാറിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുമുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത്. കുളത്തൂർ എസ്.എൻ.എം.വായനശാലയ്ക്ക് സമീപം നടന്ന ഉദ്ഘാടന പരിപാടിയിൽ മേയർ അഡ്വ. വി.കെ.പ്രശാന്ത് അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചീഫ് ജനറൽ മാനേജർ വി.സി.അശോകൻ മുഖ്യാതിഥിയായിരുന്നു. കൗൺസിലർമാരായ മേടയിൽ വിക്രമൻ, സുനി ചന്ദ്രൻ, ശിവദത്ത് എന്നിവർ സംസാരിച്ചു.

## ധാരണാപത്രം ഒപ്പിട്ടു

തിരുവനന്തപുരം: കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ്പ്രിന്റിംഗ് ട്രെയിനിംഗ്-ന് കീഴിലുള്ള സി-ആപ്റ്റ് മൾട്ടിമീഡിയ അക്കാദമിയും, ടാലി ബ്രാൻഡ് നാമം ഉപയോഗിച്ച് വിലയിരുത്തലുകളും, സർട്ടിഫിക്കേഷനും രൂപകൽപന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ടാലിസൊല്യൂഷൻസ് അധികാരപ്പെടുത്തിയ ഏക സ്ഥാപനമായ ടാലി എഡ്യൂക്കേഷൻ പ്രൈവറ്റ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പു വച്ചു.വ്യവസായ മാനദണ്ഡങ്ങൾക്കനുസൃതമായി സി-ആപ്റ്റിന്റെ ടാലി കോഴ്സുകൾ പരിഷ്കരിക്കാൻ ഈ ധാരണാപത്രത്തിലൂടെ ടാലി എഡ്യൂക്കേഷൻ സി-ആപ്റ്റിനെ സഹായിക്കും.

## യൂണിവേഴ്സിറ്റി ലൈബ്രറി ഫീസ് വർദ്ധനവ്: ഉത്തരവ് മരവിപ്പിക്കാൻ നിർദ്ദേശം

തിരുവനന്തപുരം:യൂണിവേഴ്സിറ്റി ലൈബ്രറിയിൽ വിദ്യാർത്ഥികൾ ഒഴികെയുള്ള ഗ്രാജ്വേറ്റ് അംഗങ്ങളുടെ അംഗത്വ ഫീസ് വർദ്ധിപ്പിച്ച ഉത്തരവ് മരവിപ്പിച്ചു. പ്രതിഷേധം ശക്തമായതിനെ തുടർന്നാണ് നടപടി. ഇത് സംബന്ധിച്ച് പരാതികളെല്ലാം സിൻഡിക്കേറ്റ് തീരുമാനത്തിനായി സമർപ്പിക്കാനും വൈസ് ചാൻസിലർ ഉത്തരവിട്ടു.

വിവിധ മേഖലകളിൽ നിന്ന് നിരവധി പരാതികളാണ് ഇതുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് ലഭിച്ചു. യൂണിവേഴ്സിറ്റി വായനശാലയിൽ ബിരുദധാരികൾക്കുള്ള അംഗത്വ നിരക്ക് 160ൽ നിന്നും 1050 ആയും, ഡെപ്പോസിറ്റ് തുക 300ൽ നിന്നും 2000 ആയും ഉയർത്തികൊണ്ടുള്ള ഉത്തരവാണ് അസാധുവാക്കിയത്. ഇന്നലെ മുതൽ നിലവിൽ വന്ന ഈ നിരക്ക് തലേ ദിവസം മാത്രമാണ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചതെന്നും പരാതിയുണ്ടായിരുന്നു. വർഷങ്ങൾക്ക് മുൻപേ തുടങ്ങിയ പദ്ധതിയാണ് പബ്ലിക് ഗ്രാജ്വേറ്റ് മെമ്പർഷിപ്പ്. പൊതു ജനങ്ങളിൽ വായന പ്രോത്സാഹിപ്പിക്കുവാനും നഗരത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന വായനശാല എന്ന നിലയിലുമാണ് ഈ പദ്ധതി ആരംഭിച്ചത്. 150 രൂപയായിരുന്നു അംഗത്വ നിരക്ക് കഴിഞ്ഞയാഴ്ചയാണ് പത്തു രൂപ കൂടി 160 ആക്കിയത്. അതിനു പിന്നാലെയാണ് ഈ ഭീമമായ വർദ്ധനവ് വന്നത്.

## കലാകാരൻമാരുടെ ഡയറക്ടറി

തിരുവനന്തപുരം: ലോകമെമ്പാടും കലാരംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ആർട്ടിസ്റ്റുകളുടെ ഡയക്ടറി ഒരുങ്ങുന്നു. സിനിമ നിർമ്മാണ കമ്പനിയായ രാജീവ് ജോസഫ് ക്രിയേഷൻസും ഗ്ലോബൽ ഇന്ത്യൻ അസോസിയേഷനുംചേർന്നാണ് 'ഷൈനിംഗ് സ്റ്റാർസ് ഓഫ് ഇന്ത്യ' എന്ന പേരിൽ ഡയക്ടറി ഒരുക്കുന്നത്.രാജ്യത്തും വിദേശത്തും സജീവമായി പ്രവർത്തിക്കുന്ന നർത്തകർ, ഗായകർ,നടൻമാർ, സംവിധായകർ, മോഡലുകൾ തുടങ്ങി വിവിധ മേഖലയിലുള്ള കലാകാരൻമാരുടെ പേരു വിവരങ്ങളും ഫോട്ടോയും ഫോൺ നമ്പറും ഉൾപ്പെടുത്തിയാണ് ഡയറക്ടറി പുറത്തിറക്കുന്നത്. ഡയറക്ടറിയിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന കലാകാരൻമാർ 9072795547എന്ന വാട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടണം.

MASTERING YOUR COMMUNICATIVE ENGLISH

Certified Nodal Training Partners of
IDP IELTS & THE BRITISH COUNCIL

നിരവധി വർഷങ്ങളായിട്ട് ഇംഗ്ലീഷ് പഠിച്ചിട്ടും ശ്രമിച്ചിട്ടും അനായാസമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ ഭൂരിഭാഗം ആൾക്കാർക്കും സാധിക്കുന്നില്ല. അതിനുള്ള വഴി മാർഗ്ഗം ഇതാ നിങ്ങൾക്കായ് ഞങ്ങൾ ഒരുക്കുന്നു.
ഇംഗ്ലീഷ് സംസാരിക്കുവാനും എഴുതുവാനും ബുദ്ധിമുട്ടുന്നവർ വളരെ സുതാര്യമായ രീതിയിൽ മുഷിയാതെ ഭാഷ കൈകാര്യം ചെയ്യുവാനായ് ബന്ധപ്പെടുക. ഭാഷാ സംബന്ധമായി പഠിപ്പിക്കുന്നതായിരിക്കും

CONFUSED ABOUT YOUR ENGLISH LANGUAGE COMMUNICATION
BE PART OF AN INTERNATIONAL LANGUAGE PROVIDER...

THE BRITISH INSTITUTES SINCE 1935
AMAN GROUP
Kausthubham, SBI Building, 3rd Floor, Women's College Road, Bakery Junction, TVM-14
Contact: 9656982776, 0471 2328202 | 0471 2328272
www.Amangroup.org | Email: info@Amangroup.org

## വൈദ്യുതി മുടങ്ങും

**കഴക്കൂട്ടം** ഇലക്ട്രിക്കൽ സെക്ഷനിൽ വരുന്ന സമാധി, മേനംകുളം, കഴക്കൂട്ടം ടൗൺ, പുല്ലാന്നിവിള മുതൽ ചേങ്കോട്ടുകോണം വരെയുള്ള പ്രദേശങ്ങളിൽ ഇന്ന് രാവിലെ 9.30 മുതൽ ഭാഗീകമായോ പൂർണ്ണമായോ വൈദ്യുതി മുടങ്ങും.

## ഗ്രന്ഥശാലാ യോഗം

കാട്ടാക്കട: മൈലോട്ടുമൂഴി ജനതാ ഗ്രന്ഥശാലയുടെ വാർഷികാചരണ പരിപാടികളെക്കുറിച്ച് ആലോചിക്കുന്നതിനായി ഗ്രന്ഥശാലാ പ്രവർത്തകയോഗം ഞായറാഴ്ച 5ന് ഗ്രന്ഥശാലാ ഹാളിൽ ചേരുന്ന യോഗം പൂവച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഗ്രന്ഥശാലാ പ്രസിഡന്റ് എ.ജെ. അലക്സ് റോയ് അദ്ധ്യക്ഷത വഹിക്കും. കാട്ടാക്കട താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം സി. മധു, ഗ്രന്ഥാലയ ഉപദേശക സമിതി കൺവീനർ ടി.എസ്. സതികുമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. ഗ്രന്ഥശാലാ പ്രവർത്തകരും യോഗത്തിൽ പങ്കെടുക്കണമെന്ന് സെക്രട്ടറി എ.എസ്. ബൈജു അറിയിച്ചു.

## അദ്ധ്യാപക ഒഴിവ്

മലയിൻകീഴ്: ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു മലയാളം അദ്ധ്യാപകന്റെ താത്കാലിക ഒഴിവുണ്ട്. അഭിമുഖം നാളെ രാവിലെ 10ന്

## ഭാഗവത സപ്താഹയജ്ഞം

പൂവാർ: ഊറ്ററ ശ്രീചിദംബരനാഥ ക്ഷേത്രത്തിലെ ഭാഗവത സപ്താഹയജ്ഞവും പ്രതിഷ്ഠാ വാർഷിക മഹോത്സവവും നാളെ തുടങ്ങി 13ന് സമാപിക്കും. ഭാഗവത സപ്താഹയജ്ഞം യജ്ഞാചാര്യൻ ടി.കെ. രുജു മുഖ്യകാർമ്മികനാകും. പ്രതിഷ്ഠാ വാർഷിക മഹോത്സവം ക്ഷേത്ര തന്ത്രി കെ.കെ. അനുരുദ്ധന്റെ മുഖ്യകാർമ്മികത്വത്തിൽ സഹസ്രകുടം ജലധാരയോടൊപ്പം നടക്കും. ഇന്ന് വൈകിട്ട് 6ന് ഭാഗവത സപ്താഹയജ്ഞത്തിന് ആരംഭമാകും. 7ന് ജ്ഞാപയജ്ഞ ഉദ്ഘാടന സഭ ക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് എം. പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ ഗുരുവായൂർ ദേവസ്വം ബേർഡ് അംഗം ഉഴമലയ്ക്കൽ വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. മതപാഠശാലയുടെ ഉദ്ഘാടനം പ്രമുഖ ചിത്രകാരൻ ശശിഭൂഷൻ നിർവഹിക്കും. ക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി കെ. വിജയകുമാർ, അദ്ധ്യാത്മിക പ്രഭാഷകൻ പാച്ചല്ലൂർ വിജയൻ, യുവജനക്ഷേമ ബോർഡ് അംഗം സന്തോഷ് കാല, ട്രസ്റ്റ് ഖജാൻജി ഷിബു എസ്.ഒ. തുടങ്ങിയവർ സംസാരിക്കും.

# റേഷൻ വ്യാപാരികൾ പ്രക്ഷോഭത്തിലേക്ക്

പൂവാർ: റേഷൻ വ്യാപാരികളുടെ കമ്മീഷൻ എത്രയും വേഗം നൽകണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ വ്യാപാരികൾ പ്രക്ഷോഭം സംഘടിപ്പിക്കുന്നു. വ്യാപാരികൾക്ക് മേയ് മാസത്തെ കമ്മീഷൻ ഇതുവരെ ലഭിച്ചിട്ടില്ല. റേഷൻ വ്യാപാരികളോടുള്ള ഇത്തരം അവഗണന അവസാനിപ്പിക്കണമെന്നും തുച്ഛമായ കമ്മീഷൻ മാത്രം കൊണ്ട് ജീവിതം നയിക്കുന്ന റേഷൻ വ്യാപാരികളെ ദുരത്തിലേക്ക് തള്ളിവിടരുതെന്നും സൗജന്യ റേഷൻ വിതരണം ചെയ്ത തുക അടിയന്തരമായി നൽകണമെന്നും ആവശ്യപ്പെട്ടാണ് സമര പരിപാടികളുമായി മുന്നോട്ടു പോകാൻ താലൂക്ക് കമ്മിറ്റി തീരുമാനിച്ചത്.

പ്രസിഡന്റ് തിരുപുറം ശ്രീകുമാർ, ജനറൽ സെക്രട്ടറി മംഗലത്തുകോണം മോഹൻ, ട്രഷറർ ഉച്ചക്കട ശശികുമാർ സംസ്ഥാന വൈസ്പ്രസിഡന്റ് തിരുപുറം ബാബു ചന്ദ്രനാഥ്, ജില്ലാ വൈസ് പ്രസിഡന്റ് ജോൺ, പൊഴിയൂർ ആന്റണി തുടങ്ങിയവർ പങ്കെടുത്തു

# മത്സ്യതൊഴിലാളികൾക്ക് മണ്ണെണ്ണ പുനഃസ്ഥാപിക്കണം

പൂവാർ: മത്സ്യതൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ജനതാദാക്കൾ എസ്. കരുംകുളം പഞ്ചായത്ത് പ്രവർത്തനയോഗം കേന്ദ്ര സകർക്കാരിനോട് ആവശ്യപ്പെട്ടു.

പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ടി. ഇന്ദിര അദ്ധ്യക്ഷത വഹിച്ച യോഗം ദേശീയ ജനറൽ സെക്രട്ടറി ഡോ. എ. നീലലോഹിതദാസ് ഉദ്ഘാടനം ചെയ്തു.

തെന്നൂർക്കോണം ബാബു, കരുംകുളം വിജയകുമാർ, പുല്ലുവിള വിൻസെന്റ്, റ്റി. പ്രിൻസി, കരിച്ചൽ ജ്ഞാനദാസ്, വി.ബി. രാജൻ, പുല്ലുവിള ജോയി, സിന്ധു ഐവിൻ കെ. സെൽവം, ജോസഫ് പത്ത് തുടങ്ങിയവർ സംസാരിച്ചു.

# കാട്ടാക്കട നിയോജക മണ്ഡലത്തെ ലഹരി വിമുക്തമാക്കാൻ 'കൂട്ട്' പദ്ധതി



'കൂട്ട്' പദ്ധതിക്ക് മുന്നോടിയായി സംഘടിപ്പിച്ച യോഗം ഐ.ബി സതീഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു




കാട്ടാക്കട: ആധുനിക സമൂഹത്തെ കാർന്നു തിന്നുന്ന ലഹരിയെന്ന വൻ വിപത്തിനെ നിർമ്മാർജ്ജനം ചെയ്യാൻ കാട്ടാക്കട മണ്ഡലം ഒരുങ്ങുന്നു. കാട്ടാക്കട മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ഒപ്പം പദ്ധതിയുടെ ഭാഗമായി 'കൂട്ട്' എന്ന പേരിലാണ് പുതിയ പദ്ധതി ആരംഭിക്കുന്നത്. വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം, വില്പന എന്നിവയ്ക്കെതിരെ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും യുവജനങ്ങളെയും ബോധവത്കരിക്കുന്നതിനാണ് പദ്ധതി. ഐ.ബി സതീഷ് എം.എൽ.എയുടെ നേതൃത്വത്തിൽ കൂട്ട് പദ്ധതിയ്ക്ക് തുടക്കം കുറിച്ച് കൊണ്ട് ബുധനാഴ്ച എംഎൽഎ ഹോസ്റ്റലിലെ നിള ബ്ലോക്കിലെ ഹാളിൽ യോഗം ചേർന്നിരുന്നു.

എം.എൽ.എ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ മുഹമ്മദ് ഉബൈദ്, കാട്ടാക്കട പഞ്ചായത്ത് പ്രസിഡന്റ് എസ്. അജിത, വിളവൂർക്കൽ പഞ്ചായത്ത് പ്രസിഡന്റ് വി. അനിൽകുമാർ, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ, മണ്ഡലത്തിലെ വിവിധ സ്കൂളുകളിലെ അദ്ധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു. വിവിധതലങ്ങളിൽ കൂട്ട് കമ്മിറ്റികൾ രൂപീകരിക്കാൻ യോഗത്തിൽ തീരുമാനമായി. വിദ്യാലയങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, എക്സൈസ്, പൊലീസ്, ആന്റി നാർക്കോട്ടിക്ക് സെൽ, വിവിധ രാഷ്ട്രീയ സന്നദ്ധ-യുവജന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റികളായിരിക്കും രൂപീകരിക്കുക. ഐ.ബി. സതീഷ് എം.എൽ.എ ചെയർമാനും ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ കൺവീനറുമായ മണ്ഡലം കമ്മിറ്റിയും രൂപീകരിച്ചു.


20ന് മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലും പഞ്ചായത്തുതല കമ്മിറ്റികളും ഈ മാസം അവസാനത്തിനുള്ളിൽ മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും കൂട്ട് കമ്മിറ്റിയും രൂപീകരിക്കും. തുടർന്ന് വാർഡ് തലം വരെയുള്ള കമ്മിറ്റികൾക്കും രൂപം നൽകും.

ലഹരിക്കെതിരെ അവബോധം നൽകുന്നതിനായുള്ള വിവിധ ബോധവൽക്കരണ പരിപാടികൾ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുക, ലഹരിയുടെ വിപണനവും ഉപഭോഗവും തടയാൻ ജാഗ്രത സമിതികൾ പ്രവർത്തനസജ്ജമാക്കുക, ലഹരിക്ക് അടിമപ്പെട്ടവരെ ലഹരിയിൽ നിന്ന് മോചിപ്പിച്ച് സാധാരണ ജീവിതത്തിലേക്ക് മടക്കികൊണ്ടു വരിക എന്നിവയിലൂടെ കാട്ടാക്കട മണ്ഡലത്തെ സമ്പൂർണ്ണ ലഹരി വിമുക്ത മണ്ഡലമാക്കി മാറ്റുകയാണ് 'കൂട്ട്' പദ്ധതി ലക്ഷ്യം വയ്ക്കുന്നതെന്ന് ഐ.ബി. സതീഷ് എം.എൽ.എ അറിയിച്ചു.

# ലക്ഷാർച്ചന കണ്ട് മടങ്ങുമ്പോൾ ലക്ഷാധിപതിയായി

**'സ്ത്രീശക്തി' ലോട്ടറി നറുക്കെടുപ്പിൽ 2-ാം സമ്മാനമായ അഞ്ചുലക്ഷം രൂപ പ്രേംകുമാറിന്**

ജി.എൽ. അനിൽനാഥ്



പ്രേംകുമാർ തന്റെ ഫ്രൂട്ട് സ്റ്റാളിൽ

പൂവാർ: ലക്ഷാർച്ചന കണ്ട് വീട്ടിലേക്കുള്ള വഴിയിൽ വച്ച് എടുത്ത ലോട്ടറി ടിക്കറ്റ് പ്രേംകുമാറിനെ ലക്ഷാധിപതിയാക്കി. കേരള സർക്കാറിന്റെ 'സ്ത്രീശക്തി' ലോട്ടറിയിലാണ് പ്രേംകുമാറിനെ ഭാഗ്യം തുണച്ചത്.

പൂവാർ കൊല്ലങ്കോട് സ്വദേശിയായ പ്രേംകുമാർ തക്കല കുമാര കോവിലിന് സമീപമുള്ള ഗാന്ധാരിയമ്മൻ കോവിലിൽ നടന്ന ലക്ഷാർച്ചനയിൽ പങ്കെടുത്ത് പാലക്കാട് പുത്തൂർ സ്വദേശിയായ ഭാര്യ അഞ്ജു ലക്ഷ്മിയുമായി ജോലിസ്ഥലമായ പുത്തൂരിലേക്ക് വരുമ്പോഴാണ് വഴിയോര ലോട്ടറി കച്ചവടക്കാരിയും പരിചിതയുമായ അമ്മാളിന്റെ പക്കൽ നിന്നും പ്രേംകുമാർ ലോട്ടറി എടുത്തത്.

ലക്ഷാർച്ചന തൊഴുതാലൊന്നും ഭാഗ്യ കടാക്ഷിക്കില്ല എന്ന ഭാര്യയുടെ അഭിപ്രായം അവഗണിച്ചു കൊണ്ടാണ് പ്രേംകുമാർ ലോട്ടറി എടുത്തത്. രണ്ടു മൂന്ന് ടിക്കറ്റുകൾ കൂടി വിറ്റിരുന്നെങ്കിൽ ഒരു ചായ കുടിക്കാമായിരുന്നു എന്ന അമ്മാളിന്റെ ദവനീയസ്വരമാണ് പ്രേംകുമാറിനെ ലോട്ടറി എടുക്കാൻ പ്രേരിപ്പിച്ചത്. എടുത്ത ടിക്കറ്റ് 'സ്ത്രീശക്തി' യായതിനാൽ നീ തന്നെ വച്ചോള്ളൂവെന്ന് പറഞ്ഞ് ഭാര്യ അഞ്ജുവിനെ ഏൽപ്പിച്ചു കൊണ്ട് പ്രേംകുമാർ പറഞ്ഞത് സമ്മാനം അടിക്കുകയാണെങ്കിൽ പുത്തൂരിലെ എന്റെ ഫ്രൂട്ട്സ് കട വിപുലമാക്കാൻ പതിനായിരം രൂപ എനിക്ക് തന്നാൽ മതിയെന്നാണ്.

സമ്മാനം കിട്ടിയാലും ഇല്ലെങ്കിലും വേളിമല മുരുകന് വെള്ളിയിൽ തീർത്ത ഒരു വേൽ ഞാൻ വാങ്ങി മുരുകന് സമർപ്പിക്കുമെന്ന് അഞ്ജു പറഞ്ഞു. എന്തായാലും നറുക്കെടുപ്പിൽ 2-ാം സമ്മാനമായ അഞ്ചു ലക്ഷം രൂപ അഞ്ജുലക്ഷ്മിക്ക് തന്നെ കിട്ടി.

ലക്ഷാർച്ചനയിൽ തിളങ്ങിയ ഗാന്ധാരിയമ്മയുടെ കൃപയോ, വേളിമല മുരുകന്റെ കടാക്ഷമോ, വേർതിരിച്ചു പറയാൻ പരസ്പരം വിഷമിക്കുന്ന പ്രേംകുമാറും അഞ്ജു ലക്ഷ്മിയും ഭാഗ്യം കടാക്ഷിച്ചതിന്റെ സന്തോഷത്തിലാണ്.



കല്ലമ്പലം പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ടിഷ്യൂ കൾച്ചർ വാഴക്കന്നുകളുടെ വിതരണോദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അടുകൂർ ഉണ്ണി നിർവ്വഹിക്കുന്നു

# കോൺഗ്രസ് പ്രവർത്തകരെ ആക്രമിച്ച കേസിൽ നാലുപേർ അറസ്റ്റിൽ

കല്ലമ്പലം: കെ.എസ്.യു ജില്ലാസെക്രട്ടറിയെയും കോൺഗ്രസ് മണ്ഡലം പ്രസിഡന്റിനെയും ആക്രമിച്ച സംഭവത്തിൽ നാലുപേരെ നഗരൂർ പൊലീസ് അറസ്റ്റ് ചെയ്തു.

കെ.എസ്.യു ജില്ലാ സെക്രട്ടറി സുഹൈൽ, നൗഫൽ എന്നിവരെ ആക്രമിച്ച കേസിൽ നഗരൂർ സ്വദേശികളായ അബ്ദുള്ള, ഫൈസൽ, സാജിദ്, ആരിഫ് എന്നിവരെയാണ് നഗരൂർ പൊലീസ് അറസ്റ്റ് ചെയ്തത്. ഇന്നലെ ആലംകോട് ഗവ. എച്ച്.എസ്.എസിന് മുന്നിൽ വച്ച് നാലംഗ സംഘം സുഹൈലിനെയും നൗഫലിനെയും ആക്രമിക്കുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. സുഹൈലിനും കരവാരം മണ്ഡലം പ്രസിഡന്റ് നൗഫലിനും ഗുരുതരമായി പരിക്കേറ്റു. ഇവരെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ അറസ്റ്റിലായ പ്രതികളെ കോടതിയിൽ ഹാജരാക്കി.

## ഇന്നത്തെ സിനിമ

• കൈരളി (2332747)

**ലൂക്ക** (11.15, 2.30, 6.15, 9.30) **വൈറസ്** (11.15, 2.30) **ആൻഡ് ദി ഓസ്കർ ഗോസ് ടു** (11.15, 2.30, 6.15, 9.30) **തമാശ** (6.15) **നാൻ പെറ്റ മകൻ** (9.30)

• ലെനിൻ സിനിമാസ് (2339977)

**ക്യൂൺ ഓഫ് നീർമാതളം പൂത്തകാലം** (11.30) **ലൂക്ക** (2.30, 6.15, 9.30)

• ന്യൂ (2331222)

**കക്ഷി അമ്മിണിപിള്ള** (11.15, 2.30, 6.15, 9.30) **അന്നബെല്ലെ കംസ് ഹോം** (11.30, 2.30, 4.45) **വൈറസ്** (6.15, 9.30) **ഉണ്ട** (11.30, 02.30, 06.45, 09.45)

• ശ്രീപത്മനാഭ

**ആൻഡ് ദി ഓസ്കർ ഗോസ് ടു** (11.00, 02.30, 06.15, 09.30)

• ധന്യ (2476773)

**കക്ഷി അമ്മിണിപിള്ള** (11.15, 2.30, 6.15, 9.30) **സിന്ധുബാദ്** (11.15, 02.30, 06.15, 09.30)

• ഏരീസ് പ്ളക്സ് എസ്എൽ സിനിമാസ്

**ലൂക്ക** (11.00, 7.00, 10.15) വൈറസ് (4.30, 7.15) **ഉയരെ** (04.30) **കബീർ സിംഗ്** (4.00) **ആൻഡ് ദി ഓസ്കർ ഗോസ് ടു** (2.00, 10.15) **സിന്ധുബാദ്** (1.45, 10.15) **ആർട്ടിക്കിൾ 15** (1.45) **തമാശ** (11.15, 4.30, 7.15) **ഉണ്ട** (11.00, 1.45, 7.30, 10.15) **ക്യൂൺ ഓഫ് നീർമാതളം പൂത്തകാലം** (11.00) **അന്നാബെല്ലെ കംസ് ഹോം** (11.00, 1.45, 4.30, 7.15, 10.15) **കക്ഷി അമ്മിണിപിള്ള** (10.30, 1.15, 7.20, 10.15)

• സെൻട്രൽ മാൾ (2462865)

**ലൂക്ക** (10.00, 1.00, 6.45, 10.00) **അന്നാബെല്ലെ കംസ് ഹോം** (10.10, 5.15, 9.45) **കക്ഷി അമ്മിണിപിള്ള** (10.30, 1.40, 4.00) **വൈറസ്** (10.40, 10.20) **ഉണ്ട** (1.30, 7.30, 10.10) **തമാശ** (2.45, 7.45) **ആൻഡ് ദി ഓസ്കർ ഗോസ് ടു** (4.15) **ടോയ് സ്റ്റോറി 4** (12.30) **കബീർ സിംഗ്** (4.20) **സിന്ധുബാദ്** (7.00)

• കൃപ സിനിമാസ് (7356333911)

**ലൂക്ക** (9.50, 12.30, 7.20, 10.00) **കക്ഷി അമ്മിണിപിള്ള** (9.40, 1.00, 7.00, 10.30) **കബീർ സിംഗ്** (3.40) **സിന്ധുബാദ്** (4.00)

• കലാഭവൻ (2322314)

**ഗ്രാമവാസീസ്** (11.30) **ആൻഡ് ദി ഓസ്കർ ഗോസ് ടു** (02.30, 06.30, 09.30)

• അജന്ത (2472825)

**ലൂക്ക** (10.25, 1.25, 4.25, 7.25, 10.25)

• മാൾ ഓഫ് ട്രാവൻകൂർ: കാർണിവൽ

**ലൂക്ക** (10.40, 2.30, 4.30, 7.45, 10.45) **ഉണ്ട** (9.45, 1.45, 8.00, 10.45) **വൈറസ്** (3.45, 7.30, 10.40) **ആൻഡ് ദി ഓസ്കർ ഗോസ് ടു** (10.00, 1.00, 5.30) **കക്ഷി അമ്മിണിപിള്ള** (10.00, 10.00) **ആർട്ടിക്കിൾ** (10.20) **അന്നബെല്ലെ കംസ് ഹോം** (12.20, 3.10, 5.30) **അലാദിൻ** (12.30) **ക്യൂൺ ഓഫ് നീർമാതളം പൂത്തക്കാലം** (1.15, 7.00) **കബീർ സിംഗ്** (7.00) **സിന്ധുബാദ്** (10.30)

• ഗ്രീൻഫീൽഡ് കാര്യവട്ടം: കാർണിവൽ

ഗ്രാമവാസീസ് (10.00) **ലൂക്ക** (10.00, 1.30, 7.30, 10.20) **ഉണ്ട** (10.30, 7.15, 10.00) **കക്ഷി അമ്മിണിപിള്ള** (10.45, 4.30) **സിന്ധുബാദ്** (12.15, 4.00) **അന്നബെല്ലെ കംസ് ഹോം** (12.45, 5.15, 9.30) **വൈറസ്** (1.00, 4.45) **ആൻഡ് ദി ഓസ്കർ ഗോസ്** ടു (2.45, 6.45) **ടോയ് സ്റ്റോറി** 4 (2.45) **തമാശ** (7.45) **കബീർ സിംഗ്** (10.15)

• ശ്രീവിശാഖ്

**ക്യൂൺ ഓഫ് നീർമാതളം പൂത്തകാലം** (9.00) **സിന്ധുബാദ്** (11.30, 2.30, 6.30, 9.30)

## ബൈക്കുകൾ കൂട്ടിയിടിച്ച് രണ്ടുപേർക്ക് പരിക്ക്

വെഞ്ഞാറമൂട്: ബൈക്കുകൾ കൂട്ടിയിടിച്ച് രണ്ടുപേർക്ക് പരിക്ക്. ഒരാളുടെ നില ഗുരുതരം. ആലന്തറ ശരവണ ഭവനിൽ ശ്രീകുമാർ (63), വെള്ളുമണ്ണടി, വാഴോട്ട്കോണം, തടത്തിൽ പുത്തൻവീട്ടിൽ മഹേഷ് (36) എന്നിവർക്കാണ് പരിക്കേറ്റത്. ഇതിൽ ശ്രീകുമാറിന്റെ നില ഗുരുതരമായി തുടരുന്നു. കഴിഞ്ഞ ദിവസം രാത്രി 10ന് സംസ്ഥാന പാതയിൽ വെഞ്ഞാറമൂട് ആലന്തറ പെടോൾ പമ്പിന് സമീപത്തായിരുന്നു അപകടം. വെഞ്ഞാറമൂട് ഭാഗത്തു നിന്നും കിളിമാനൂർ ഭാഗത്തേയ്ക്ക് പോകുകയായിരുന്ന ബൈക്കും റോഡ് ക്രോസ് ചെയ്ത് വന്ന സ്കൂട്ടറും കൂട്ടിയിടിക്കുകയായിരുന്നു. പരിക്കേറ്റവരെ നാട്ടുകാർ വെഞ്ഞാറമൂട് ശ്രീഗോകുലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് പ്രാഥമിക ചികിത്സ നൽകിയശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു.

## യുഗപ്രതിഭ ക്രിക്കറ്റ് ടൂർണ്ണമെന്റ്

വെഞ്ഞാറമൂട്: വെമ്പായം യുഗപ്രതിഭാ സാംസ്കാരിക കേന്ദ്രത്തിന്റെ പതിനൊന്നാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ക്രിക്കറ്റ് ടൂർണ്ണമെന്റ് ഓഗസ്റ്റ് 23 മുതൽ 25 വരെ വെമ്പായം പ്രിയദർശിനി ഫ്ലഡ് ലിറ്റ് സ്റ്റേഡിയത്തിൽ നടക്കും. ഒന്നാം സ്ഥാനം നേടുന്ന ടീമിന് 25,000 രൂപയും കെ. കരുണാകരൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും രണ്ടാം സ്ഥാനം നേടുന്ന ടീമിന് 10,000 രൂപയുമാണ് സമ്മാനം. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ 30ന് മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9567570715, 9645552226 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# പ്രാവച്ചമ്പലത്ത് പഞ്ചായത്ത് അനുമതിയില്ലാതെ ഷോപ്പിംഗ് കോംപ്ലക്സ്



പ്രാവച്ചമ്പലത്ത് പഞ്ചായത്ത് അനുമതിയില്ലാതെ കെട്ടിയുയർത്തിയ മൂന്നുനില ഷോപ്പിംഗ് കോംപ്ലക്സ്

നേമം: കരമന-കളിയിക്കാവിള ദേശീയപാതയിൽ പ്രാവച്ചമ്പലത്ത് പള്ളിച്ചൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ മൂന്നുനില ഷോപ്പിംഗ് കോംപ്ലക്സ് മന്ദിര നിർമ്മാണമെന്ന് പരാതി. നിരവധി കടമുറികളുമായി കെട്ടിയുയർത്തിയ മൂന്നുനില മന്ദിരം കെട്ടിട നിർമ്മാണ ചട്ടം പാലിച്ചിട്ടില്ലെന്നാണ് ഇടയ്ക്കോട് സ്വദേശി ടി. ഷിജിയ്ക്ക് 2019ൽ വിവരാവകാശത്തിലൂടെ അറിയാൻ കഴിഞ്ഞത്. നിർമ്മാണം നടത്താൻ കഴിയില്ലെന്ന പഞ്ചായത്ത് അധികൃതർ നൽകിയ അറിയിപ്പിനെ മറികടന്നാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് ആക്ഷേപമുണ്ട്. കെട്ടിട നിർമ്മാണത്തിന് ഉടമയ്ക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റിന് വിധേയമായിട്ടല്ല നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന് ഇതുവരെ പള്ളിച്ചൽ പഞ്ചായത്ത് അധികൃതർ നികുതി നിശ്ചയിച്ച് നൽകുകയോ കെട്ടിട നമ്പർ അനുവദിക്കുകയൊ ചെയ്തിട്ടില്ല. സമീപത്തെ കെട്ടിടങ്ങളിൽ നിന്നുമുള്ള നിയമ പ്രകാരമുള്ള അകലം പാലിച്ചിട്ടില്ലാത്തതും അനുമതി നിരസിക്കാൻ കാരണമായതായി പറയുന്നു. കച്ചവടയാവശ്യത്തിനായുള്ള ബഹുനില മന്ദിരത്തിന് വാഹന പാർക്കിംഗിനുള്ള സ്ഥലം നിലവിലില്ലാത്തതാണ് അനുമതി നിരസിക്കാൻ കാരണമെന്ന് വാർഡ് അംഗം ഗീതാകുമാരി പറഞ്ഞു.

## പ്രകൃതി വിരുദ്ധ പീഡനം; പ്രതി പിടിയിൽ



അനിൽ കുമാർ

മലയിൻകീഴ്: സ്കൂൾ വിദ്യാർത്ഥിയെ പ്രകൃതി വിരുദ്ധ പീഡനത്തിന് ഇരയാക്കിയയാൾ പിടിയിൽ. അണപ്പാട് രശ്മി നിവാസിൽ അനിൽകുമാർ (39) ആണ് മലയിൻകീഴ് പൊലീസിന്റെ പിടിയിലായത്. ടാക്സി ഡ്രൈവറായ പ്രതി ഇടയ്ക്ക് സ്കൂൾ ബസ് ഓടിക്കാനും പോകാറുണ്ട്. ഇതിനിടെയാണ് കുട്ടിയെ പീഡിപ്പിച്ചതെന്ന് പൊലീസ് പറഞ്ഞു. പ്രതിയെ കോടതിയിൽ ഹാജരാക്കി.

# ലൈവ്‌ലി ഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നു

ആറ്റിങ്ങൽ: മൂന്നുമുക്ക് സ്റ്റീൽ ഫാക്ടറി നിലനിന്നിരുന്ന സ്ഥലത്തു ലെവ്‌ലി ഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്ററും ജില്ലാതല പരിശീലന കേന്ദ്രവും ആരംഭിക്കാൻ ജില്ലാ വ്യവസായ ഓഫീസ്. പുതിയ വ്യവസായ സംരഭകരെ ആകർഷിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും വേണ്ടിയാണ് സംരഭം. സ്റ്റീൽ ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള ഒരേക്കർ സ്ഥലവും കേന്ദ്ര സർക്കാരിന്റെ അധീനതയിലാണ്. വർഷങ്ങളായി അടഞ്ഞുകിടക്കുന്ന ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് 2017 മുതൽ ജനപ്രതിനിധികൾ ശ്രമിച്ചു വരികയാണ്. ഈ വിഷയം സബ്മിഷനായി അഡ്വ. ബി. സത്യൻ എം.എൽ.എ നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു.1970 കാലഘട്ടത്തിൽ ഉത്സവ പ്രതീതി ഉളവാക്കുന്ന രീതിയിൽ ജോലിക്കാരും സർക്കാർ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും വേണ്ട സ്റ്റീൽ സമഗ്രികൾ ഇവിടെ നിന്നാണ് വിതരണം ചെയ്തിരുന്നത്.

# ശാസ്തവട്ടം ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠ 8ന്

പോത്തൻകോട്: പൗരാണികമായ ശാസ്തവട്ടം ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെ പുനഃപ്രതിഷ്ഠയും പുതിയ ശ്രീകോവിലുകളുടെ സമർപ്പണവും എട്ടിന്. തന്ത്രി വീരണകാവ് രാജേഷ് പോറ്റിയുടെ മുഖ്യ കാർമ്മികത്വത്തിൽ രാവിലെ 11ന് ആണ് പുനഃപ്രതിഷ്ഠ. വൈകിട്ട് 5ന് നടക്കുന്ന സമ്മേളനത്തിൽ അശ്വതിതിരുനാൾ ഗൗരിലക്ഷ്മിബായി ശ്രീകോവിൽ സമർപ്പണം നിർവ്വഹിക്കും. ഇതിന് മുന്നോടിയായി ഒരാഴ്ച നീണ്ടുനിൽക്കുന്ന പ്രതിഷ്ഠാ ചടങ്ങുകൾക്ക് ആചാര്യ വരണത്തോടെ 2ന് തുടക്കം കുറിച്ചിരുന്നു. പഴക്കം ക്കൊണ്ട് ജീർണാവസ്ഥയിലായ ക്ഷേത്രത്തിൽ ദേവപ്രശ്ന വിധി അനുസരിച്ചാണ് പുതിയ ക്ഷേത്രങ്ങൾ നിർമ്മിച്ച് പുനഃപ്രതിഷ്ഠ നടത്തണമെന്ന് അഞ്ചുവർഷം മുമ്പ് തീരുമാനമെടുത്ത് ക്ഷേത്ര ട്രസ്റ്റ് ബാലാലയ പ്രതിഷ്ഠ നടത്തിയത്. വളരെ അപൂർവമായ അമൃത കലശ ശാസ്താ വിഗ്രഹമാണ് ഇവിടത്തേത്. വലതുകൈയ്യിൽ അമൃത കലശവും ഇടതുകൈയിൽ ചിന്മുദ്രയോടുകൂടിയ ധർമ്മശാസ്താ വിഗ്രഹമാണ്. തുല്യ പ്രാധാന്യമുള്ള ഭദ്രകാളി ക്ഷേത്രവും പരമശിവന്റേയും മഹാവിഷ്ണുവിന്റേയും ഉപക്ഷേത്രങ്ങളും തുടർന്ന് നിർമ്മിക്കേണ്ടതുണ്ട്. ഇപ്പോൾ പൂർത്തിയായിട്ടുള്ള ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെയും ഗണപതി ക്ഷേത്രത്തിന്റെയും പ്രതിഷ്ഠകളാണ് ഇപ്പോൾ നടക്കുന്നത്. നാഗദൈവങ്ങളെയും ബ്രഹ്മ രക്ഷസിനേയും ഇതിനൊപ്പം പ്രതിഷ്ഠിക്കും. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജാകർമ്മങ്ങൾ നടക്കും. 8 ന് രാവിലെ 6 ന് അഷ്ടദ്രവ്യ മഹാഗണപതിഹോമം. 10 ന് ദേവപ്രതിഷ്ഠയ്ക്ക് മുന്നോടിയായുള്ള ദേവതാഹ്വനമായ മരപ്പാണി. 11 മുതൽ പുനഃപ്രതിഷ്ഠ. തുടർന്ന് കലാശാഭിഷേകങ്ങൾ, മഹാകുംഭാഭിഷേകം, പ്രസാദ വിതരണം തുടങ്ങിയവ നടക്കും.

### ക്രിമിനൽക്കേസുകൾ

# 15 പൊലീസുകാർക്കെതിരെ നടപടിയെടുത്തെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: പൊലിസ് സംവിധാനത്തിൽ എല്ലാക്കാലത്തും തെറ്റായ പ്രവണതകൾ ഉണ്ടായിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മർദ്ദകവീരന്മാരായ പൊലിസുകാരെ സംരക്ഷിക്കുന്ന പാരമ്പര്യം മുമ്പ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം ആളുകൾക്കെതിരെ കർശന നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

പൊലിസ് സേനയിലെ അരുതായ്മകൾ കണ്ടെത്തി യഥാസമയം നടപടി എടുത്തിട്ടുണ്ടെന്നും കുറ്റക്കാരെ സംരക്ഷിക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. നെടുങ്കണ്ടം പൊലിസ് സ്റ്റേഷനിൽ ഓട്ടോ ഡ്രൈവറെ കസ്റ്റഡിയിൽ മർദ്ദിച്ച സംഭവത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തിര പ്രമേയത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. ക്രിമിനൽ കേസിൽപ്പെട്ട 12 പൊലിസുകാരെ ഈ സർക്കാർ സർവീസിൽ നിന്ന് നീക്കം ചെയ്യുകയും മൂന്നുപേരെ പിരിച്ചുവിടുകയും ചെയ്തു.

നെടുങ്കണ്ടത്ത് ഓട്ടോഡ്രൈവർ ഹക്കീമിനെ പൊലിസ് മർദ്ദിച്ചെന്ന പരാതിയിൽ രണ്ടു പൊലിസുകാർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. ഗാർഹികപീഡനം നടത്തിയെന്ന് ഹക്കീമിന്റെ ഭാര്യ നൽകിയ പരാതിയിലാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. രാത്രിയിൽ കസ്റ്റഡിയിൽ എടുത്ത ഇയാളെ പിന്നീട് കോടതിയിലും ആശുപത്രിയിലും ഹാജരാക്കിയെങ്കിലും പൊലിസ് മർദ്ദനത്തെപ്പറ്റി പരാതി ഉന്നയിച്ചിരുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്രിമിനൽ കേസിൽപ്പെട്ട പൊലീസുകാരോട് നിർദാക്ഷണ്യ സമീപനമാണ് ഈ സർക്കാരിനുള്ളത്. കസ്റ്റഡി മരണത്തിൽ ഉത്തരവാദികളെന്നു കരുതുന്നവരെ സർക്കാർ സംരക്ഷിക്കില്ലെന്നും സർവീസിൽ തുടരാൻ അനുവദിക്കില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി സ്പീക്കർ നിഷേധിച്ചു. ഇതോടെ പ്രതിപക്ഷം സഭയിൽ നിന്നിറങ്ങിപ്പോയി.

പൊലിസ് മർദനവും മറ്റു വീഴ്ചകളും ഒറ്റപ്പെട്ട സംഭവമാണെന്ന് മുഖ്യമന്ത്രി പറയുമ്പോൾ എല്ലാ ദിവസവും ആളെ കൊല്ലുന്നതിനെയാണോ ഒറ്റപ്പെട്ട സംഭവമെന്ന് പറയുന്നതെന്ന് ഷാഫി പറമ്പിൽ അടിയന്തിര പ്രമേയം അവതരിപ്പിച്ച സംസാരിച്ചു. കൃത്യമായ ഇടവേളകളിൽ ആളെ കൊല്ലുന്നത് കേരള പൊലിസ് നിർത്തണം. ഭാര്യ പരാതി നൽകിയാൽ എതിർ ഭാഗത്തുള്ള ഭർത്താവിനെ പൊലിസിന് തല്ലാം എന്നാണ് ഒരു മന്ത്രി തന്നെ പറഞ്ഞത്. പൊലിസിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ഇടപെടൽ കാരണം 38 പേരാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കൊല്ലപ്പെട്ടത്. ഇടുക്കിയിലെ പൊലിസ് കേരള പൊലിസിന്റെ ഭാഗമല്ലേ. അഭ്യന്തര വകുപ്പ് ഇടുക്കിയിൽ പ്രത്യേക ബ്രാഞ്ച് തുടങ്ങിയോ എന്നും ഷാഫി ചോദിച്ചു. ഗുരുതര ആരോപണം നേരിടുന്ന ഇടുക്കി എസ്.പിയെ സ്ഥലം മാറ്റാൻ പോലും സർക്കാർ തയാറായിട്ടില്ല. പാർട്ടി കോടതിയുടെ ശൈലിയിലേക്ക് പൊലിസ് മാറരുത്.

പൊലിസ് സ്റ്റേഷനിൽ വരുന്നവരുടെ ഗതി അധോഗതിയാണെന്നും കേരള പൊലിസിന്റെ ഭാഗത്ത് നിന്നും നിരന്തരമായി ഉണ്ടാവുന്ന വീഴ്ചകളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് ഒഴിയുന്നതാണ് നല്ലതെന്നും ഷാഫി പറഞ്ഞു. ഷാഫിയുടെ പ്രസംഗത്തിനിടെ പ്രതിഷേധവുമായി ഭരണപക്ഷ അംഗങ്ങൾ എഴുന്നേറ്റു. ഇതോടെ ഇരുവിഭാഗവും തമ്മിൽ വാക്കേറ്റമായി. അർഹമായ പരിഗണന നൽകിയിട്ടും പ്രതിപക്ഷം തുടർച്ചയായി ഭീഷണിപ്പെടുത്തുകയാണെന്ന് സ്പീക്കർ കുറ്റപ്പെടുത്തി. ഇതോടെ പ്രതിഷേധവുമായി പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലേക്ക് ഇറങ്ങി. ഭരണപക്ഷ അംഗങ്ങളും കൂട്ടംകൂടി. സഭയിലെ ബഹളം രൂക്ഷമായതോടെ സ്പീക്കർ എഴുന്നേറ്റുനിന്ന് സഭ നിയന്ത്രിക്കുകയായിരുന്നു. തുടർന്ന് അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേക്ക് പോയ ശേഷമാണ് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി പറഞ്ഞത്.



എയർ ചീഫ് മാർഷൽ ബി എസ്. ധനോവ മാലദ്വീപ് സൈനിക മേധാവി മേജർ ജനറൽ അബ്ദുള്ള ഷമാലിന് മെമെന്റോ കൈമാറുന്നു

## കെജരിവാളിനെ പെരുങ്കള്ളനെന്ന് പോസ്റ്ററുകൾ

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ പെരുങ്കള്ളനെന്ന് വിശേഷിപ്പിച്ച് ഡൽഹിയിൽ പോസ്റ്ററുകൾ. ഡൽഹിയിൽ സ്കൂളുകളുടെ നിർമാണത്തിൽ വ്യാപകമായ അഴിമതി നടന്നതായി ആരോപിച്ചാണ് പോസ്റ്ററുകൾ. ശിരോമണി അകാലിദൾ എംഎൽഎ മഞ്ജീന്ദർ സിംഗ് സിർസയുടെ നേതൃത്വത്തിലാണ് പോസ്റ്ററുകൾ പതിച്ചിരിക്കുന്നത്. ഡൽഹിയിലെ ബിജെപി ഓഫീസിന്റെ പരിസരങ്ങളിലാണ് ബുധനാഴ്ചയോടെ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടത്. സത്യസന്ധനായ നേതാവെന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന ഒരാൾ ഇപ്പോൾ പെരുങ്കള്ളനായി മാറിയിരിക്കുകയാണെന്ന് പോസ്റ്ററിൽ പറയുന്നു. അരവിന്ദ് കെജ്രിവാളിന്റെ നേതൃത്വത്തിൽ 25 ലക്ഷം രൂപ ചെലവിലാണ് സ്കൂളുകളിൽ ക്ലാസ് മുറികൾ നിർമിച്ചു നൽകിയത്. ന്നാൽ യഥാർഥത്തിൽ ഒരു ക്ലാസ് റൂമിന്റെ നിർമാണച്ചെലവ് അഞ്ച് ലക്ഷം രൂപ മാത്രമാണെന്നും പോസ്റ്റർ ആരോപിക്കുന്നു.

## 150 പൊലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കും

തിരുവനന്തപുരം: 2018 –2019 വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 100 പൊലീസ് സ്റ്റേഷനുകളും 2019–20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 പൊലീസ് സ്റ്റേഷനുകളും സ്മാർട്ടാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പികെ ശശിയെ അറിയിച്ചു. ജയിലുകളിൽ നിർമ്മിച്ച ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വിൽപ്പന നടത്തിയതിൽ നിന്ന് 2016–17 1,06,78,161 രൂപയും 2017–18 ൽ 1,22,29,227 രൂപയും 2018–19 ൽ 1,14,87,830 രൂപയും ലഭിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി വി ജോയിയെ അറിയിച്ചു. ഊർജ്ജ കേരള വിഷനിൽപ്പെട്ട സൗര പദ്ധതിയിൽ ഉൾപ്പെട്ട ഉപഭോക്താക്കളുടെ വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പുരപ്പുറം പദ്ധതിയിൽ 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. പാനൽ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക സാധ്യത പരിശോധിക്കുന്ന സർവ്വേ 97 ശതമാനം പൂർത്തിയായി.

## നടി വനിതാ വിജയകുമാറിനെ ചോദ്യം ചെയ്യാൻ പൊലീസ്

ചെന്നൈ: മൽസരാർഥിയായ നടി വനിതാ വിജയകുമാറിനെ, മുൻ ഭർത്താവ് നൽകിയ പരാതിയിൽ ചോദ്യംചെയ്യാൻ തെലങ്കാന പൊലീസ് എത്തിയതിനെത്തുടർന്നു തമിഴ് ബിഗ് ബോസ് ത്രീ സെറ്റിൽ നാടകീയ രംഗങ്ങൾ. പരസ്പര ധാരണയോടെ പിരിഞ്ഞ സമയത്തെ കരാറിനു വിരുദ്ധമായി മകളെ കാണാൻ തന്നെ അനുവദിക്കുന്നില്ലെന്നു കാണിച്ചാണു വനിതയുടെ മുൻ ഭർത്താവ് ആനന്ദ് രാജൻ പരാതി നൽകിയത്.

## കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ്: ആനുകൂല്യത്തിനായി അനന്തമായി കാത്തിരിക്കണ്ട

തിരുവനന്തപുരം: കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി)യിൽ ചികിത്സാ ആനുകൂല്യത്തിനായി അനന്തമായി കാത്തിരിക്കേണ്ടി വരുമെന്ന വിമർശനത്തിന് അടിസ്ഥാനമില്ലെന്ന് ധനമന്ത്രി ടി.എം. തോമസ് ഐസക് നിയമസഭയിൽ വ്യക്തമാക്കി.

ഇൻഷ്വർ ചെയ്യപ്പെടുന്ന വ്യക്തി പദ്ധതിയിൽ അക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രിയിൽ ഇൻഷ്വറൻസ് കാർഡുമായി ചികിത്സയ്ക്കായി എത്തിയാൽ, കരാർ പ്രകാരമുള്ള നിരക്കിൽ നിശ്ചിത ചികിത്സ ഗുണഭോക്താവിന് പണം അടയ്ക്കാതെ തന്നെ ലഭ്യമാകും.

കരാർ പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ഈടാക്കുന്നത് ആശുപത്രിയാണ്. ഗുണഭോക്താവിന്റെ ചികിത്സയ്ക്ക് കാലതാമസമോ എന്തെങ്കിലും പ്രയാസമോ ഉണ്ടാക്കുന്നതല്ലെന്നും ഉപധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടിയായി മന്ത്രി പറഞ്ഞു.

നിലവിലുണ്ടായിരുന്ന എല്ലാ ആരോഗ്യ ഇൻഷ്വറൻസ് അഷ്വറൻസ് പദ്ധതികളെയും സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്ക് രൂപം നൽകിയത്. ഒരു പരിവർത്തനകാലത്തെ പ്രയാസങ്ങൾ ലഘൂകരിക്കാൻ മൂന്നു മാസവുംകൂടി നിലവിലുണ്ടായിരുന്ന കാരുണ്യ പദ്ധതി തുടരുന്നതിന് അനുവാദം നൽകി. ആ കാലയളവ് ജൂൺ 30 ന് അവസാനിച്ചതോടെ കാരുണ്യ പദ്ധതി അവസാനിപ്പിക്കുന്നത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ആശങ്കകൾ പ്രകടിപ്പിക്കുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് ഇൻഷ്വർ ചെയ്യപ്പെടുന്ന വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ഉറപ്പാണ്. കാരുണ്യ ഒരു ആരോഗ്യ അഷ്വറൻസ് പദ്ധതിയായിരുന്നു. അതിൻപ്രകാരമുള്ള സഹായം ലഭിക്കുമെന്നതിന് യാതൊരു ഉറപ്പും ഇല്ലായിരുന്നു. കാരുണ്യ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയോ, ചില പ്രത്യേക കേസുകളിൽ മൂന്നു ലക്ഷം രൂപ വരെയോാണ്. കെഎഎസപിയിൽ പ്രതിവർഷം ലഭിക്കുന്ന ചികിത്സാസഹായം അഞ്ചു ലക്ഷം രൂപ വരെയാണ്. ഈ പാക്കേജിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഹീമോഫീലിയ പോലുള്ള രോഗങ്ങളുടെ ചികിത്സ സംബന്ധിച്ച പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കും.

ആർസിസിയിൽ പദ്ധതി നടപ്പാക്കുന്നതിന് ഒരു പ്രയാസവുമില്ല. ആർസിസിയുടെ ഏതാണ്ട് എല്ലാ ചെലവുകളെല്ലാം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അവിടെ പദ്ധതി മുഖേനയുണ്ടാകുന്ന അധിക ചെലവ് സർക്കാർ വഹിക്കും.

ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കെഎഎസ്പിൽ പങ്കാളിയാകുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ ചർച്ചകൾ നടത്തുന്നു. ഇവിടെയും നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും ധനമന്ത്രി വ്യക്തമാക്കി.

# മൺസൂൺ സഭയും കടന്നപ്പള്ളിയും




തണുപ്പരിച്ചു കയറുന്ന നാളുകളിൽ പുറത്തിറങ്ങാതെ മഴകണ്ടും, കാണാതെയും നടത്തുന്ന സമ്മേളനമാണ് മൺസൂൺ നിയമസഭാ സമ്മേളനം. അങ്ങനെയൊരു മൺസൂൺ സമ്മേളനത്തിനാണ് ഇന്നലെ സമാപനമായത്. പേരിനെങ്കിലും മഴപെയ്ത് തണുപ്പുണ്ടായെങ്കിൽ എന്ന് മാത്യു ടി. തോമസിന്റെ വർണ്യത്തിലാശങ്ക!. വരൾച്ചയുടെ തുടക്കവും മൺസൂണിന്റെ ഒടുക്കവും ഒരുമിച്ചാണോ ഈശ്വരാ എന്നും സഭയിൽ ഉത്കണ്ഠാകുലരായവർ കുറവല്ല. മഴയെ കുറിച്ചും മഴ കൊണ്ടുതരുന്ന കനത്ത തണുപ്പിനെ കുറിച്ചും ചിന്താനിമഗ്നരായ സഭയിലേക്ക് പി.സി ജോർജ്ജിന്റെ ത്രിതല ഭാവം വെളിച്ചത്തു കൊണ്ടുവന്ന് മാത്യു ടി. തോമസ്. വലതിലും–ഇടതിലും–ബി.ജെ.പിയിലും ഒരുപോലെ ചവിട്ടി നിൽക്കാൻ കഴിയുന്ന ഏക ജൻമം പി.സിയെന്നാണ് വെളിപ്പെടുത്തൽ. ധനമെല്ലാം ചോർന്നുപോയി പാപ്പരായ ധനമന്ത്രി ഞാണിൻമേൽ കളി നടത്തുന്നുവെന്ന് പി.സി. ജോർജ്ജ് തിരിച്ചടിച്ചു. കയറും ധനവകുപ്പും ഒരുമിച്ചു നോക്കുന്നത് ധനം കുറയുമ്പോൾ കയറിൽ തൂങ്ങാൻ വേണ്ടിയല്ലേ എന്ന സംശയവും പി.സി ഉന്നയിച്ചു. കഴുത്തിൽ കുരുക്ക് ഇറുകുന്ന പലർക്കും കൊലക്കയറായി തോന്നിയേക്കാമെന്ന് മാത്യുടി. തോമസ് പി.സിയുടെ മുഖത്തു നോക്കി പറഞ്ഞു. തമ്മിൽ തമ്മിൽ പറഞ്ഞും കേട്ടുമൊക്കെ സഭയങ്ങനെ ചൂടാകവെ മന്ത്രി കടന്നപ്പള്ളി കൊടുങ്കാറ്റുപോലെ സഭയിലേക്ക് കടന്നുവന്നു. വന്നപാടെ തന്റെ സീറ്റിലിരുന്ന് ഫലിൽ പേനകൊണ്ട് എഴുതുന്നുണ്ടായിരുന്നു. സ്വന്തംപടം വരയ്ക്കുകയായിരുന്നുവെന്ന് പിന്നീട് ആരോ പറഞ്ഞെന്നാണ് ശഭയിലെ ക്യാന്റീനിൽ കേട്ടചർച്ച. ആർക്കും ഒരു ഉപദ്രവവുമില്ലാത്ത തികഞ്ഞ ഗാന്ധിയനായ മന്ത്രി. നീണ്ട കൃതാവും കഷണ്ടി കയറി വെളുത്ത രോമങ്ങളാൽ നിറഞ്ഞ തലയുമായി മന്ത്രിയുടെ സഭയിലേക്കുള്ള വരവ് ആസ്വദിക്കാത്ത ആരുമില്ല. വിഴിഞ്ഞം പദ്ധതിയെന്ന് ആരെങ്കിലും സഭയിൽ വിളിച്ചു പറയുമ്പോഴാണ് താനൊരു മന്ത്രിയാണെന്നു പോലും തിരിച്ചറിവുണ്ടാകുന്നത്. മുഖ്യമന്ത്രിയുടെ സ്വന്തം കുഞ്ഞാട്. ഈ സഭാസമ്മേളന കാലയളവിൽ, അതും തണുപ്പും മഴയുമൊന്നുമില്ലാത്ത മൺസൂൺ സെഷനിൽ താരം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ തന്നെ. എന്തുകൊണ്ടോ മാധ്യമ പ്രവർത്തകരും എം.എൽ.എമാരുമായുള്ള ക്രിക്കറ്റ് മത്സരത്തിൽ അദ്ദേഹം പങ്കെടുത്തില്ല. പാട്ടു മത്സരമായിരുന്നെങ്കിൽ "ചന്ദ്രകളഭം ചാർത്തി ഉറങ്ങും തീരം" എന്ന പാട്ടെടുത്ത് വീശാമായിരുന്നുവെന്ന് മന്ത്രി ചിന്തിച്ചാൽ തെറ്റുപറയാനൊക്കില്ല. അദ്ദേഹം നല്ലൊരു പാട്ടുകാരനാണ്. സാഹിത്യകാരൻമാരും കവികളും നിറഞ്ഞ സഭയാണിത്. മന്ത്രി ജി. സുധാകര കവിയുടെ കവിതാ സമാഹാരം "പയ്യാമ്പലം" ഇന്നലെ പ്രകാശനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ കഴിവുകളിൽ എന്തുകൊണ്ടോ അഭിമാനം തോന്നുന്നു. രാഷ്ട്രീയക്കാരനിൽ നിന്നും കവിയായും മരാമത്ത് മന്ത്രിയായുമുള്ള മാറ്റം എത്ര ലളിതമായാണ്. നാഷണൽ ഹൈവേയുടെ വീതിയില്ലെങ്കിലും നീളം ഒട്ടും കുറയ്ക്കാത്ത കവിതകൾ. പൊലീസ് സ്റ്റേഷനുകളുടെ പിന്നാമ്പുറങ്ങളിൽ ഇപ്പോൾ കാന്താരി മുളകിന്റെ ചെടിയുണ്ടെന്ന കണ്ടെത്തലാണ് ചെന്നിത്തലയുടേതായി എത്തിയത്. പ്രതികളുടെ ജനനേന്ദ്രിയത്തിൽ പൊട്ടിച്ച് തേക്കാൻ കാന്താരി മുകള്കൃഷി തന്നെ നെടുങ്കണ്ടത്ത് കണ്ടെന്നും വെളിപ്പെടുത്തിയതു കേട്ട് ഒരു ഞെട്ടലുണ്ടായെങ്കിലും എല്ലാവരും അത് മറച്ചുവെച്ചു. ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കൊല മൈത്രി സ്റ്റേഷനുകളായി മാറിയെന്ന് മുനീർ. എല്ലാദിവസവും വന്ന് കുറച്ചുനേരം സഭയിലിരുന്ന് തണുപ്പടി കൂടുമ്പോൾ തിരിച്ചു പോകുന്നൊരാളുണ്ട്. ജീവിതത്തിലോ രാഷ്ട്രീയത്തിലോ പുതിയ പരിഷ്ക്കാരങ്ങളൊന്നും ഇപ്പോഴും വരുത്താത്ത ഭരണപരിഷ്ക്കാര കമ്മിഷൻ അദ്ധ്യക്ഷൻ വി.എസ്. അച്യുതാനന്ദൻ. ചിട്ടി പൊട്ടിയ ചിറ്റാളനാണ് ധനമന്ത്രിയെന്ന് തിരുവഞ്ചിയൂർ. സ്വന്തം വകുപ്പിനകത്തെ ഉദ്യോഗസ്ഥരെ വേണ്ട രീതിയിൽ വിനിയോഗിക്കാൻ ധനമന്ത്രിക്ക് ആകുന്നില്ല. ധൂർത്തിനും പാഴ്ചെലവിനും ഒരതിരുമില്ലെന്നും തപ്പിയും തടഞ്ഞും പറഞ്ഞൊപ്പിച്ച് തിരുവഞ്ചിയൂർ ഇരുന്നു. താത്വികമായൊരവലോകനത്തിന് നിൽക്കാതെ വിഘടനവാദികൾക്കും പ്രതിക്രിയാ വാദികൾക്കും ഒറ്റ മറുപടി നൽകി തോമസ് ഐസക് സഭയെ ഞെട്ടിച്ചു. കിഫ്ബി അല്ലാതെ കേരളത്തെ വികസനത്തിലെത്തിക്കാൻ മറ്റൊന്നിനുമാകില്ല. ധന വിനിയോഗ ബിൽ പാസാക്കണം. കേട്ടപാടെ മുഖ്യമന്ത്രി എണീറ്റു. നിയമസഭ അനിശ്ചിത കാലത്തേക്ക് പിരിയണമെന്ന പ്രമേയം അവതരിപ്പിച്ചു. സ്പീക്കർ അംഗീകരിച്ചു. ദേശീയഗാനം പാടി മൺസൂൺ സമ്മേളനത്തിന് അവസാനവുമായി.

# പാലാരിവട്ടം മേൽപ്പാലം : ഇ. ശ്രീധരൻ റിപ്പോർട്ട് കൈമാറി

അരവിന്ദ്

തിരുവനന്തപുരം: പാലാരിവട്ടം മേൽപ്പാലത്തിൽ ഘടനാപരമായ മാറ്റങ്ങൾ വേണമെന്ന് ഡിഎംആർസി ഉപദേഷ്ടാവ് ഇ. ശ്രീധരന്റെ റിപ്പോർട്ട്. നിർമ്മാണത്തിൽ വലിയ അപാകതകളാണുള്ളത്. മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ നിർമ്മാണം ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കി. പൂർണമായ അറ്റകുറ്റ പണികൾ നടത്താതെ പാലത്തിലൂടെ ഗതാഗതം പുനഃസ്ഥാപിക്കരുതെന്നും ഇ. ശ്രീധരൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർമ്മാണത്തിലെ അഴിമതി വ്യക്തമാക്കുന്ന ഗുരുതരമായ കണ്ടെത്തലുകളുള്ള റിപ്പോർട്ട് ഇന്നലെ ഇ. ശ്രീധരൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമായിരുന്നു ഇ. ശ്രീധരൻ പാലം പരിശോധിച്ചതും റിപ്പോർട്ട് നൽകിയതും.

അറ്റകുറ്റപണികൾ ശാശ്വത പരിഹാരമല്ല. തൽക്കാലം നിയന്ത്രിതമായ നിലയിൽ ഗതാഗതം നടത്താം. ഗർഡറുകളുടെ പിഴവ് പരിഹരിക്കാനായി യോജിപ്പിക്കാനാകില്ല.

എന്നാൽ കൂടുതൽ പണികൾ നടത്തി പാലത്തെ ബലപ്പെടുത്താം. നിർമ്മാണത്തിൽ ഉപയോഗിച്ചിരിക്കുന്ന കോൺക്രീറ്റ് ശരിയായ അനുപാതത്തിലുള്ളതല്ല. ഗർഡറുകളിൽ മാത്രമല്ല തൂണുകളിലും ഉപയോഗിച്ചിരിക്കുന്ന കോൺക്രീറ്റിന്റെ തോത് നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലല്ല.

പാലത്തിന് ഘടനാപരമായ പ്രശ്നമുണ്ടായത് രൂപരേഖയിലെ പിഴവാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

ഡിസൈനിനു വിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത്. നിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുകയും ചെയ്തു. പാലത്തിന്റെ ഡിസൈൻ മുതൽ നിർമാണം പൂർത്തിയാക്കിയതുവരെ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ഡിഎംആർസിയിലെ മുൻ ഉദ്യോഗസ്ഥനും കാൺപൂർ ഐഐടിയിലെ കോൺക്രീറ്റ് വിദഗ്ദ്ധനുമായ ഡോ. മഹേഷ് ഠണ്ടൻ, മദ്രാസ് ഐഐടിയിലെ ഡോ. പി. അളഗ സുന്ദര മൂർത്തി എിവരും ഇ. ശ്രീധരനൊപ്പം പരിശോധനയിൽ പങ്കെടുത്തിരുന്നു. ഡോ. പി.അളഗ സുന്ദര മൂർത്തിയാണ് നേരത്തെ മേൽപ്പാലത്തിന്റെ ബലക്ഷയം കണ്ടെത്തിയത്. കോൺക്രീറ്റിന്റെ നിലവാരം വിശദമായി പരിശോധിച്ചിരുന്നു. വിദഗ്ദ്ധരുമായി ചർച്ച ചെയ്താണ് റിപ്പോർട്ട് തയ്യാറാക്കിയത്.

പാലത്തിന്റെ രൂപരേഖ തയ്യാറാക്കിയ നാഗേഷ് കസൾട്ടന്റ് ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഇ. ശ്രീധരന്റെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുണ്ട്. കരാർ നേടിയ ആർഡിഎസ് പ്രോജക്റ്റിന് വേണ്ടത്ര പരിജ്ഞാനം ഇല്ലായിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. 32 മീറ്റർ നീളമുള്ള രണ്ട് സ്പാനുകൾ നിലവാരത്തിലല്ല നിർമിച്ചിരിക്കുന്നത്. 22 മീറ്റർ നീളമുള്ള 17 സ്പാനുകളിൽ വിദഗ്ദ്ധ പരിശോധന ആവശ്യമാണ്. ഇപ്പോഴത്തെ നിലയിൽ ഗുണനിലവാരം വ്യക്തമാക്കാൻ കഴിയില്ല. ഒരു മീറ്റർ വ്യാസമുള്ള 86 പൈലുകളുടെ നിർമാണത്തിലും അപാകതകളുണ്ട്. ഒരേ രീതിയിലാണ് ഗർഡറുകൾ നിർമ്മിക്കേണ്ടത്. 122 ഗർഡറുകളും ഒരേ രീതിയിലല്ല നിർമ്മിച്ചത്.

യുഡിഎഫ് സർക്കാരിന്റെ സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 2014 ലായിരുന്നു നിർമ്മാണം ആരംഭിച്ചത്.442 മീറ്ററാണ് മേൽപ്പാലം. അപ്രോച്ച് റോഡ് അടക്കം 750 മീറ്ററായിരുന്നു പദ്ധതി. 2016 ഒക്റ്റോബറിൽ ഇടതു സർക്കാരാണ് പാലം ഗതാഗതത്തിനായി തുറന്ന് കൊടുത്തത്. ഒമ്പത് മാസങ്ങൾ കഴിഞ്ഞപ്പോൾ മേൽപ്പാലത്തിലെ ടാർ ഇളകി കുഴികൾ രൂപപ്പെട്ടു തുടങ്ങി. പരിശോധനയിൽ 2017 ജൂലൈയിൽ ബലക്ഷയം കണ്ടെത്തി.

## പാലം പൊളിക്കണോ എന്നത് ചർച്ചയ്ക്ക് ശേഷം തീരുമാനിക്കും: ജി. സുധാകരൻ

തിരുവനന്തപുരം: പാലാരിവട്ടം മേൽപ്പാലം പൊളിക്കണമോ വേണ്ടയോ എന്ന കാര്യം ചർച്ചകൾക്ക് ശേഷമേ തീരുമാനിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ. ഇ. ശ്രീധരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായി തീരുമാനമെടുക്കില്ല.

സർക്കാർ നിർദേശ പ്രകാരം ചെന്നൈ ഐഐടിയിലെ വിദഗ്ദ്ധരും പരിശോധനകൾ നടത്തിയിരുന്നു. ഇവരുടെ റിപ്പോർട്ട് കൂടി പരിഗണിച്ച ശേഷമായിരിക്കും അന്തിമ തീരുമാനമെടുക്കുക.

മറ്റു റിപ്പോർട്ടുകൾ കൂടി ലഭിച്ച ശേഷം ഇ. ശ്രീധരനുമായും ചെന്നൈ ഐഐടി വിദഗ്ദ്ധരുമായും ചർച്ചകൾ നടത്തും. പാലം നിർമ്മാണത്തിലെ ക്രമക്കേടുകൾ വ്യക്തമാകുന്നതാണ് റിപ്പോർട്ട്. ക്രമക്കേട് നടത്തിയവർക്കെതിരേ ശക്തമായ നടപടിയുണ്ടാകും

EMPLOYMENT FOR SALE RENTAL BUSINESS

കലാകൗമുദി Classifieds

CONTACT: 9496101342, 9388 828999, 9072232031

അനന്ത
സ്പെഷ്യൽ ഹെയർ ഓയിൽ
മുടിയിഴകളെ പുനരുജ്ജീവിപ്പികുന്നു
ഇനി കഷണ്ടിയുടെ പേരിൽ മുഖം മറയ്ക്കേണ്ട
സംശയങ്ങൾക്ക് വിളിക്കുക
ഡോ. അനിൽകുമാർ റ്റി.പി. എം.ഡി
9846979555
ANANTHAPURI HERBALS
9447021165, 9447071165

കാശി പുണ്യയാത്ര
4 ദിവസം മാത്രം,പോകുന്നതും, വരുന്നതും വിമാനത്തിൽ, സ്റ്റാർ ഹോട്ടലിൽ താമസം, കേരളീയ ഭക്ഷണം, പുണ്യനദി ഗംഗയിൽ ബലികർമ്മങ്ങൾ,ഗംഗാ ആരതി തുടങ്ങിയവ...
എല്ലാ ചിലവുകളുമടക്കം ഒരാൾക്ക് ₹.19000/- മാത്രം
എല്ലാ മാസവും.. ഫാമിലി മാത്രം..
For Booking Please Contact: Kunjukuttan.93886 36362
KARUPPUSWAMY TOURS & TRAVELS



മഷിനോട്ടം
ആറ് തലമുറകളായി നിലനിൽക്കുന്ന പാരമ്പര്യം ജാതി മത ഭേദമന്യേ നിങ്ങളുടെ ഏത് തടസങ്ങൾക്കും മഷിനോട്ടത്തിലൂടെ കണ്ടുപിടിച്ച് പൂജാ കർമ്മത്തിലൂടെ പരിഹാരം
ഗണേശൻ പണിക്കർ
ജിത്തു ജി. പണിക്കർ
വിളിച്ചു വരിക ( 9 am to 5 pm )
ഫോൺ : 9847643272, 9656530245
കണ്ണനാംകുളത്ത് കരിങ്കാളി മുത്തി ഭദ്രകാളി ക്ഷേത്രം

മുഹൂർത്തം
എന്റെ ഭവനം
വെള്ളിനക്ഷത്രം
ആയുരാരോഗ്യം




## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471– 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**കാരുണ്യ പ്ലസ് KN 272 നറുക്കെടുപ്പ് ഫലം 04/07/2019**

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

**ഒന്നാം സമ്മാനം 80 ലക്ഷം രൂപ** PL 725598 (തിരുവനന്തപുരം)

**സമാശ്വാസ സമ്മാനം 8000 രൂപ**

PA 725598 PB 725598 PC 725598 PD 725598 PE 725598 PG 725598 PH 725598 PJ 725598 PK 725598

**2–ാം സമ്മാനം 5 ലക്ഷം രൂപ** PG 226744 (എറണാകുളം)

**3–ാം സമ്മാനം 1 ലക്ഷം രൂപ**

PA 663960 (പത്തനംതിട്ട) PB 757911 (എറണാകുളം) PC 740907 (മലപ്പുറം) PD 546870 (പാലക്കാട്) PE 363250 (എറണാകുളം) PG 495532 (മലപ്പുറം) PH 270839 (കോട്ടയം) PJ 190115 (മലപ്പുറം) PK 737562 (തൃശൂർ) PL 836342 (എറണാകുളം)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4–ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0305 | 1314 | 3913 | 3973 | 4474 | 4765 | 5041 | 6157 | 6437 | 6786 |
| 6812 | 7663 | 8382 | 8646 | 9528 | 9674 | | | | |

**5–ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0631 | 0837 | 1791 | 1955 | 5132 | 8811 | | | | |

**6–ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0550 | 1138 | 1261 | 1794 | 1846 | 2148 | 2203 | 2770 | 2931 | 3844 |
| 3882 | 4029 | 4215 | 4316 | 4872 | 5102 | 5213 | 5301 | 5732 | 5984 |
| 6542 | 6843 | 6878 | 6968 | 7346 | 7393 | 7507 | 7943 | 8076 | 8322 |
| 8355 | 8454 | 8506 | 8853 | | | | | | |

**7–ാം സമ്മാനം 500 രൂപ**


| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0362 | 0660 | 0788 | 0802 | 0924 | 1051 | 1127 | 1428 | 1730 | 1743 |
| 2114 | 2226 | 2239 | 2406 | 2971 | 3002 | 3029 | 3053 | 3235 | 3258 |
| 3314 | 3494 | 3498 | 3693 | 4049 | 4109 | 4190 | 4294 | 4318 | 4611 |
| 4678 | 4817 | 4839 | 5078 | 5101 | 5369 | 5377 | 5534 | 5758 | 5808 |
| 5857 | 5877 | 6047 | 6222 | 6446 | 6562 | 6698 | 6739 | 7098 | 7272 |
| 7376 | 7511 | 7578 | 7627 | 7883 | 7944 | 7956 | 8086 | 8125 | 8265 |
| 8348 | 8385 | 8399 | 8426 | 8615 | 8822 | 8962 | 9016 | 9053 | 9102 |
| 9787 | 9824 | 9850 | | | | | | | |

**8–ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0006 | 0021 | 0090 | 0358 | 0434 | 0594 | 0729 | 0834 | 0854 | 1003 |
| 1020 | 1043 | 1073 | 1090 | 1093 | 1105 | 1207 | 1232 | 1609 | 1703 |
| 1710 | 1783 | 1796 | 1959 | 1979 | 2035 | 2048 | 2130 | 2194 | 2227 |
| 2285 | 2542 | 2588 | 2608 | 2681 | 2843 | 2874 | 3052 | 3129 | 3207 |
| 3370 | 3410 | 3444 | 3502 | 3576 | 3682 | 3930 | 3946 | 3985 | 4070 |
| 4198 | 4429 | 4504 | 4544 | 4745 | 4786 | 4821 | 4857 | 4927 | 5262 |
| 5423 | 5463 | 5517 | 5541 | 5587 | 5664 | 5734 | 5735 | 5819 | 5989 |
| 6121 | 6487 | 6545 | 6567 | 6600 | 6834 | 6928 | 7034 | 7365 | 7465 |
| 7573 | 7581 | 7598 | 7648 | 7656 | 7725 | 7756 | 7861 | 7959 | 8058 |
| 8127 | 8154 | 8159 | 8270 | 8303 | 8414 | 8465 | 8671 | 8780 | 8792 |
| 8804 | 8922 | 9093 | 9335 | 9396 | 9418 | 9754 | 9762 | 9802 | 9827 |
| 9841 | 9995 | | | | | | | | |

(ഒപ്പ്) കെ. ഡി അപ്പച്ചൻ, ഡെപ്യൂട്ടി ഡയരക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

ശ്രീനാരായണഗുരു



മേൽജാതി എന്നും കീഴ്ജാതി എന്നും ഉള്ള
വേർതിരിവ് സ്വാർത്ഥൻമാരുണ്ടാക്കിയ
കെട്ടുകഥ മാത്രമാണ്

കലാകൗമുദി

www.kalakaumudi.com

2019 ജൂലായ് 05 വെള്ളി

# തൊഴിലില്ലായ്മ പരിഹരിക്കുന്നതാവണം ബജറ്റ്

രണ്ടാം എൻഡിഎ സർക്കാരിന്റെ ആദ്യ സമ്പൂർണ ബജറ്റ് ഇന്ന് അവതരിപ്പിക്കപ്പെടുകയാണ് തീർച്ചയായും ഏറെ പ്രതീക്ഷകളോടെ രാജ്യം ഉറ്റുനോക്കുന്ന ഒരു ബജറ്റാണ് ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിക്കുന്നത്. പല വിലയിരുത്തലുകളും ബജറ്റ് അവതരണത്തിന് മുന്നോടിയായി സാമ്പത്തിക വിദഗ്ധർ നടത്തിക്കഴിഞ്ഞിട്ടുണ്ട്. എല്ലാ രീതിയിലും ഒരു സ്ത്രീപക്ഷ ബജറ്റാണ് വരാൻ പോകുന്നതെന്നും അതല്ല പ്രതിരോധത്തിന് മുൻതൂക്കം നൽകുന്ന ഒരു ബജറ്റാവും അവതരിപ്പിക്കപ്പെടുക എന്നുമാണ് നിഗമനങ്ങൾ. എൻഡിഎ സർക്കാരിന്റെ വിജയത്തുടർച്ചയ്ക്കുള്ള നന്ദി പ്രകടനമായി ഇന്ധന പാചകവാതക വിലകൾ കുറയ്ക്കുകയും അവയ്ക്കുള്ള സബ്സിഡി നിരക്കിൽ വർദ്ധനവ് വരുത്തുകയോ ചെയ്യാൻ സാദ്ധ്യതയുള്ള ഒരു ബജറ്റാവും അവതരിപ്പിക്കാൻ പോകുന്നതെന്നാണ് കരുതപ്പെടുന്നത്. എന്നാൽ വാരിക്കോരി സൗജന്യങ്ങളും ആരും പ്രതീക്ഷിക്കുന്നില്ല. നിലവിലെ സാമ്പത്തിക അവസ്ഥയിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ സൗജന്യങ്ങളുടെ തോത് കുറയാനുള്ള സാദ്ധ്യത ഏറെയാണ്. കഴിഞ്ഞ എൻഡിഎ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ വീഴ്ച സംഭവിച്ച മേഖലയാണ് ഇന്ത്യയിലെ തൊഴിൽ മേഖല.

5 കോടി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും എന്ന വാഗ്ദാനവുമായി ആദ്യം അധികാരത്തിലെത്തിയ മോദി സർക്കാർ പുതിയ തൊഴിലുകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ദയനീയമായി പരാജയപ്പെട്ടു എന്നുമാത്രമല്ല ഈ കാലയളവിനിടയിൽ മൂന്നരക്കോടി ജനങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യവും സൃഷ്ടിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലച്ചും കേന്ദ്ര തൊഴിൽ നിയമങ്ങളിൽ അനാവശ്യ ഇടപെടലുകൾ നടത്തിയും തൊഴിലില്ലായ്മയുടെ തോത് വർദ്ധിപ്പികുകയായിരുന്നു. പല പൊതുമേഖലാ സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന കാരണം ചുണ്ടിക്കാട്ടിയാണ് വിൽപ്പന നടത്തിയത്. അത് നേരെയാക്കാനുള്ള സംവിധാനം ഒരുക്കാനുള്ള ശ്രമമോ ക്ഷമയോ സർക്കാർ കാണിച്ചില്ല. ഇത് സ്വകാര്യ മേഖലയ്ക്ക് തുച്ഛമായ വിലയ്ക്കാണ് വിറ്റത്. അവ ഇന്ന് സ്വകാര്യ മേഖലയിൽ ലാഭം ഉണ്ടാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. ഫലത്തിൽ സർക്കാരിന് വരേണ്ട വരുമാനവും പൗരൻമാർക്ക് ലഭിക്കേണ്ട തൊഴിൽ അവസരവും നഷ്ടപ്പെട്ടു. ഇത്തരത്തിൽ യഥാർത്ഥ പ്രശ്നങ്ങൾ പരിഗണിക്കാതെ, സ്വകാര്യമേഖലയ്ക്ക് അനുകൂലമായ നിലപാടുകൾ എല്ലാ കാര്യങ്ങളിലും സ്വീകരിച്ച് കഴിഞ്ഞ എൻഡിഎ സർക്കാർ തൊഴിൽ രഹിതരായ യുവജനങ്ങളോട് അക്ഷന്തവ്യമായ തെറ്റാണ് ചെയ്തത്. വിദേശ തൊഴിൽ അവസരങ്ങൾ പോലും കുറഞ്ഞ് തുടങ്ങുകയും അവിടെയെല്ലാം തദ്ദേശീയർ തൊഴിലിടങ്ങൾ കീഴടക്കുകയും ചെയ്തതോടെ വലിയൊരു വിഭാഗം ചെറുപ്പക്കാരുടെ ഭാവി ചോദ്യചിഹ്നമായി നിൽക്കുകയാണിപ്പോൾ. തൊഴിൽ ഇല്ലായ്മ എന്ന പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കാത്ത, അതിന് ഭാവനാസമ്പന്നവും പ്രായോഗികകവുമായ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കാത്ത ഒരു ബജറ്റും പൊതുജനം അംഗീകരിക്കുകയില്ല എന്നതാണ് നാം ഇന്നത്തെ സാഹചര്യത്തിൽ മനസിലാക്കേണ്ടത്. വിദ്യാസമ്പന്നർ കൂടുതലുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് തൊഴിൽ പദ്ധതികളിൽ ന്യായമായ പരിഗണന ഉണ്ടാകുമെന്നാണ് ഈ ബജറ്റിൻമേലുള്ള നമ്മുടെ പ്രതീക്ഷ. എന്നാൽ മുൻകാല ബജറ്റുകളിൽ എന്നപോലെ വടക്കൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സ്ഥിതി നിർമ്മലാ സീതാരാമന്റെ ബജറ്റിലും ആവർത്തിക്കില്ല എന്ന് വിശ്വസിക്കാം. ധനകാര്യ മന്ത്രി എന്നതിനപ്പുറം നിർമ്മല സീതാരാമനിലെ അമ്മ മനസ് വീതംവയ്ക്കലുകൾ നടത്തുമ്പോൾ എല്ലാമക്കളെയും ഒരുപോലെ കാണും എന്നുതന്നെ വിശ്വസിക്കാം. തൊഴിൽ മേഖലയിൽ നവ തരംഗം സൃഷ്ടിക്കുന്നതാവട്ടെ രണ്ടാം എൻഡിഎ സർക്കാരിന്റെ ആദ്യ ബജറ്റ്.

## ചരിത്രത്തിൽ ഇന്ന്

- 1687 ചലന നിയമങ്ങളും ഗുരുത്വാകർഷണ സിദ്ധാന്തവും അടങ്ങുന്ന 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക' ഐസക് ന്യൂട്ടൻ പുറത്തിറക്കി
- 1811 വെനസ്വേല സ്പെയിനിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു
- 1841 ലോകത്തിലെ ആദ്യത്തെ ടൂർ പാക്കേജ് ബ്രിട്ടീഷുകാരനായ തോമസ് കുക്ക് സംഘടിപ്പിച്ചു
- 1909 വനിതകൾക്ക് വോട്ടവകാശത്തിനു വേണ്ടി മരിയൻ വാലസ് ഡൺലപ് എന്ന വനിത സ്കോട്ട്ലണ്ടിലെ ഹോളവേ ജയിലിൽ നിരാഹാരം അനുഷ്ഠിച്ചു. ചരിത്രത്തിലെ ആദ്യത്തെ നിരാഹാരമാണിത്
- 1918 ലീഡർ കെ. കരുണാകരൻ കണ്ണൂരിലെ ചിറയ്ക്കൽ തെക്കേടത്ത് ജനിച്ചു
- 1935 മരണത്തിന് പുതിയൊരു മാനം നൽകിയ ഇടപ്പള്ളി രാഘവൻ പിള്ള ജീവിതത്തിൽ നിന്ന് വിടവാങ്ങി
- 1994 മലയാളത്തിന്റെ വിശ്വസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ ഭൂമിയുടെ അവകാശം വിട്ടൊഴിഞ്ഞു യാത്രയായി
- സ്കോട്ട്ലണ്ടിലെ ആദ്യത്തെ ക്ളോണിംഗ് ചെമ്മരിയാട് 'ഡോളി 'പിറന്നു. ഈ ചെമ്മരിയാടിനെ സൃഷ്ടിച്ചത് ഡോ. ഇയാൻ വിൽമുട്ടും സംഘവുമാണ്.
- 2006 കവിയും വിവർത്തകനുമായ തിരുനല്ലൂർ കരുണാകരൻ അന്തരിച്ചു.

*സമ്പാദനം: ജോസ് ചന്ദനപ്പള്ളി*




# ത്രിശങ്കുവിലായ ആചാര സംരക്ഷകർ

നിഷ. എസ്.പി.

ശബരിമല യുവതീപ്രവേശം തടയാൻ തൽക്കാലം നിയമനിർമ്മാണമില്ലെന്ന് നിയമമന്ത്രി രവിശങ്കർ പ്രസാദ് പാർലമെന്റിൽ വ്യക്തമാക്കിയതോടെ കേരളത്തിലെ ബി.ജെ.പി നേതൃത്വവും ശബരിമല കർമ്മസമിതിയുമെല്ലാം ത്രിശങ്കുവിലായി. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളസർക്കാർ ശബരിമലവിഷയത്തിൽ സ്വീകരിച്ച നിലപാട് പരോക്ഷമായി അംഗീകരിക്കുന്നതാണ് കേന്ദ്രസർക്കാർ തീരുമാനമെന്ന ആക്ഷേപം ആചാരസംരക്ഷണത്തിന് സമരം നടത്തിയവർ ഇതിനകം ഉന്നയിച്ചു കഴിഞ്ഞു. ഇനി എന്ത് പറഞ്ഞ് ആർക്കെതിരെ സമരം നടത്തുമെന്ന ആശങ്കയിലാണ് കർമ്മസമിതിയും മറ്റും. സംസ്ഥാനത്ത് ഉടൻ നടക്കുന്ന ഉപതിരഞ്ഞെടുപ്പുകളിൽ ശബരിമല വിഷയം പ്രചാരണവിഷയമാക്കാനാകില്ലെന്ന ചിന്ത ബി.ജെ.പിയേയും ചില്ലറയല്ല ബുദ്ധിമുട്ടിക്കുന്നത്. പുതിയ പാർലമെന്റിന്റെ ആദ്യസമ്മേളനത്തിൽ കേരളത്തിൽ നിന്നുള്ള എം.പി എൻ.കെ. പ്രേമചന്ദ്രൻ ശബരിമല ആചാരസംരക്ഷണം ആവശ്യപ്പെടുന്ന സ്വകാര്യബിൽ അവതരിപ്പിച്ചിരുന്നു. ഈ ഘട്ടത്തിൽ സ്വകാര്യബിൽ അപൂർണ്ണമാണെന്നും ശബരിമല ആചാര സംരക്ഷണത്തിന് സമഗ്ര നിയമനിർമ്മാണം വേണമെന്നും ബി.ജെ.പി. എം.പി മീനാക്ഷിലേഖി അഭിപ്രായപ്പെട്ടിരുന്നു.

ആചാരസംരക്ഷണത്തിന് ഭരണഘടനാ പരിരക്ഷ ഉണ്ടാകണം. അയ്യപ്പഭക്തരെ പ്രത്യേക വിഭാഗമായി കണക്കാക്കാൻ വ്യവസ്ഥ ചെയ്യുന്ന ബിൽ വേണമെന്നും മീനാക്ഷി ലേഖി പറഞ്ഞിരുന്നു. എന്നാൽ ഈ അഭിപ്രായങ്ങളും ആവശ്യങ്ങളുമെല്ലാം അവഗണിച്ചാണ് സുപ്രീംകോടതിയിൽ നിലവിലിരിക്കുന്ന ഒരു വിഷയത്തിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ലെന്നും ശബരിമലവിഷയത്തിൽ നിയമനിർമ്മാണം നടത്തില്ലെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. കേന്ദ്രസർക്കാർ നിലപാട് നിയമമന്ത്രി രവിശങ്കർ പ്രസാദ് പ്രഖ്യാപിച്ചതിന് തൊട്ടു പിന്നാലെ പന്തളത്ത് നടന്ന കർമ്മസമിതി യോഗത്തിൽ ശക്തമായ പ്രതിഷേധം ഉയർന്നതായാണ് വാർത്തകൾ. ശബരിമല യുവതീപ്രവേശത്തിനെതിരായ സമരങ്ങൾ നാല് മാസങ്ങളായി പൂർണ്ണമായും നിലച്ച സ്ഥിതിയിലാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇനി സമരം പുനരാരംഭിക്കാനാകില്ല. നിയമനിർമ്മാണം നടത്തില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയതോടെ ഇതുവരെ നടത്തിയ സമരങ്ങളെല്ലാം വെറുതെയായി. എന്ന് മാത്രമല്ല കേരളത്തിലെ ജനങ്ങൾക്കും സർക്കാരിനും മുന്നിൽ അപഹാസ്യരായി. ആചാരസംരക്ഷണത്തിന്റെ പേര് പറഞ്ഞ് ഇനി സമരം തുടങ്ങിയാലും ബഹുജനപിന്തുണലഭിക്കാനിടയില്ല തുടങ്ങിയ വിമർശനങ്ങളാണ് യോഗത്തിൽ ഉയർന്നത്. കേന്ദ്രസർക്കാർ ശബരിമല ആചാരസംരക്ഷണത്തിന് നിയമനിർമ്മാണം നടത്തണമെന്ന് ആവർത്തിച്ചാവശ്യപ്പെട്ട കർമ്മസമിതി രക്ഷാധികാരി സ്വാമി ചിദാനന്ദപുരി യോഗത്തിൽ രൂക്ഷമായാണ് സംസാരിച്ചത്. കേരളസർക്കാർ കുഴിച്ച കുഴിയിൽ ശബരിമല കർമ്മസമിതി വീണു പോയെന്നും സ്വാമി പറഞ്ഞു. വിശ്വാസികളെ സമരത്തിലേയ്ക്ക് തള്ളിവിട്ട ബി.ജെ.പിക്കും ആർ. എസ്. എസിനും ആത്മാർത്ഥതയില്ലായിരുന്നുവെന്നും യോഗത്തിൽ വിമർശനം ഉയർന്നു. വോട്ട് തട്ടാനുള്ള സുവർണ്ണാവസരം മാത്രമാക്കി ആചാരാസംരക്ഷണത്തെ വിലകുറച്ച് കണ്ടതിലുള്ള അതൃപ്തിയും യോഗത്തിൽ പ്രകടമായി. പ്രേമചന്ദ്രന്റെ സ്വകാര്യബില്ലുകൊണ്ട് പ്രയോജനമില്ലെന്നും യോഗം വിലയിരുത്തി. സമരം മൂലം നൂറ്കണക്കിന് പ്രവർത്തകർ നിരവധി കേസുകളിൽ പ്രതികളായി.കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തുന്നില്ലെന്ന് വ്യക്തമാക്കിയെങ്കിലും സംസ്ഥാനസർക്കാരിനെതിരെയുള്ള സമരം തുടരണമെന്ന നിർദ്ദേശവും കർമ്മസമിതി യോഗത്തിലുണ്ടായി. ഈ സാഹചര്യത്തിൽ റിവ്യുഹർജ്ജികളിൽ സുപ്രീം കോടതി തീരുമാനം വരും വരെ കാത്തിരിക്കാനാണ് കർമ്മസമിതിയുടെ തീരുമാനം.ഇതിനിടെ വിശ്വാസ സംരക്ഷണത്തിന് എല്ലാ ജില്ലകളും തൊട്ട് കടന്ന് പോകുന്നതരത്തിൽ രഥയാത്ര നടത്തണമെന്ന അഭിപ്രായവും യോഗത്തിൽ ഉണ്ടായി. വിധി അനുകൂലമല്ലെങ്കിൽ കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തുമെന്ന ആത്മവിശ്വാസവും ഒരു വിഭാഗം യോഗത്തിൽ പങ്ക് വച്ചു. അതേ സമയം കേരളത്തിലെ ബി.ജെ.പി, ആർ.എസ് എസ് നേതൃത്വങ്ങൾ ശബരിമലക്കാര്യത്തിൽ കേന്ദ്രസർക്കാർ തീരുമാനത്തിൽ ഇതുവരെ അഭിപ്രായം പ്രകടിപ്പിച്ചില്ലെന്നതും ശ്രദ്ധേയമാണ്. പന്തളത്തെ പഴയ കൊട്ടാരക്കാർ, എൻ. എസ്.എസ് നേതൃത്വം തുടങ്ങി ആചാരസംരക്ഷണസമരക്കാരാരും കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ഇതുവരെ പ്രതികരിച്ച് കേട്ടില്ല. ശബരിമല പ്രശ്നം ഒരു വിഭാഗത്തിന്റെ വോട്ട് നഷ്ടപ്പെടുത്തുന്നതിനിടയാക്കിയെങ്കിലും സുപ്രീം കോടതിവിധിയും ഭരണഘടനയും സംരക്ഷിക്കുന്നതിന് വേണ്ടി നടത്തിയ ശ്രമങ്ങൾ ശരിയായിരുന്നുവെന്ന് തെളിയിക്കുന്ന വിധത്തിൽ കേന്ദ്രം നിലപാടെടുത്തത് സംസ്ഥാന സർക്കാരിന് പ്ലസ് പോയിന്റാണ്. എങ്കിലും റിവ്യു ഹർജ്ജികളിൽ തീരുമാനം വരും വരെ ഇക്കാര്യത്തിൽ നിശബ്ദത പാലിക്കാനുള്ള നീക്കത്തിലാണ് കേരളസർക്കാരെന്നാണ് അറിയുന്നത്. ഉപതിരഞ്ഞെടുപ്പിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിന്ന് വ്യത്യസ്തമായി ശബരിമല പ്രശ്നത്തിലെ ബി.ജെ.പിയുടെയും മറ്റും ഇരട്ടത്താപ്പ് തുറന്ന് കാട്ടിത്തന്നെ വോട്ട് തേടണമെന്ന അഭിപ്രായം സി.പി.എമ്മിലും ഇടതുമുന്നണിയിലും ഉയർന്നിട്ടുണ്ട്.

> വിശ്വാസികളെ സമരത്തിലേയ്ക്ക് തള്ളിവിട്ട ബി.ജെ.പിക്കും ആർ. എസ്.എസിനും ആത്മാർത്ഥതയില്ലായിരുന്നുവെന്നും യോഗത്തിൽ വിമർശനം ഉയർന്നു. വോട്ട് തട്ടാനുള്ള സുവർണ്ണാവസരം മാത്രമാക്കി ആചാരാസംരക്ഷണത്തെ വിലകുറച്ച് കണ്ടതിലുള്ള അതൃപ്തിയും യോഗത്തിൽ പ്രകടമായി. പ്രേമചന്ദ്രന്റെ സ്വകാര്യബില്ലുകൊണ്ട് പ്രയോജനമില്ലെന്നും യോഗം വിലയിരുത്തി



# മഞ്ജരേക്കറോട് ധോണി ആരാധകർ കട്ടക്കലിപ്പിൽ

സുരേഷ്ബാബു കെ.



ക്രിക്കറ്റ് ലോകകപ്പ് മത്സരങ്ങൾ സെമിയിലേക്ക് അടുത്തപ്പോൾ കളത്തിന് പുറത്ത് മറ്റൊരു മത്സരം മൂടി കടുക്കുന്നു. ഇന്ത്യയുടെ മുൻമദ്ധ്യനിര ബാറ്റ്സ്മാനും ലോകകപ്പ് സംപ്രേഷണം ചെയ്യുന്ന സ്റ്റാർ സ്പോർട്സിലെ ഇംഗ്ലീഷ് കമന്റേറ്റേഴ്സ് പാനലിലെ അംഗവുമായ സഞ്ജയ് മഞ്ജരേക്കറും ക്രിക്കറ്റ് ആരാധകരും തമ്മിലാണിത്.

വർധിച്ചുവരുന്ന തങ്ങളുടെ അതൃപ്തി ആരാധകർ അവരെക്കൊണ്ടാവും വിധം സാമൂഹിക മാദ്ധ്യമങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മഞ്ജരേക്കർ വളരെ പക്ഷപാതപരമായാണ് കമന്ററി നടത്തുന്നത് എന്നാണ് കുപിതരായ ഒരു വിഭാഗം പ്രേക്ഷകരുടെ വാദം. മഞ്ജരേക്കറുടെ ശബ്ദം വന്നാൽ തങ്ങൾ ഉടൻ ചാനൽ മ്യൂട്ട് ചെയ്യുകയോ അല്ലെങ്കിൽ ഹിന്ദിയിലേക്ക് മാറ്റുകയോ ചെയ്യുമെന്നാണ് അവർ പറയുന്നത്. ഇങ്ങനെ മഞ്ജരേക്കറെ ആക്രമിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരിൽ നല്ലൊരു പങ്ക് ധോണി ആരാധകരാണെന്നതും ശ്രദ്ധേയമാണ്.

കുറച്ചു ദിവസം മുമ്പ് മഞ്ജരേക്കർ ധോണിയെപ്പറ്റി നടത്തിയ ഒരു പരാമർശം ധോണിയുടെ ആരാധകരെ ചൊടിപ്പിച്ചിരുന്നു. സ്റ്റംപ്സിനു പിന്നിലെ നമ്മുടെ 'കാവൽ നായാ'ണ് ധോണി എന്നായിരുന്നു മഞ്ജരേക്കർ പറഞ്ഞത്. അദ്ദേഹം തിരഞ്ഞെടുത്ത ആ വിശേഷണം വളരെ മോശമായിപ്പോയി എന്നായിരുന്നു ആരാധകരുടെ പക്ഷം.

സിഡ്നിയിൽ താമസിക്കുന്ന ഒരു ഇന്ത്യൻ ക്രിക്കറ്റ് ടീം ആരാധകൻ തന്റെ നീരസം അറിയിച്ച് ഐസിസിക്ക് ഒരു പോസ്റ്റുകാർഡ് അയക്കുകയുണ്ടായി. 'ഡിയർ ഐ സി സി, സിഡ്നിയിൽ നിന്ന് സഞ്ജയ് മഞ്ജരേക്കറെപ്പറ്റി ഒരു ചെറിയ ഫീഡ്ബാക്ക് തരാനാണ് ഈ കത്ത്. അദ്ദേഹം തികച്ചും അൺപ്രൊഫഷണലായിട്ടാണ് കമന്ററി നടത്തുന്നത്. പക്ഷം പിടിച്ചു മാത്രമാണ് സംസാരിക്കുന്നതും. അതൊഴിച്ചാൽ, വേൾഡ് കപ്പ് കസറുന്നുണ്ട്.. നന്ദി..' എന്നയാൾ കത്തിലെഴുതി.

ഹിന്ദിയിൽ ആകാശ് ചോപ്രയുടെ വെറുപ്പിക്കുന്ന കമന്ററി കേട്ട് മുഷിഞ്ഞ് ചാനൽ ഹിന്ദി ചാനൽ മാറ്റി ഇംഗ്ലീഷ് വച്ചു. അവിടെ സഞ്ജയ് മഞ്ജരേക്കർ അതിലും വലിയ വെറുപ്പിക്കൽ നടത്തുകയാണ്.ആകാശ് ചോപ്ര മാലാഖയാണ് മാലാഖ..! ' എന്ന് മറ്റൊരു ഫാൻ ടീറ്റ് ചെയ്തു.

കഴിഞ്ഞ രണ്ടു മത്സരങ്ങളിലും ധോണിയുടെ ബാറ്റിംഗിനെ വിമർശിച്ചതാണ് മഞ്ജരേക്കരെ ധോണി ആരാധകരുടെ കണ്ണിലെ കരടാക്കിയത്. മഞ്ജരേക്കറുടെ മനസ്സിൽ 'ധോണി വിരോധം' ഉണ്ടെന്നും ഇനി ധോണി എങ്ങനെ കളിച്ചാലും മഞ്ജരേക്കർ നല്ലവാക്കു പറയില്ലെന്നും ആരാധകർ ആക്ഷേപിക്കുന്നു. ഒരു ആരാധകൻ സങ്കല്പികമായ ഒരു സാഹചര്യവും വിവരിക്കുന്നുണ്ട്

മറ്റുള്ള ബാറ്റ്സ്മാൻമാർ ഫോറോ സിക്സോ അടിച്ചാൽ മഞ്ജരേക്കർ, 'അത് ഒരു മികച്ച ഷോട്ടാണെന്നും

ധോണി ഫോറോ സിക്സോ അടിക്കുമ്പോൾ മഞ്ജരേക്കർ, അത് ബൗളറുടെ മോശം പന്താണെന്നാണ് പറയുന്നതെന്നുമാണ് ഒരരാധകന്റെ പരാതി.

തന്റെ കരിയറിന്റെ സിംഹഭാഗവും ക്രീസിൽ നിന്ന് ബാറ്റിൽ തൊടാതെ കീപ്പറുടെ കയ്യിലേക്ക് മൂളിപ്പായുന്ന പന്തിനെ നോക്കി അതിശയിച്ചു നിൽക്കുക മാത്രം ചെയ്തിട്ടുള്ള മഞ്ജരേക്കർക്ക് ധോണി മുട്ടുന്നുവെന്ന് പറയാനുള്ള എന്ത് യോഗ്യതയാണുള്ളതെന്നാണ് ധോണി ആരാധകരുടെ ചോദ്യം. ധോണി എത്ര മാച്ചുകളാണ് ആക്രമിച്ച് കളിച്ച് ഇന്ത്യയെ ജയിപ്പിച്ചിട്ടുള്ളതെന്നും അവർ മഞ്ജരേക്കറെ ഓർമ്മിപ്പിക്കുന്നു.

ധോണിയുടെ മെല്ലെപ്പോക്കിനെ വിമർശിച്ച് മഞ്ജരേക്കർ ടീറ്റ് ചെയ്യുകയുണ്ടായി 'അവസാന ഓവറുകളിൽ ധോണിയുടെ സമീപനം അമ്പരപ്പിച്ചു.. ' എന്ന് എഴുതിയ മഞ്ജരേക്കറൊട്, അതിനടിയിൽ വന്ന്, നിങ്ങൾ എങ്ങനെ ഈ കമന്ററി ബോക്സുവരെ എത്തി എന്നത് അതിലും അതിശയകരമാണ് എന്ന് ഒരു ധോണി ആരാധകൻ ട്രോളി.

എന്തായാലും മഞ്ജരേക്കർക്കെതിരായ പരിഹാസങ്ങളും ആക്രമണങ്ങളും കൊണ്ട് നിറഞ്ഞിരിക്കുകയാണ് ഇന്റർനെറ്റ്. ഇനിയുള്ള ദിവസങ്ങളിൽ ഈ ആരാധകരും മഞ്ജരേക്കറും തമ്മിലുള്ള യുദ്ധം എങ്ങനെ പോകും എന്നറിയാനുള്ള ആകാംക്ഷയിലാണ് ക്രിക്കറ്റ് ലോകം.

> തന്റെ കരിയറിന്റെ സിംഹഭാഗവും ക്രീസിൽ നിന്ന് ബാറ്റിൽ തൊടാതെ കീപ്പറുടെ കയ്യിലേക്ക് മൂളിപ്പായുന്ന പന്തിനെ നോക്കി അതിശയിച്ചു നിൽക്കുക മാത്രം ചെയ്തിട്ടുള്ള മഞ്ജരേക്കർക്ക് ധോണി മുട്ടുന്നുവെന്ന് പറയാനുള്ള എന്ത് യോഗ്യതയാണുള്ളതെന്നാണ് ധോണി ആരാധകരുടെ ചോദ്യം. ധോണി എത്ര മാച്ചുകളാണ് ആക്രമിച്ച് കളിച്ച് ഇന്ത്യയെ ജയിപ്പിച്ചിട്ടുള്ളതെന്നും അവർ ഓർമ്മിപ്പിക്കുന്നു

കത്തുകൾ

കത്തുകളും നിർദ്ദേശങ്ങളും അയയ്ക്കേണ്ട വിലാസം: kktvmdesk@gmail.com

## മതം അറിയില്ലെന്ന് പറഞ്ഞവർ ഹിന്ദുക്കളായി

1950 കാലത്ത് പാലക്കാട് ഇന്നു പറഞ്ഞുവരുന്ന മത വേർതിരിവുകൾ ഉണ്ടായിരുന്നില്ല. പാലക്കാടുകൾപ്പെടെ ഇന്നത്തെ കേരളത്തിലും ഇന്ത്യയിലും മതം എന്നത് 19ാം നൂറ്റാണ്ടിന്റെ ആദ്യദശയിൽ ഉണ്ടായതാണ്. ബ്രിട്ടീഷ് ഭരണക്കാർ ഇന്ത്യയിൽ കാനേഷുമാരി (സെൻസസ്) കണക്കെടുപ്പ് നടത്തി. അഞ്ചു വിഷയങ്ങളാണ് കണക്കെടുപ്പുകാർ കണ്ടെത്തേണ്ടത്. ജാതി, മതം, തൊഴിൽ, വിദ്യാഭ്യാസം, വരുമാനം. ഇവയിൽ മതം ഒഴികെ മറ്റ് നാലുകാര്യങ്ങളും അറിയാനായി. മതം എന്തെന്നു ചോദിച്ചാൽ ഇല്ല അറിയില്ല എന്നൊക്കെയായിരുന്നു പ്രതികരണം. ഉദ്യോഗസ്ഥർ റസിഡൻസി സായ്പിനെയും തുടർന്ന് ഇംഗ്ളണ്ട് അധികാരികളെയും അറിയിച്ചു. അവിടെനിന്നും ഉത്തരവുണ്ടായി. ഇക്കൂട്ടരെയെല്ലാം ഹിന്ദുവാക്കൻ ഉത്തരവായി. മലബാർ മാന്വൽ സെസൻസസ് റിപ്പോർട്ട് (ആദ്യത്തെ) എന്നിവ നോക്കുക. പാലക്കാട്ടുകാർക്ക് മതമൊന്നും ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ ആർക്കും ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർ ചേർത്തതാണ് മതം.

മുസ്ലീം സമുദായത്തിൽ പാലക്കാട് സമ്പന്നർ കുറവായിരുന്നു. അപൂർവ്വം കുടുംബക്കാർ മാത്രമേ സമ്പന്നരായി കണ്ടിട്ടുള്ളൂ. മധ്യവർഗ വിഭാഗത്തിലും മുസ്ലിം കുറവാണ്. താഴേക്കിടയിലുള്ളവരാണ് ഏറെയും. അവരിൽ പല വിഭാഗക്കാരുണ്ട്. റാവുത്തർ, മരയ്ക്കാർ തുടങ്ങിയ വേർതിരിവുകൾ. ഈ മൂന്ന് തട്ടുകളിൽ ഉള്ളവരിൽ വസ്ത്രധാരണത്തിലോ മറ്റോ പ്രത്യേകതകളുണ്ടായിരുന്നില്ല. ഭാഷാ കാര്യങ്ങളിലും (തമിഴ് കലർന്ന മലയാളം) മരണാനന്തര ചടങ്ങുകളിലും പ്രത്യകതകളുണ്ടായിരുന്നു. പുരുഷന്മാർ താടി വളർത്തലോ, സ്ത്രീകൾ പർദ്ദ ധരിക്കലോ അന്നുണ്ടായിരുന്നില്ല. ഒ.വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിൽ പർദ്ദ എന്ന പരാമർശം ഉണ്ടായത് തെറ്റാണ്. അതുൾപ്പെടെ പാലക്കാട് മുസ്ളിം സമൂഹത്തെ സംബന്ധിച്ച ഒ.വി വിജയന്റെ ഭാഷാ പ്രയോഗങ്ങളും ചരിത്ര സൂചനകളും ആ നാട്ടുകാരായ പലരും സ്വീകരിക്കുന്നില്ല. ചരിത്രപരമായി അർദ്ധ സത്യങ്ങളാണ് വിജയന്റെ നിരീക്ഷണങ്ങൾ. നോവലാണെങ്കിലും പർദ്ദാവേഷം നിരവധി കുറ്റകൃത്യങ്ങൾക്കും തട്ടിപ്പുകൾക്കും വഴിവയ്ക്കുന്നുണ്ട്. പലതവണ തിരഞ്ഞെടുപ്പ് ചുമതലകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. പർദ്ദവേഷത്തിൽ വോട്ടു ചെയ്യാൻ വരുന്നവർ സ്ത്രീയോ, പുരുഷനോ എന്ന കാര്യത്തിൽ പോളിങ്ങ് ഏജന്റുമാർ ഉന്നയിക്കാറുള്ള പ്രശ്നങ്ങൾ വരും. പൊലീസ് സഹായത്തോടെ പർദ മാറ്റി പരിശോധിച്ചാൽ ആ വ്യക്തി സ്ത്രീയല്ല. പുരുഷനാണെന്നറിയും. മുഖുവരണം മുഖം മൂടി സംസ്കാരം സാംസ്കാരിക ലോകത്തിന് അഭിമതമല്ല. കാലാവസ്ഥക്കും പുതിയ കറുത്ത വസ്ത്രം ശരിയല്ല. തലമുറ ഇവ അറിഞ്ഞ് തങ്ങളെ ചൂഷണം ചെയ്തുപോരുന്ന മത സംഘടനകളെയും സ്ഥാപനങ്ങളെയും തിരിച്ചറിയണം. പുതുതലമുറയിൽ നിന്നുവേണം ഒരു റിവോൾട്ട് പരിവർത്തനം ഉണ്ടാകേണ്ടത്.

**ഷീബാ സിയോൺ**
**വെമ്പായം**

# കോൺഗ്രസ് എം എൽ എയും അനുയായികളും എൻജിനീയറെ ചെളിയിൽ കുളിപ്പിച്ചു

മുംബയ്: മഹാരാഷ്ട്രയിലെ കോൺഗ്രസ് എംഎൽഎ നിതേഷ് നാരായൺ റാണേയും അനുയായികളും ചേർന്ന് ഒരു എൻജിനീയറുടെ ദേഹത്ത് ചെളിയൊഴിച്ചു. മുംബയ്-ഗോവ ഹൈവേയിലെ കങ്കവാലിയിലാണ് സംഭവം. പാതയിലെ ഒരു പാലത്തിനു സമീപം വച്ച് റാണെയും അനുയായികളും ബക്കറ്റിൽ ചെളി നിറച്ച് എൻജിനീയർ പ്രകാശ് ഷേദേക്കറുടെ മേൽ ഒഴിക്കുന്ന വീഡിയോയാണ് പുറത്ത് വന്നത്. ദേഹമാസകലം ചെളിയിൽ മുങ്ങിയ എൻജിനീയറെ പിന്നീട് പാലത്തിൽ കെട്ടിയിട്ടു.

പ്രദേശത്തെ ഒരു സർവീസ് റോഡിന്റെ പണി പൂർത്തീകരിക്കാൻ വൈകുന്നതായി ആരോപിച്ചാണ് എംഎൽഎയും കൂട്ടരും എൻജിനീയറുടെ നേരെ അതിക്രമം കാട്ടിയത്. എൻജിനീയറെ റാണ ഭീഷണിപ്പെടുത്തുകയും ചീത്ത വിളിക്കുകയും ചെയ്യുന്നത് വീഡിയോയിൽ കാണാം. ജനങ്ങൾ ചെളിയിൽ പുതയുന്നത് കാട്ടിത്തരാമെന്ന് പറഞ്ഞ് പ്രവർത്തകരോട് എൻജിനീയറുടെ മേൽ ചെളിവാരിയെറിയാൻ ഇയാൾ ആഹ്വാനം ചെയ്യുന്നതും വീഡിയോയിൽ കേൾക്കാം.

മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രിയും ബിജെപി നേതാവുമായ നാരായൺ റാണയുടെ മകനാണ് നിതേഷ് റാണെ.

# കിരൺബേദി മാപ്പു പറഞ്ഞതിനാൽ വിവാദം വേണ്ടെന്ന് കേന്ദ്രം



ന്യൂഡൽഹി: ചെന്നൈയിലെ ജല ദൗർലഭ്യം സംബന്ധിച്ച ടീറ്റിന്റെ പേരിൽ പുതുച്ചേരി ലഫ്. ഗവർണർ കിരൺ ബേദി മാപ്പു പറഞ്ഞ സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട വിവാദങ്ങൾ അവസാനിപ്പിക്കണമെന്ന് കേന്ദ്രസർക്കാർ. പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ലോക്സഭയിൽ അഭ്യർത്ഥിച്ചതാണ് ഇക്കാര്യം.

അഴിമതിക്കാരായ രാഷ്ട്രീയക്കാരാണ് ചെന്നൈയിലെ ജല ദൗർലഭ്യത്തിന് കാരണക്കാരെന്ന തരത്തിലുള്ള കിരൺ ബേദിയുടെ ടീറ്റ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെട്ടുവെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു. ഡി.എം.കെ നേതാവ് ടി.ആർ ബാലു വിഷയം പാർലമെന്റിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ, വിഷയത്തിൽ കിരൺബേദി ഖേദപ്രകടനം നടത്തിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ള കിരൺ ബേദിയുടെ പ്രസ്താവന അദ്ദേഹം സഭയിൽ വായിക്കുകയും ചെയ്തു. ജനങ്ങളുടെ കാഴ്ചപ്പാടാണ് സ്വന്തം നിലയിൽ അവതരിപ്പിക്കാൻ ശ്രമിച്ചതെന്ന് കിരൺ ബേദി വിശദീകരിച്ചിരുന്നു. എന്നാൽ, പരാമർശം ഒഴിവാക്കാമായിരുന്നു. അത് മനസിലാക്കിയതിനാൽ ടീറ്റ് പിൻവലിക്കുന്നുവെന്നും കിരൺ ബേദി വ്യക്തമാക്കിയിരുന്നു. തമിഴ്നാട്ടിലെ ജനങ്ങളെ താൻ പുതുച്ചേരിയിലെ ജനങ്ങളെപ്പോലെയാണ് കാണുന്നതെന്നും ആരെയും വേദനിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെന്നും അവർ കൂട്ടിച്ചേർത്തു.

കോൺഗ്രസ് നേതാവ് അധീർ രഞ്ജൻ ചൗധരിയാണ് വിഷയം സഭയിൽ ഉന്നയിച്ചത്. കിരൺ ബേദി തമിഴ്നാട്ടിലെ ജനങ്ങളെ അധിക്ഷേപിക്കാൻ ശ്രമിച്ചുവെന്നും ഇതേക്കുറിച്ച് പ്രമേയം പാസാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇതിന് മറുപടി നൽകവെയാണ് കിരൺ ബേദി ഖേദം പ്രകടിപ്പിച്ചതിനാൽ വിവാദങ്ങൾ അവസാനിപ്പിക്കണമെന്ന് കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചത്.

# വെള്ളക്കെട്ട്: മുംബയിൽ കോർപ്പറേഷൻ ജീവനക്കാരനെ മർദ്ദിച്ചു

മുംബയ്: കനത്ത മഴയും വെള്ളപ്പൊക്കവും മൂലം മുംബയ് നഗരവാസികൾ കടുത്ത പ്രതിസന്ധിയിലാണ്. വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലുമെല്ലാം വെള്ളം കയറുകയും ഗതാഗത സംവിധാനങ്ങൾ താറുമാറാകുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ താമസസ്ഥലത്തെ പാർക്കിംഗ് ഏരിയയിൽ വെള്ളം കയറിയതിനെ തുടർന്ന് ഒരു കോർപ്പറേഷൻ ജീവനക്കാരനെ പ്രദേശവാസികൾ ചേർന്ന് മർദ്ദിക്കുന്ന വീഡിയോ പുറത്തുവന്നു.

മുംബയിലെ ഗണേഷ് നഗറിലുള്ള ഒരു കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയയിൽ വെള്ളം കയറിയെന്നാരോപിച്ച് കെട്ടിടത്തിലെ താമസക്കാരായ ചിലർ ചേർന്ന് കോർപ്പറേഷൻ ജീവനക്കാരനായ യുവാവിനെ മർദ്ദിക്കുന്നതാണ് വീഡിയോയിലുള്ളത്. വെള്ളത്തിനടിയിലായ ഇടങ്ങളിലൊക്കെ വെള്ളം നീക്കംചെയ്യുന്ന ജോലി പൂർത്തിയായതായി ഇയാൾ സോഷ്യൽ മീഡിയയിലൂടെ അവകാശപ്പെട്ടിരുന്നു. ഇതിൽ പ്രകോപിതരായാണ് താമസക്കാർ യുവാവിനെ അക്രമിച്ചത്.

# ഹരീഷ് റാവത്ത് അസമിന്റെ ചുമതല ഒഴിഞ്ഞു

ന്യൂഡൽഹി: കോൺഗ്രസ്സിൽ നേതാക്കളുടെ രാജി തുടരുന്നു. ലോക്സഭ തിരഞ്ഞെടുപ്പിലെ പരാജയത്തിന് പിന്നാലെ എഐസിസി ജനറൽ സെക്രട്ടറിയും ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രിയുമായ ഹരീഷ് റാവത്ത് അസം സംസ്ഥാനത്തിന്റെ പാർട്ടി ചുമതല രാജി വച്ചു.

അസമിലെ തിരഞ്ഞെടുപ്പ് പരാജയത്തിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം സ്ഥാനമൊഴിഞ്ഞത്. കോൺഗ്രസ് ദേശീയ അദ്ധ്യക്ഷ സ്ഥാനത്ത് നിന്ന് രാഹുൽ ഗാന്ധി രാജി വച്ചതിന് പിന്നാലെയാണ് ഇദ്ദേഹത്തിന്റെ രാജി.

തന്നെപ്പോലുള്ള നേതാക്കൾക്ക് പാർട്ടി പദവികൾ പ്രധാനപ്പെട്ടതല്ലെന്ന് പറഞ്ഞ അദ്ദേഹം രാഹുൽ ഗാന്ധി പാർട്ടിയെ നയിക്കേണ്ട ആളാണെന്നും പറഞ്ഞു. നേതൃത്വം അദ്ദേഹത്തിന്റെ കയ്യിലാണെങ്കിൽ 2022 ൽ കോൺഗ്രസ് അധികാരത്തിലെത്തുമെന്നും അദ്ദേഹം പറഞ്ഞു.

# ഉദയനിധി സ്റ്റാലിനും ഡി എം കെ തലപ്പത്തേക്ക്



ചെന്നൈ: ഡി.എം.കെ. അദ്ധ്യക്ഷൻ എം.കെ. സ്റ്റാലിന്റെ മകനും നടനുമായ ഉദയനിധി സ്റ്റാലിനെ ഡി.എം.കെ.യുടെ യുവജനവിഭാഗം സെക്രട്ടറിയായി നിയമിച്ചേക്കും. യുവജനവിഭാഗം സെക്രട്ടറിയായിരുന്ന മുൻമന്ത്രി വെള്ളക്കോവിൽ സ്വാമിനാഥൻ സ്ഥാനം രാജി വയ്ക്കുന്നതായി പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഉദയനിധി സ്റ്റാലിൻ പാർട്ടിയുടെ നേതൃസ്ഥാനത്തെത്തുന്നത്.

ഉദയനിധി സ്റ്റാലിൻ നിലവിൽ കരുണാനിധി കുടുംബത്തിന്റെ കീഴിലുള്ള മുരശൊലി ട്രസ്റ്റിന്റെ മാനേജിംഗ് ഡയറക്ടറാണ്. പാർട്ടിയുടെ മുഖപത്രമായ മുരശൊലിയുടെ നടത്തിപ്പിലും പ്രധാനപങ്കു വഹിക്കുന്നു. പിതാവായ എം.കെ. സ്റ്റാലിൻ 35 വർഷത്തോളം അലങ്കരിച്ചിരുന്ന പദവിയിലേക്കാണ് മകനായ ഉദയനിധി സ്റ്റാലിനും ഇപ്പോൾ എത്തുന്നത്.

രണ്ടുവർഷമായി ഡി.എം.കെയുടെ പ്രവർത്തനങ്ങളിലും തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും അദ്ദേഹം സജീവമായിരുന്നു. ഉദയനിധി പാർട്ടിയുടെ തലപ്പത്തേക്ക് എത്തുന്നതോടെ കൂടുതൽ യുവാക്കളെ പാർട്ടിയിലേക്ക് ആകർഷിക്കാനാകുമെന്നാണ് ഡി.എം.കെ. നേതാക്കളുടെ പ്രതീക്ഷ.



കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ കേന്ദ്രബജറ്റിന്റെ അവസാന മിനുക്കു പണിയിൽ

# വെല്ലൂരിൽ ആഗസ്റ്റ് 5ന് തിരഞ്ഞെടുപ്പ്

ചെന്നൈ: തമിഴ്നാട്ടിലെ വെല്ലൂർ ലോക്സഭ മണ്ഡലത്തിൽ ആഗസ്റ്റ് അഞ്ചിന് തിരഞ്ഞെടുപ്പ്. മണ്ഡലത്തിൽ അനധികൃതമായി പണം കണ്ടെത്തിയതിനെ തുടർന്നാണ് നേരത്തെ തിരഞ്ഞെടുപ്പ് റദ്ദാക്കിയിരുന്നത്. ഡിഎംകെ സ്ഥാനാർത്ഥിയായിരുന്ന കതിർ ആനന്ദിന്റെ വസതിയിൽ നിന്നും ഗോഡൗണിൽ നിന്നുമായി 12 കോടി രൂപയോളമാണ് ആദായനികുതി വകുപ്പ് പിടിച്ചെടുത്തത്. ഡിഎംകെ സ്ഥാനാർത്ഥിയെ മാത്രം അയോഗ്യനാക്കി തിരഞ്ഞെടുപ്പ് നടത്തണമെന്ന് അണ്ണാഡിഎംകെ ആവശ്യപ്പെട്ടെങ്കിലും മദ്രാസ് ഹൈക്കോടതി അംഗീകരിച്ചിരുന്നില്ല. നിലവിൽ അണ്ണാഡിഎംകെയുടെ സിറ്റിംഗ് സീറ്റാണെങ്കിലും ഡിഎംകെയ്ക്ക് ശക്തമായ സ്വാധീനമുള്ള മണ്ഡലം കൂടിയാണ്.



ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ മകൻ ശൈഖ് ഖാലിദ് ബിൻ സുൽത്താൻ അൽ ഖാസിമിയുടെ മൃതദേഹം ഖബറടക്കാനെത്തിച്ചപ്പോൾ

# ശൈഖ് ഖാലിദ് ബിൻ സുൽത്താന് വിട

ഷാർജ: ഷാർജ ഭരണാധികാരി ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ മകൻ ശൈഖ് ഖാലിദ് ബിൻ സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ മൃതദേഹം ഖബറടക്കി. ഷാർജ രാജകുടുംബാംഗങ്ങളും സുഹൃത്തുക്കളും ബന്ധുക്കളും സാധാരണക്കാരുമടങ്ങുന്ന വൻജനാവലിയുടെ സാന്നിദ്ധ്യത്തിൽ കിംഗ് ഫൈസൽ പള്ളിയിലാണ് ബുധനാഴ്ച രാവിലെ മയ്യിത്ത് നമസ്കാരം നടന്നത്. പിന്നീട് അൽ ജുബൈലിലായിരുന്നു ഖബറടക്കം.

രാജകുടുംബാംഗത്തിന്റെ മരണാനന്തര ചടങ്ങുകൾ നടക്കുന്നതിനാൽ ഷാർജയിൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. യുഎഇയിൽ മൂന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു. മൂന്ന് ദിവസത്തേക്ക് യുഎഇ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും.

തിങ്കളാഴ്ച ലണ്ടനിൽ വച്ചാണ് ശൈഖ് ഖാലിദ് ബിൻ സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി മരിച്ചത്. യുഎഇ പ്രസിഡന്റ് ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ, വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം അബുദാബി കിരീടാവകാശിയും യുഎഇ ഉപസൈന്യാധിപനുമായ ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ തുടങ്ങിയവർ അനുശോചനമർപ്പിച്ചു.

# സൈന്യത്തിനായി 114 യുദ്ധ വിമാനങ്ങൾ വാങ്ങും



ന്യൂഡൽഹി: പ്രതിരോധ സേനകൾക്കായി 114 യുദ്ധ വിമാനങ്ങൾ വാങ്ങാൻ പ്രതിരോധ മന്ത്രാലയം ഒരുങ്ങുന്നു. ഇതു സംബന്ധിച്ച ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കും.

ലോകത്തിലെ ഏറ്റവും വലിയ യുദ്ധ വിമാന ഇടപാടെന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഏകദേശം ഒരു ലക്ഷം കോടി രൂപയിലധികം വരുന്ന ഇടപാടാണിത്.

ബോയിംഗ്, ലോക്ഹീഡ് മാർട്ടിൻ, സ്വീഡിഷ് കമ്പനിയായ സാബ് തുടങ്ങിയ വൻകിട ആയുധ കമ്പനികൾ രംഗത്തുണ്ട്. കഴിഞ്ഞവർഷം വിമാന ഇടപാടുമായി ബന്ധപ്പെട്ട് ചില നിബന്ധനകൾ പുറത്തുവിട്ടിരുന്നു. ഇത് പ്രകാരം 85 ശതമാനം ഉത്പാദനവും ഇന്ത്യയിൽ നിന്നായിരിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്.

പ്രതിരോധ സേനകളുടെ ആധുനികവത്ക്കരണം മോദി സർക്കാരിന്റെ സുപ്രധാന അജണ്ടകളിലൊന്നാണ്. കര, നാവിക, വ്യോമ സേനകൾക്കും തീരസംരക്ഷണ സേനയ്ക്കും ആവശ്യമായ ആയുധങ്ങളും പ്രതിരോധ ഉപകരണങ്ങളും സംഭരിക്കുന്ന പ്രക്രിയയ്ക്ക് സർക്കാർ തുടക്കം മുതൽ ശ്രദ്ധകൊടുത്തിരുന്നു.

വ്യോമസേനയ്ക്കും നാവിക സേനയ്ക്കുമായി കുറഞ്ഞത് 400 ഒറ്റ എൻജിൻ, ഇരട്ട എൻജിൻ യുദ്ധവിമാനങ്ങൾ ആവശ്യമുണ്ട്. ഇത് പരിഹരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഫ്രാൻസുമായി ഒപ്പിട്ട റാഫേൽ കരാർ പ്രകാരമുള്ള ആദ്യ റാഫേൽ യുദ്ധവിമാനം ഉടൻ വ്യോമസേനയുടെ ഭാഗമാകും. അടിയന്തര പ്രാധാന്യം പരിഗണിച്ച് 36 യുദ്ധവിമാനങ്ങൾക്കാണ് ഇന്ത്യ കരാർ നൽകിയിരിക്കുന്നത്.

വിമാനങ്ങൾക്ക് പുറമെ ടാങ്കുകൾ, കവചിത വാഹനങ്ങൾ, യുദ്ധക്കപ്പലുകൾ, അന്തർവാഹിനികൾ തുടങ്ങിയവയും ഇന്ത്യ വാങ്ങുന്നുണ്ട്. ഇതിനായി അന്താരാഷ്ട്ര കമ്പനികളിൽ നിന്ന് താത്പര്യ പത്രം ക്ഷണിച്ചു.

# അബുദാബി ബിഗ് ടിക്കറ്റ്; മലയാളി യുവതിക്ക് 22 കോടി




അബുദാബി: ബുധനാഴ്ച നടന്ന അബുദാബി ബിഗ് ടിക്കറ്റ് നറുക്കെടുപ്പിൽ 1.2 കോടി ദിർഹത്തിന്റെ (22 കോടിയിലധികം ഇന്ത്യൻ രൂപ) ഒന്നാം സമ്മാനം മലയാളി യുവതിക്ക്. കൊല്ലം സ്വദേശി സ്വപ്ന നായരെയാണ് കഴിഞ്ഞ ജൂൺ ഒൻപതിന് എടുത്ത ടിക്കറ്റിലൂടെ ഭാഗ്യം തേടിയെത്തിയത്. 217892-ാം നമ്പർ ടിക്കറ്റായിരുന്നു സ്വപ്ന എടുത്തിരുന്നത്.

തിരുവനന്തപുരം സ്വദേശിയായ ഭർത്താവിനൊപ്പം 2010 മുതൽ സ്വപ്ന യുഎഇയിൽ താമസിക്കുകയാണ്. നറുക്കെടുപ്പ് വേദിയിൽ വച്ചുതന്നെ അധികൃതർ ഫോണിലൂടെ സ്വപ്നയെ സമ്മാനവിവരം അറിയിച്ചു. തന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു നറുക്കെടുപ്പിൽ സമ്മാനം ലഭിക്കുന്നതെന്ന് പറഞ്ഞ സ്വപ്ന, ബിഗ് ടിക്കറ്റ് അധികൃതർക്ക് നന്ദിയും അറിയിച്ചു.

പാകിസ്ഥാനിയായ പ്രവാസിക്കാണ് ഒരു ലക്ഷം ദിർഹത്തിന്റെ രണ്ടാം സമ്മാനം. ഇതൊഴികെ മറ്റ് സമ്മാനങ്ങൾ ലഭിച്ചതും ഇന്ത്യക്കാർക്ക് തന്നെയായിരുന്നു. ഹൻസ്രാജ് മുകേഷ് ഭാട്ടിയ എന്ന ഇന്ത്യൻ പൗരന് ബിഎംഡബ്ല്യൂ 7 സീരീസാണ് സമ്മാനം ലഭിച്ചത്. ഇന്ത്യക്കാരനായ ജോസിന് 90,000 ദിർഹവും സുരേഷ് എടവനയ്ക്ക് 80,000 ദിർഹവും സമ്മാനം ലഭിച്ചു. ഇതിന് പുറമെ മാത്യൂ വർഗീസ്, രാധാകൃഷ്ണൻ, നിഖാത് ഷബാന എന്നീ ഇന്ത്യക്കാർക്കും വിവിധ തുകകൾ സമ്മാനമായി ലഭിച്ചു.

# കുൽഭൂഷൺ ജാദവ് കേസിൽ അന്താരാഷ്ട്ര കോടതി വിധി ഈ മാസം



ന്യൂഡൽഹി: ചാരവൃത്തി ആരോപിച്ച് പാകിസ്താൻ പട്ടാളകോടതി വധശിക്ഷക്ക് വിധിച്ച ഇന്ത്യൻ നാവികസേന മുൻ ഉദ്യോഗസ്ഥൻ കുൽഭൂഷൺ ജാദവിന്റെ കേസിൽ അന്താരാഷ്ട്ര നീതിന്യായ കോടതി ഈ മാസം അവസാനത്തോടെ വിധി പറയും. ചാരപ്രവർത്തനം ആരോപിച്ചാണ് കുൽഭൂഷൻ ജാദവിനെ പാകിസ്താൻ 2016 മാർച്ചിൽ ബലൂചിസ്ഥാനിൽ വച്ച് അറസ്റ്റ് ചെയ്തത്.

പാകിസ്താൻ പട്ടാളകോടതിയുടെ വിചാരണ പ്രഹസനമായിരുന്നെന്നും കുൽഭൂഷണിനെ വെറുതെവിടണമെന്നും ഇന്ത്യ ആവശ്യപ്പെട്ടിരുന്നു. തുടർന്നാണ് ഇന്ത്യ അന്താരാഷ്ട്ര നീതിന്യായ കോടതിയെ സമീപിച്ചത്. 2017 മേയിൽ കുൽഭൂഷണിന്റെ വധശിക്ഷ നടപ്പാക്കുന്നത് കേസിൽ തീർപ്പുകൽപ്പിക്കുന്നത് വരെ അന്താരാഷ്ട്ര കോടതി തടഞ്ഞു.

കുൽഭൂഷണെതിരായ ചാരവൃത്തി ആരോപണത്തിന് തെളിവില്ലെന്നും അദ്ദേഹത്തിന് ആവശ്യമായ നിയമസഹായം നൽകാത്ത പാകിസ്ഥാന്റെ നടപടി വിയന്ന കൺവെൻഷൻ ഉടമ്പടിയുടെ ലംഘനമാണെന്നും ഇന്ത്യ വാദിച്ചിരുന്നു. നാവികസേന ഉദ്യോഗസ്ഥനായ കുൽഭൂഷൺ വിരമിച്ച ശേഷം വ്യാപാര ആവശ്യങ്ങൾക്കായി ഇറാനിലെത്തിയപ്പോൾ തട്ടിക്കൊണ്ടുപോകുകയായിരുന്നെന്നാണ് ഇന്ത്യയുടെ വാദം.

എന്നാൽ, കുൽഭൂഷൺ ചാരനാണെന്ന വാദത്തിൽ ഉറച്ചുനിൽക്കുകയാണ് പാകിസ്താൻ. കുൽഭൂഷണ് നിയമസഹായം ഏർപ്പെടുത്തണമെന്ന ഇന്ത്യയുടെ ആവശ്യവും പാകിസ്താൻ തള്ളി. സ്വന്തം ചാരൻ ശേഖരിച്ച വിവരങ്ങൾ ലഭിക്കാൻ വേണ്ടിയാണ് ഇന്ത്യ ഇത്തരത്തിൽ ആവശ്യപ്പെടുന്നതെന്നായിരുന്നു പാക് വാദം. കുൽഭൂഷണിന്റെതെന്ന പേരിൽ കുറ്റസമ്മത മൊഴിയും പാകിസ്താൻ ഹാജരാക്കിയിരുന്നു.

അതിനിടെ, 2017 ഡിസംബറിൽ കുൽഭൂഷണിന്റെ ഭാര്യക്കും മാതാവിനും ഇസ് ലാമാബാദിലെത്തി അദ്ദേഹത്തെ കാണാൻ പാകിസ്താൻ അവസരം നൽകിയിരുന്നു.

# ഒക്ലഹോമയിൽ വെള്ളച്ചാട്ടത്തിൽ മലയാളി യുവതി മുങ്ങി മരിച്ചു



ഒക്ലഹോമ: ഒക്ലഹോമ ടർണർ ഫോൾസ് സന്ദർശിക്കുന്നതിനിടെ മലയാളി യുവതി മുങ്ങി മരിച്ചു. ഡാലസ് സെന്റ് തോമസ് കാത്തലിക്ക് ചർച്ച് അംഗമായ ജോസ്, ലൈലാമ്മ ജോസ് ദമ്പതികളുടെ മകൾ ജെസ്ലിൻ ജോസ് (27) ആണ് മരിച്ചത്. ജൂലൈ 3 ബുധനാഴ്ച വൈകിട്ടായിരുന്നു സംഭവം. കൂട്ടുകാരിയുടെ ജന്മദിനം ആഘോഷിക്കുന്നതിനാണ് നാലുപേരുള്ള സംഘം ഡാലസിൽ നിന്നും ടർണർ ഫോൾസിലെത്തിയത്.

നല്ല അടിയൊഴുക്കുണ്ടായിരുന്ന ഭാഗത്ത് നീന്താൻ ഇറങ്ങിയ ഇവർ ഒഴുക്കിൽപ്പെടുകയായിരുന്നു. ഒഴുക്കിൽപ്പെട്ട മൂന്നുപേരെയും രക്ഷപ്പെടുത്തിയെങ്കിലും ജെസ്ലിനെ രക്ഷിക്കാനായില്ലെന്ന് ഡേവിസ് പൊലീസ് ചീഫ് ഡാൻ കൂപ്പർ പറഞ്ഞു. സമീപത്തുണ്ടായിരുന്നവരാണ് മറ്റു മൂന്നു പേരെയും കരയ്ക്ക് കയറ്റിയത്. പ്രധാന പൂൾ അടച്ച് നടത്തിയ തിരച്ചിലിനൊടുവിലാണ് യുവതിയുടെ മൃതദേഹം കണ്ടെടുത്തത്.



മസഡോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ കമ്മഡോർ രാകേഷ് ആനന്ദ് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗുമായി ചർച്ച നടത്തിയപ്പോൾ

# ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ നൽകാത്ത സ്പോൺസർമാർ കരിമ്പട്ടികയിൽ

കുവൈത്ത് സിറ്റി: ഗാർഹിക മേഖലയിൽ നിന്ന് ആവർത്തിച്ചു വരുന്ന പരാതികളുടെ പശ്ചാത്തലത്തിൽ കുവൈത്തിൽ ഗാർഹിക തൊഴിലാളികൾക്ക് അവകാശങ്ങൾ നൽകാത്ത സ്പോൺസർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നീക്കം. മനുഷ്യവിഭവ അതോറിറ്റിയാണ് നടപടിക്ക് ഒരുങ്ങുന്നത്. പ്രാദേശിക ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ മാൻപവർ അതോറിറ്റി ഡയറക്ടർ ജനറൽ അഹമ്മദ് അൽ മൂസയാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഗാർഹികത്തൊഴിലാളികളുമായി ബന്ധപ്പെട്ട അവകാശ നിഷേധങ്ങൾ, വേതനം നൽകാതിരിക്കാൻ, പീഡനം തുടങ്ങി നിരവധി പരാതികളാണ് കുവൈത്തിൽ അധികൃതർക്ക് ലഭിക്കുന്നത്.

ഒരു സ്പോൺസർക്കെതിരെ ഏഴും എട്ടും തവണ പരാതികൾ ലഭിക്കുന്ന സാഹചര്യമുണ്ട്. ഇത്തരക്കാരെ വീണ്ടും തൊഴിലാളികളെ കൊണ്ടുവരാൻ അനുവദിക്കുന്നത് യുക്തിയല്ലെന്നതിനാലാണ് കരിമ്പട്ടികയിൽപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നത്. നിരവധി തവണ തൊഴിലാളികളിൽ നിന്ന് പരാതി ലഭിക്കുന്ന സ്പോൺസർമാരെയും റിക്രൂട്ട്മെന്റ് ഓഫീസുകളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി റിക്രൂട്ട്മെന്റിന് അനുമതി നിഷേധിക്കാനാണ് അതോറിറ്റി നീക്കം നടത്തുന്നത്.

സ്വാകാര്യ തൊഴിൽ മേഖലയിൽ നിലവിൽ കരിമ്പട്ടിക സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിൽ വീഴ്ച കാണിക്കുന്ന സ്ഥാപനങ്ങളുടെ ഫയലുകൾ മരവിപ്പിച്ച് റിക്രൂട്ട്മെന്റ് വിലക്കുകയാണ് സ്വകാര്യമേഖലയിൽ ചെയ്തുവരുന്നത്. സമാന സംവിധാനം ഗാർഹിക മേഖലയിലും നടപ്പാക്കാനാണ് ആലോചിക്കുന്നതെന്നും മാൻപവർ അതോറിറ്റി ഡയറക്ടർ പറഞ്ഞു.

# മിലിട്ടറി പൊലീസിലെ 100 ഒഴിവിലേക്ക് അപേക്ഷിച്ചത് രണ്ടു ലക്ഷം വനിതകൾ



ന്യൂഡൽഹി: കരസേനയുടെ വനിത പൊലീസ് തസ്തികയിലേക്ക് അപേക്ഷിച്ചത് രണ്ട് ലക്ഷത്തിലേറെ യുവതികൾ. 100 ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. മിലിട്ടറി പൊലീസ് തസ്തികയിലേക്ക് ആദ്യമായാണ് വനിതകൾക്കായി കരസേന റിക്രൂട്ട്മെന്റ് നടത്തുന്നത്.

ഏപ്രിലിൽ നൽകിയ വിജ്ഞാപനത്തിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ ആറിനായിരുന്നെങ്കിലും പിന്നീടത് ജൂൺ 30 വരെ ദീർഘിപ്പിച്ചിരുന്നു. അംബാല, ലഖ്നൗ, ജബൽപുർ, ബെൽഗാം, ഷില്ലോംഗ് എന്നിവിടങ്ങളിൽ വച്ച് നടത്തുന്ന റിക്രൂട്ട്മെന്റ് റാലികളിലേക്ക് അർഹരായ ഉദ്യോഗാർഥികളെ ക്ഷണിച്ചു കൊണ്ട് കോൾലെറ്റർ അയക്കുന്നതുൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചതായി അധികൃതർ അറിയിച്ചു.

റിക്രൂട്ട്മെന്റ് റാലിയുടെ ആദ്യഘട്ടം കർണാടകത്തിലെ ബെൽഗാമിൽ ജൂലായ് അവസാനവാരം നടത്തും.

കരസേനയിലെ ക്രമസമാധാന പാലനം, അച്ചടക്കം തുടങ്ങിയ കാര്യങ്ങൾ നോക്കുന്നത് മിലിട്ടറി പൊലീസാണ്. പി.ബി.ഒ.ആറിൽപ്പെട്ട ഈ തസ്തികയിലേക്ക് പുരുഷന്മാരെ മാത്രമേ ഇതുവരെ നിയമിച്ചിരുന്നുള്ളൂ. ബലാത്സംഗം, ലൈംഗികപീഡനം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ അന്വേഷിക്കുക, സൈന്യത്തിന് ആവശ്യമുള്ളപ്പോൾ പൊലീസ് സഹായം നൽകുക, അതിർത്തികളിൽ കുഴപ്പങ്ങൾ തലപൊക്കുമ്പോൾ അവിടത്തെ താമസക്കാരെ ഒഴിപ്പിക്കുക, അഭയാർഥി സംഘങ്ങളെ നിയന്ത്രിക്കുക, പ്രശ്നബാധിത പ്രദേശങ്ങളിൽ സൈന്യം തിരച്ചിൽ നടത്തുമ്പോൾ സ്ത്രീകളെ പരിശോധിക്കുക എന്നിവയാണ് പി.ബി.ഒ.ആർ. വിഭാഗങ്ങളുടെ പ്രധാന ചുമതലകൾ.

കൂടാതെ, യുദ്ധകാലത്ത് യുദ്ധത്തടവുകാരെ പാർപ്പിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പുകളും ഇവർ നടത്തും. കോംഗോ, സൊമാലിയ, റുവാൺഡ, സിയെറാ ലിയോൺ എന്നിവിടങ്ങളിലെ ഐക്യരാഷ്ട്രസഭാ ദൗത്യസംഘങ്ങളുടെ ഭാഗമാണ് മിലിട്ടറി പൊലീസ് .

നിലവിൽ ഓഫീസർ റാങ്കുകളിൽ മാത്രമേ സൈന്യത്തിൽ വനിതകളെ നിയമിച്ചിട്ടുള്ളു. യുദ്ധക്കപ്പലുകൾ, സായുധ വിഭാഗങ്ങൾ എന്നിവകളിലേക്ക് വനിതകളെ ഇതുവരെ നിയമിച്ചിരുന്നില്ല. കരസേനയിൽ 1500, വ്യോമസേനയിൽ 1600. നാവികസേനയിൽ 500 എന്നിങ്ങനെയാണ് വനിത ഓഫീസർമാരുടെ സാന്നിധ്യം. കഴിഞ്ഞവർഷമാണ് കേന്ദ്രസർക്കാർ ഓഫീസർമാരല്ലാത്ത പോസ്റ്റിലേക്ക് വനിതകളെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചത്.

# വാടകവീട്ടിൽ യുവതി മരിച്ച നിലയിൽ; സുഹൃത്തിന്റെ മൃതദേഹം റെയിൽവേ ട്രാക്കിൽ

കൊട്ടാരക്കര: വീട്ടമ്മയെ വാടക വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. ഭർത്തൃബന്ധുവായ യുവാവിനെ റെയിൽവേ ട്രാക്കിൽ മരിച്ച നിലയിലും കണ്ടെത്തി.

കോട്ടാത്തല മൂഴിക്കോട് ഏറത്തുമുക്കിൽ പ്ലാക്കുഴി വീട്ടിൽ രാജന്റെയും ശാന്തിയുടെയും മകൾ സ്മിത (33) ആണ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത്. ഭർത്തൃബന്ധുവായ കൊല്ലം കിളികൊല്ലൂർ മങ്ങാട് പുലരിയിൽ (കാഞ്ഞിരക്കാട്ടു വീട്ടിൽ) സനീഷ് (32) ന്റെ മൃതദേഹമാണ് കൊല്ലം ഫാത്തിമാ മാതാ കോളേജിന് സമീപം ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തിയത്.

ഇന്നലെ പുലർച്ചെ ആറിനാണ് സ്മിതയെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. രണ്ടു കുട്ടികളുടെ അമ്മയായ സ്മിത രണ്ട് വർഷമായി പുത്തൂർ വെണ്ടാറിൽ വാടകക്ക് താമസിച്ചു വരികയായിപുന്നു.

ഇവരുടെ ഭർത്താവ് ദീപേഷ് വിദേശത്താണ്. ഭർത്താവിന്റെ ബന്ധു സനീഷ് ഈ വീട്ടിലെ നിത്യസന്ദർശകനായിരുന്നു എന്ന് സമീപവാസികൾ പറയുന്നു. കാറിലെത്തി യുവതിയെ കൂട്ടിക്കൊണ്ടു പോകുന്നതും പതിവായിരുന്നു.

കഴിഞ്ഞ ദിവസം രാത്രിയിലും ഇയാൾ ഇവിടെ എത്തിയിരുന്നു. ഇന്നലെ പുലർച്ചെ 5.30ന് സ്മിതയുടെ സുഹൃത്ത് കോട്ടാത്തല സ്വദേശിനി ബീനയെ വിളിച്ച് സ്മിതക്ക് സുഖമില്ല എന്ന് സനീഷ് അറിയിച്ചു.



സ്മിത



സനീഷ്

ബീനയും ഭർത്താവും ആറു മണിയോടെ ഈ വീട്ടിലെത്തിയെങ്കിലും സ്മിത മരിച്ചിരുന്നു. സമീപവാസികളുടെ സഹായത്തോടെ കൊട്ടാരക്കര താലൂക്കാശുപത്രിയിലെത്തിച്ചാണ് മരണം സ്ഥിരീകരിച്ചത്. ശ്വാസം മുട്ടിച്ചു കൊലപ്പെടുത്തുകയായിരുന്നു എന്നാണ് പ്രാഥമിക നിഗമനം. കഴുത്തിൽ പാടുകളും കണ്ടെത്തി.

തുടർന്ന് മൃതദേഹം പോസ്റ്റുമാർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കു മാറ്റി. മൂന്നു മണിക്കൂറിനു ശേഷമാണ് സനീഷിനെ കൊല്ലത്ത് ട്രെയിൻ തട്ടി മരിച്ച നിലയിൽ കാണപ്പെട്ടത്. ഇവർ തമ്മിലുള്ള ബന്ധത്തോടൊപ്പം സാമ്പത്തിക ഇടപാടുകളും അനിഷ്ട സംഭവങ്ങൾക്കു പിന്നിലുണ്ടെന്ന് പൊലീസ് സംശയിക്കുന്നു. സ്മിതയുടെ മക്കളിൽ നിന്നും ഇത്തരം ചില സൂചനകൾ ലഭിച്ചിട്ടുണ്ട്.

എസി മെക്കാനിക്കായിരുന്നു ട്രെയിൻ തട്ടി മരിച്ച സനീഷ്. നിരഞ്ജൻ, നീരജ് എന്നിവരാണ് സ്മിതയുടെ മക്കൾ. വിദേശത്തുള്ള ഭർത്താവ് നാട്ടിലെത്തിയ ശേഷമായിരിക്കും സ്മിതയുടെ സംസ്കാരം.സംഭവത്തെ കുറിച്ച് പുത്തൂർ പൊലീസ് അന്വേഷണം ആരംഭിച്ചു.

## ബസും ടിപ്പറും കൂട്ടിയിടിച്ച് 20 പേർക്ക് പരിക്ക്

കൊല്ലം: തമിഴ്നാട്ടിൽ കെ.എസ്.ആർ.ടി.സി ബസും ടിപ്പർലോറിയും കൂട്ടിയിടിച്ച് ഇരുപതോളം യാത്രക്കാർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ചെങ്കോട്ടയിലെ സർക്കാർ ആശുപത്രിയിലും സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഇന്നലെ ഉച്ചയ്ക്ക് പുനലൂരിൽ നിന്ന് പുറപ്പെട്ട ചെങ്കോട്ട-അച്ചൻകോവിൽ ബസാണ് വൈകിട്ട് 4.30ന് അപകടത്തിൽപ്പെട്ടത്. തമിഴ്നാട്ടിലെ കോട്ടവാസലിനും അച്ചൻകോവിലിനും മദ്ധ്യേ വച്ചായിരുന്നു അപകടം.



അപകടത്തിൽപ്പെട്ട ബസ്

## വിദ്യാർത്ഥി മുങ്ങി മരിച്ചു

കോഴിക്കോട്: കോഴിക്കോട് കുളിക്കാൻ കുളിക്കാനിറങ്ങിയ മെഡിക്കൽ വിദ്യാർത്ഥി മുങ്ങി മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് എം ബി ബി എസ് വിദ്യാർത്ഥിയായ മുഹമ്മദ് അസ്‌ലം (22) ആണ് മരിച്ചത്.എം എസ് എഫ് മെഡിഫെഡ് സ്റ്റേറ്റ് കമ്മിറ്റി മെമ്പറും എം എസ് എഫ് അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറുമാണ് അസ്‌ലം. മെഡിക്കൽ കോളെജിൽ പൊതുദർശനത്തിന് വെച്ച മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോയി.

## പെൺകുട്ടിയെ പീഡിപ്പിച്ച 40കാരൻ അറസ്റ്റിൽ

അനന്തപുർ: ആന്ധ്രപ്രദേശിലെ അനന്തപുരിൽ അഞ്ച് വയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിച്ച 40കാരനെ പൊലീസ് അറസ്റ്റ് ചെയ്തു. കിരൺ എന്നയാളെയാണ് അറസ്റ്റ് ചെയ്തത്. ജോലിക്ക് പോയ രക്ഷിതാക്കൾ തിരിച്ചെത്തിയപ്പോൾ അബോധാവസ്ഥയിൽ രക്തം വാർന്ന് കിടക്കുന്ന മകളെയാണ് കണ്ടത്. പ്രതിക്കെതിരെ പോക്സോ നിയമ പ്രകാരം കേസെടുത്തു.

## മർദ്ദിച്ചതായി പരാതി

പാറശാല: വീടുകൾ തോറും മീൻ വില്പന നടത്തുന്ന മത്സ്യത്തൊഴിലാളി സ്ത്രീയെ മർദ്ദിച്ചതായി പരാതി. വ്യാഴാഴ്ച ഉച്ചക്ക് 12 മണിയോടെ ആറയൂരിന് സമീപമാണ് സംഭവം. പൊഴിയൂർ സ്വദേശിയായ മത്സ്യത്തൊഴിലാളിയായ മദ്ധ്യവയസ്കയെയാണ് കൊറ്റാമം സ്വദേശി സാബു മർദ്ദിച്ചത്. അടിയേറ്റ് കുഴഞ്ഞു വീണ ഇവരെ നാട്ടുകാരാണ് പാറശാല താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചത്.

# അനധികൃത വിൽപ്പനയ്ക്ക് എത്തിച്ച വിദേശ മദ്യം പിടികൂടി

മൂന്നാർ: എക്സൈസ് നടത്തിയ വാഹന പരിശോധനയിൽ അനധികൃത വിൽപ്പനയ്ക്ക് കടത്തിക്കൊണ്ടുവന്ന എഴുപത്തിയഞ്ച് ലിറ്റർ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം പിടികൂടി. എക്സൈസിനെ കണ്ട് അമിത വേഗതയിലെത്തിയ വാഹനം ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് നിർത്തി പ്രതി ഒടി രക്ഷപ്പെട്ടു.

ഹൈറേഞ്ച് മേഖലയിൽ വൻതോതിൽ അനദികൃത മദ്യ വിൽനടക്കുന്നുണ്ടെന്നും തോട്ടം മേഖലകൾ കേന്ദ്രീകരിച്ച് ഇത്തരം വിൽപ്പന തകൃതിയായി നടക്കുന്നതെന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ എക്സെയിസ് ഇടുക്കി ഡെപ്യൂട്ടി കമ്മീഷണർ എം ജെ ജോസഫിന്റെ നിർദ്ദേശത്തെ തുടർന്ന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ രാത്രികാലങ്ങളിലടക്കം എക്സെയിസ് പരിശേധന കർശനമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് വെളുപ്പിന് മൂന്നാർ സർക്കിൾ ഇൻസ്പെകുർ ടോമി ജേക്കബിന്റെ നേതൃത്വത്തിൽ കൊച്ചി ധനുഷ്കൊടി ദേശീയ പാതയിൽ മച്ചിപ്ലാവിന് സമീപം നടത്തിയ വാഹന പരിശോധനയിലാണ് കാറിൽ കടത്തിക്കൊണ്ട് വന്ന എഴുപത്തിയഞ്ച് ലിറ്റർ മദ്യം പിടികൂടിയത്. വാഹനത്തിന് കൈകാണിച്ച എക്സെയിസ് ഉദ്യോഗസ്ഥരെ കണ്ട് വാഹനം നിർത്താതെ ഓടിച്ച് പോയ കാർ സമീപത്തെ പോസ്റ്റിൽ ഇടിച്ച് നിൽക്കുകയായിരുന്നു.

ഉദ്യോഗസ്ഥർ ഓടിയെത്തും മുമ്പെ പ്രതി കാർ ഉപേക്ഷിച്ച് ഓടി രക്ഷപ്പെടുകയായിരുന്നു.


കാറിൽ നിന്നും നൂറ്റി അമ്പത് കുപ്പികളിൽ സൂക്ഷിച്ചിരുന്ന മദ്യവും കാറും എക്സൈസ് പിടിച്ചെടുത്തു. വാഹനത്തിൽ നിന്നും പ്രതിയുടെ മൊബൈൽഫോണും മറ്റും കണ്ടെത്തിയെന്നും പ്രതിയെ പിടികൂടുന്നതിന് അന്വേഷണം ഊർജ്ജിതമാക്കിയെന്നും എക്സെയിസ് ഉദ്യോഗസ്ഥർ അറിയിച്ചു.



പിടിച്ചെടുത്ത വിദേശ മദ്യം.

# ട്രെയിനിടിച്ച് യുവാവ് മരിച്ചു

നേമം: തിരുവനന്തപുരം-കന്യാകുമാരി പാതയിൽ പാപ്പനംകോട് എസ്റ്റേറ്റിന് സമീപം റെയിൽവേ ട്രാക്കിൽ ട്രെയിനിടിച്ച് യുവാവ് മരിച്ചു. സന്തോഷ്കുമാർ (43) ആണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്കായിരുന്നു സംഭവം. ഇതിനെ തുടർന്ന് അര മണിക്കൂറോളം ട്രെയിൻ നിർത്തിയിട്ടു. നേമം പൊലീസ് സ്ഥലത്തെത്തിയ ശേഷമാണ് ട്രെയിൻ പുറപ്പെട്ടത്. തിരുവനന്തപുരത്ത് നിന്ന് തൃച്ചിയിലേയ്ക്ക് പുറപ്പെട്ട ഇന്റർസിറ്റി തീവണ്ടിയാണ് ഇടിച്ചത്. മൃതദേഹത്തിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡിൽ നിന്നും സന്തോഷ്കുമാറിന്റെ രണ്ട് മേൽവിലാസങ്ങളാണ് പൊലീസിന് ലഭിച്ചത്. രണ്ട് വിലാസത്തിൽ പൊലീസ് അന്വേഷിച്ചിട്ടും ബന്ധുക്കളുടെ വിവരം കിട്ടിയില്ല. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി മെഡിക്കൽ കോളേജ് മോർച്ചറിയിലേയ്ക്ക് മാറ്റി.



സന്തോഷ്കുമാർ

## എയർ ഇന്ത്യ ജീവനക്കാരെ അധിക്ഷേപിച്ച ഐറിഷ് അഭിഭാഷക മരിച്ചനിലയിൽ

ലണ്ടൻ: കൂടുതൽ മദ്യം കൊടുക്കാത്തതിന് എയർ ഇന്ത്യ ജീവനക്കാരെ അധിക്ഷേപിച്ച് ജയിലിലായ ഐറിഷ് അഭിഭാഷക മരിച്ച നിലയിൽ. മനുഷ്യാവകാശ അഭിഭാഷക സിമോൺ ബേൺസ് (50) ആണു മരിച്ചത്. വംശീയാധിക്ഷേപ കേസിൽ യുകെയിൽ ആറുമാസം ജയിലിൽ കഴിഞ്ഞ ഇവർ അടുത്തിടെയാണു മോചിതയായത്.

ഇംഗ്ലണ്ടിലെ ഈസ്റ്റ് സസെക്സിലാണ് സിമോൺ ബേൺസിനെ മരിച്ചനിലയിൽ കണ്ടെത്തിയത്. മരണത്തിൽ സംശയകരമായി ഒന്നുമില്ലെന്നു പൊലീസ് പറഞ്ഞു. ആവശ്യപ്പെട്ട മദ്യം നൽകാത്തതിന് എയർ ഇന്ത്യ ജീവനക്കാരെ അസഭ്യം വിളിച്ച ഇവർ മുഖത്തു തുപ്പി ചീത്ത പറയുന്ന വിഡിയോ വൈറലായിരുന്നു.

കഴിഞ്ഞ വർഷം മുംബൈയിൽനിന്നു ലണ്ടനിലേക്കു പറന്ന വിമാനത്തിലാണു സംഭവം. ഹീത്രൂവിൽ വിമാനം ലാൻഡ് ചെയ്തപ്പോൾ ഇവരെ അറസ്റ്റ് ചെയ്യുകയായിരുന്നു.

## പെൺകുഞ്ഞിന്റെ മൃതദേഹം പ്ലാസ്റ്റിക് സഞ്ചിയിൽ

പുൽപ്പള്ളി: വയനാട് പുൽപ്പള്ളിയിൽ നവജാത ശിശുവിൻറെ മൃതദേഹം കണ്ടെത്തി.

പുൽപ്പള്ളി വീട്ടിമൂല കോളനിക്ക് സമീപത്തെ വനാതിർത്തിയിൽ പ്ലാസ്റ്റിക് സഞ്ചിയിൽ ഉപേക്ഷിച്ച നിലയിലാണ് മൃതദേഹം കണ്ടെത്തിയത്.

പുൽപ്പള്ളി പൊലീസ് സ്ഥലത്തെത്തി പരിശോധന നടത്തി. നാല് ദിവസം പ്രായമായ പെൺകുഞ്ഞിന്റെ മൃതദേഹമാണ് കണ്ടെത്തിയിരിക്കുന്നത്. കോളനിയിലെ യുവതി പ്രസവിച്ച പെൺകുഞ്ഞിന്റെ മൃതദേഹമാണെന്നാണ് സംശയിക്കപ്പെടുന്നത്.

---



### ബി.കമലമ്മ

തിരുവനന്തപുരം: ശാസ്തമംഗലം പുല്ലേക്കോണം ലൈൻ-2 കൈവല്യത്തിൽ റിട്ട. അഡി. സെക്രട്ടറി കെ.ആർ. കൃഷ്ണപിള്ളയുടെ ഭാര്യ ബി.കമലമ്മ (71, റിട്ട. ഹെഡ്മിസ്ട്രസ്, എച്ച്.എസ്. അരുവിക്കര) നിര്യാതയായി. മക്കൾ: പ്രീത (ഫെഡറൽബാങ്ക് ശ്രീകാര്യം), രാജേഷ് (യു.എസ്.എ), റാംമോഹൻ (ടി.സി.എസ്). മരുമക്കൾ: സുരേഷ്കുമാർ (എ.ഐ.ആർ തിരുവനന്തപുരം), ഷീജ (യു.എസ്.എ), മായ (ടി.സി.എസ്). സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ഒന്നിന് തൈക്കാട് ശാന്തികവാടത്തിൽ.

### അൽഫോൺസ

ആനാട്: ശാസ്താംപാറ ജോസ്ഭവനിൽ സത്യദാസിന്റെ ഭാര്യ അൽഫോൺസ (59) നിര്യാതയായി. മക്കൾ: എസ്.ജോസ്, എ.ജെസി. മരുമകൻ: സെലൻ ജോസ് (ഓൾ സെയിന്റ്സ് സീനിയർ സെക്കൻഡറി സ്കൂൾ, ചായം, വിതുര)

### വേണുഗോപാലൻ നായർ

ഇടവ: കരുനിലക്കോട് ചരുവിളവീട്ടിൽ വേണുഗോപാലൻ നായർ (63) നിര്യാതനായി. ഭാര്യ: ലതകുമാരി. മക്കൾ: വിനു, വിനീത. മരുമക്കൾ: ശ്രീജിത്ത്, അഖില. സഞ്ചയനം തിങ്കൾ 8.30ന്

### മോഹൻലാൽ

വട്ടിയൂർക്കാവ്: കൊടുങ്ങാനൂർ കൈരളി ഗാർഡൻസ് സാജുഭവനിൽ വിമുക്തഭടൻ മോഹൻലാൽ (75) നിര്യാതനായി. ഭാര്യ: ചന്ദ്രികാദേവി. മക്കൾ: സാജു, സുജ. മരുമകൻ: വിനുരാജ്. സഞ്ചയനം ഞായർ 9ന്

### അന്നക്കുട്ടി

തിരുവനന്തപുരം: കണ്ണമ്മൂല ടിസി 13/985 (7) കെആർഎ ബി 58 സുവത്സത്തിൽ പരേതനായ റിട്ട. കെഎസ്ഇബി ജീവനക്കാരൻ എം. ജോർജിന്റെ ഭാര്യ ജി. അന്നക്കുട്ടി (89) നിര്യാതയായി. മക്കൾ: എബ്രഹാം (റിട്ട. അഗ്രിക്കൾച്ചർ വകുപ്പ്), മാത്യുക്കുട്ടി, ഏലിക്കുട്ടി, വർഗീസ്, മോസസ്. മരുമക്കൾ: ഗ്രേസി, രേണുക അൽഫോൻസ് ബേബി മേരി ലൈല, സന്ധ്യ.



### ആസിലി

വെള്ളറട: ഉണ്ടൻകോട് മേക്കിൻകര പുത്തൻവീട്ടിൽ പരേതനായ ജോർജിന്റെ ഭാര്യ ആസിലി (72) നിര്യാതയായി. മക്കൾ: സ്റ്റീഫൻ, ശാന്തി, രാജൻ, സുരേഷ്. മരുമക്കൾ: മേരി, ബാബു, ശോഭ, ലീല. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ.

### ടി.കുഞ്ഞമ്മ

പ്ലാമൂട്ടുക്കട: ചാരോട്ടുകോണം എകെ മന്ദിരത്തിൽ പരേതനായ അപ്പുക്കുട്ടൻ നാടാരുടെ ഭാര്യ ടി.കുഞ്ഞമ്മ (85) നിര്യാതയായി. മരണാനന്തര ചടങ്ങ് വെള്ളി 7ന്

### വി. തമ്പി

കാരയ്ക്കാമണ്ഡപം: തിരുമംഗലം ലെയിനിൽ വി. തമ്പി (85) നിര്യാതനായി. ഭാര്യ: സോറ തമ്പി. മകൾ: ശോഭ. മരുമകൻ: മാർട്ടിൻ ജോസഫ്

### ദിലീപ്കുമാർ

വക്കം: രണ്ടാംഗേറ്റിനു സമീപം പുളിമൂട് വീട്ടിൽ വിമുക്തഭടൻ ദിലീപ്കുമാർ (68) നിര്യാതനായി. സംസ്കാരം ഇന്ന് 9ന്. ഭാര്യ: ലളിത. മകൾ: ലിനി. മരുമകൻ: എൻഡ്രു. സഞ്ചയനം തിങ്കൾ 9ന്

### ലിജു എസ്. നായർ

മെഡിക്കൽ കോളജ്: ചാലക്കുഴി ലെയ്ൻ കാപ്പിൽ റോഡ് എംഇആർഎ 107 രാകുലം വീട്ടിൽ കെ.ജി. സുകുമാരൻ നായരുടെയും എ. രാധമ്മയുടെയും മകൻ ലിജു എസ്. നായർ (33) നിര്യാതനായി. ഭാര്യ: പി.എം.കീർത്തന. മകൾ: നൈനിക. സഞ്ചയനം ഞായർ 9ന്

### എൽ. ശശിധരൻ

വെള്ളറട: കാരമൂട് കൂടാരത്തിൽ എൽ. ശശിധരൻ (75) നിര്യാതനായി. ഭാര്യ: ലീല. മക്കൾ: ബിനുകുമാർ, ബിജുകുമാർ, അജു. മരുമക്കൾ: ആർ.വി. റീന, മീനാക്ഷി. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

### മാജിദാ ബീവി

കല്ലമ്പലം: ഷാജിലാ മൻസിലിൽ പരേതനായ സലാഹുദീന്റെ ഭാര്യ മാജിദാ ബീവി (71) നിര്യാതയായി.



### ഡോ. ജി. ശാന്തകുമാരിദേവി

തിരുവനന്തപുരം: മ്യൂസിയം കനകനഗർ ഡി 20 മഹിമയിൽ ട്രാവൻകൂർ റയോൺസ് റിട്ട. പഴ്സനേൽ മാനേജർ എൻ. ചിത്തരഞ്ജന്റെ ഭാര്യ ഡോ. ജി. ശാന്തകുമാരിദേവി (81) നിര്യാതയായി. മക്കൾ: സി.ദർശൻ (ഗ്രൂപ്പ് ക്യാപ്ടൻ, ഇന്ത്യൻ എയർഫോഴ്സ്), ദീപ പ്രേംനാഥ് (സിംഗപ്പൂർ), ദീപ്തി മനു (സിംഗപ്പൂർ). മരുമക്കൾ: ബീന ദർശൻ, പ്രേംനാഥ് സദാശിവൻ, മനു സോമൻ.



### ബിന്ദു

ചിറയിൻകീഴ്: ആനത്തലവട്ടം നെയ്ത്തുശാല വിളയിൽ വീട്ടിൽ പ്രകാശൻറെ ഭാര്യ ബിന്ദു (53) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: പ്രഭുൽ, അതുൽ

### കമലമ്മ

കള്ളിക്കാട്: കാണിക്കോണം ചാനലരികത്ത് സൗമ്യഭവനിൽ പരേതനായ കുട്ടൻ നായരുടെ ഭാര്യ കമലമ്മ (85) നിര്യാതയായി. മക്കൾ: സുലോചന, പരേതനായ സുകുമാരൻ നായർ. മരുമക്കൾ: സെൽവമണി, വസന്തകുമാരി. സഞ്ചയനം ഞായർ 8ന്

### പി. മുരുകൻ

തിരുവനന്തപുരം: വേട്ടമുക്ക് കട്ടച്ചൽ റോഡ് എആർഡബ്ല്യുഎ 35ൽ നഗരസഭാ റിട്ട. ജീവനക്കാരൻ പി. മുരുകൻ (72) നിര്യാതനായി. സംസ്കാരം ശാന്തികവാടത്തിൽ നടത്തി. ഭാര്യ: ജയ. മക്കൾ: നാഗരാജ്, പത്മകുമാർ. മരുമകൾ: രമ്യ.

### ഫ്ലോറി ഡല്ലസ്

പുത്തൻതോപ്പ്: വൈറ്റ്ഹൗസിൽ ഡല്ലസ് പെരേരയുടെ ഭാര്യ ഫ്ലോറി ഡല്ലസ് (66) നിര്യാതയായി. സംസ്കാരം പിന്നീട്. മക്കൾ: സുജിത്ത് പെരേര, റിച്ച്മണ്ട് പെരേര, ആന്റണി കിരൺ. മരുമക്കൾ: സോജ, വിജി, നീതു



### സരസ്വതിഅമ്മ

നരുവാമൂട്: വെള്ളാപ്പള്ളി സരസ്വതി വിലാസത്തിൽ പരേതനായ ഭാസ്കരൻ നായരുടെ ഭാര്യ സരസ്വതിഅമ്മ (93) നിര്യാതയായി. മക്കൾ: സൗദാമിനിഅമ്മ, പരേതയായ ഇന്ദിരാദേവി, സുധാകരൻ നായർ, രാധാകുമാരി, രമാകുമാരി, പുഷ്പകുമാരി, സതികുമാർ. മരുമക്കൾ: ഗംഗാധരൻ നായർ, പരേതനായ സുകുമാരൻ നായർ, പത്മകുമാരി, പരേതനായ ശശിധരൻ നായർ, ശ്രീകണ്ഠൻ നായർ, രാധാകൃഷ്ണൻ നായർ, സ്മിത. സഞ്ചയനം ഞായർ രാവിലെ 8.30ന്



### തുളസീധരൻ

കല്ലിയൂർ: പാപ്പറത്തേരി ഗൗരീശത്തിൽ തുളസീധരൻ (65) നിര്യാതനായി. ഭാര്യ: രാധ. മക്കൾ: ബിജു, ബിന്ദു. മരുമക്കൾ: ജയപ്രഭ, സജി. സഞ്ചയനം ഞായർ രാവിലെ ഒൻപതിന്.

### എം. അംബിക ദേവി

തിരുവനന്തപുരം: വഞ്ചിയൂർ ഋഷിമംഗലം പ്രതിഭയിൽ (ആർആർഎ-ഇ-69) ൽ റിട്ട. ജില്ല പ്ലാനിംഗ് ഓഫീസർ എൻ. രാമൻകുട്ടി നായരുടെ ഭാര്യ എം. അംബിക ദേവി (79റിട്ട. അസിസ്റ്റൻറ് ഹെഡ്മിസ്ട്രസ്, ഡിഎൻവിഎം ഹൈസ്കൂൾ, മാറനല്ലൂർ) നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ഒന്നിന് ശാന്തികവാടത്തിൽ. മകൻ : പ്രവീൺ ആർ.കുമാർ. മരുമകൾ : പ്രിയ. സഞ്ചയനം ചെവ്വാഴ്ച രാവിലെ 8.30 ന്.

### പി. കൃഷ്ണൻ നായർ

കാരക്കോണം: തുറ്റിയോട്ടുകോണം പത്മനാഭനിലയത്തിൽ പി. കൃഷ്ണൻ നായർ (85) നിര്യാതനായി. ഭാര്യ: വിമലാദേവി. മകൾ: വി.കെ.ദീപ. മരുമകൻ: ആർ.പി.സഞ്ജീവ്കുമാർ (വൃന്ദാവൻ ഹൈസ്കൂൾ, വ്ലാത്താങ്കര).



### റവ. എസ്. ഇസ്രായേൽ

തിരുവനന്തപുരം: സിഎസ്ഐ ദക്ഷിണ കേരള മഹായിടവക മുൻ ഉപാദ്ധ്യക്ഷനും ഇപ്പോൾ കൊല്ലം കൊട്ടാരക്കര മഹായിടവകാംഗമായ റവ. എസ്. ഇസ്രായേൽ നിര്യാതനായി. സംസ്കാരം തലവൂർ സിഎസ്ഐ സഭയിൽ നടത്തി. കലയപുരം, തലവൂർ, പാലോട്, നെടുമങ്ങാട്, മരുതൂർ, കണ്ണമ്മൂല, രക്ഷാപുരി, ചാണി, നെല്ലിക്കാകുഴി, ആറ്റിങ്ങൽ, എം.എം. ചർച്ച്, കൊല്ലം, തൊഴുക്കൽ, മുക്കോല, കഴക്കൂട്ടം, ലെഗ് മെമ്മോറിയൽ പരിണയം എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തു. ദിവംഗതനായ ബിഷപ് യേശുദാസനൊപ്പം ഉപാദ്ധ്യക്ഷനായും സിഎസ്ഐ സിനഡ് അംഗം, എക്സിക്യൂട്ടീവ്, വർക്കിംഗ് കമ്മിറ്റികളിൽ അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. മക്കൾ: മേഴ്സി, ഗ്രേസി, ജാസ്മിൻ, നോബിൾ, ബ്രൈറ്റ്, മോളി കാതറിൻ. മരുമക്കൾ: ജോസ്, സാംസൺ, ജെസി, എൽസി, റവ. വിനോദ് വിക്ടർ.



### സി. അനിൽകുമാർ

ഒറ്റശേഖരമംഗലം: കരാമത്തുവീട്ടിൽ സി. അനിൽകുമാർ (49) നിര്യാതനായി. ഭാര്യ: ജലജകുമാരി. മക്കൾ: ആതിര, ആരതി. മരുമക്കൾ: സജീഷ്, മനു. സഞ്ചയനം ഞായർ 9ന്

### ഗ്രേസി

തിരുവനന്തപുരം: ഗൗരീശപട്ടം ടിസി 2/1711 (6) ജിആർഎ 544 എ കൊച്ചുവടക്കേവിള വീട്ടിൽ പി.എ. ഫ്രാൻസിസിന്റെ ഭാര്യ ഗ്രേസി (101) നിര്യാതയായി. മക്കൾ: അന്നമ്മ, അഗസ്റ്റിൻ, ആന്റണി, ഫിലോമിന, ത്രേസ്യാമ്മ, റോസ്ലി, ഡോർത്തി. മരുമക്കൾ: റീറ്റ, ഷെർളി, ബാസ്റ്റ്യൻ, ടി.ടി.ജോർജ്, ജോൺ വില്യംസ്, ടി.എ.റാഫേൽ. മരണാനന്തര ചടങ്ങ് ശനിയാഴ്ച പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ



### ബി. സരോജിനി

കാഞ്ഞിരംപാറ: തൊഴുവൻകോട് ടിആർഎ 1 ശ്രീനിലയത്തിൽ പരേതനായ അർജുനന്റെ ഭാര്യ ബി. സരോജിനി (76) നിര്യാതയായി. മക്കൾ: എസ്.ഗിരിജകുമാരി (റിട്ട. ബിഎസ്എൻഎൽ), എ.ശ്രീകുമാർ (ബിഎസ്എൻഎൽ), എസ്.ശ്രീലത (ജിഎച്ച്എസ്എസ്, വട്ടിയൂർക്കാവ്), എസ്.ശ്രീജ (ജിഎച്ച്എസ്എസ്, കഴക്കൂട്ടം). മരുമക്കൾ: എസ്. ലീലാമ്മാൾ (എസ്ബിഐ), ജി.മധു (പോസ്റ്റൽ വകുപ്പ്), പരേതരായ സി.വി. സുരേന്ദ്രൻ, വി.സി.പുഷ്പരാജൻ. സഞ്ചയനം ഞായർ 8ന്.



### അജയഘോഷ്

കാരേറ്റ്: പേടികുളം അഞ്ചുതെങ്ങ് കട്ടയ്ക്കലിൽ വീട്ടിൽ അജയഘോഷ് (58) നിര്യാതനായി. ഭാര്യ: അനിത (പുളിമാത്ത് കൃഷിഭവൻ). സഞ്ചയനം ഞായറാഴ്ച.

### പി. നാരായണൻ

കുടപ്പനക്കുന്ന്: ഗംഗാനഗർ തകഴിയിൽ പരീക്ഷാഭവൻ റിട്ട. സീനിയർ സൂപ്രണ്ട് പി. നാരായണൻ (86) നിര്യാതനായി. ഭാര്യ: പരേതയായ സി.മങ്ക. മക്കൾ: എം.ലിസ, എം.റഹിൻ (എച്ച്എസ്എ), എം.ആശ (പിഡബ്ല്യുഡി). മരുമക്കൾ: പി.ബി.സുരേഷ്കുമാർ (ചീഫ് സെക്യൂരിറ്റി ഓഫിസർ, ഗവ. സെക്രട്ടേറിയറ്റ്), പി.ഷാജി (കെഎസ്എഫ്ഇ, പെരുമ്പുഴ), പി.കെ.റെജി (ഐഎസ്ആർഒ)

### വി.എം. ചാക്കോ

ചെങ്ങന്നൂർ:വിമുക്തഭടൻ അയിരൂക്കുഴിയിൽ വടക്കനേത്ത് വി.എം. ചാക്കോ (81) നിര്യാതനായി. ദുബായ് ഫുജെറോയിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: എടത്വ പാണ്ടങ്കേരി മടയ്ക്കൽ ലിസി. മക്കൾ: ജെനിസ് (ദുബായ്), എൽസി (യുഎസ്). മരുമക്കൾ: ദീപ (ദുബായ്), റോയ് വർഗീസ് (യുഎസ്)



### അമ്മുക്കുട്ടി

വട്ടിയൂർക്കാവ്: കുലശേഖരം കെആർഎ എ50ൽ അമ്മുക്കുട്ടി (അന്നമ്മ 89) നിര്യാതയായി. മക്കൾ: ചന്ദ്രൻ, രാജൻ. മരുമക്കൾ: പുഷ്പറാണി, ഗീത. മരണാനന്തര ചടങ്ങ് ശനി 6.30ന് കുലശേഖരം സെന്റ് ആൻഡ്രൂസ് ചർച്ചിൽ.



### എം. അബുബക്കർ

ബാലരാമപുരം: വഴിമുക്ക് തച്ചിക്കോട് പുതുവൽ പുത്തൻവീട്ടിൽ എം. അബുബക്കർ (61) നിര്യാതനായി. മക്കൾ: എൽ.സാജില, എൽ.രാജൂല, സബീന, ഷാഹുൽ ഹമീദ്. മരുമക്കൾ: അഷറഫ്, മജീദ്, ഷാജി, നാജിയ.

### കെ.ജി. തങ്കപ്പൻ നായർ

വെങ്ങാനൂർ: പെരിങ്ങമ്മല ആത്മബോധിനി ശ്രീനന്ദനത്തിൽ കെ.ജി. തങ്കപ്പൻ നായർ (88) നിര്യാതനായി. ഭാര്യ: കൂവക്കര വീട്ടിൽ ബി.ഓമനഅമ്മ. മക്കൾ: ഒ.ടി.ശ്രീദേവി, ഒ.ടി.പ്രകാശ് (ജനറൽ സെക്രട്ടറി, കേരള യൂണിവേഴ്സിറ്റി സ്റ്റാഫ് യൂണിയൻ). മരുമക്കൾ: ബി.ശ്രീകുമാർ (റിട്ട. ഹെൽത്ത് ഓഫിസർ, നഗരസഭ), കെ.സി.മിനി. സഞ്ചയനം ഞായർ 8ന്.

### കെ. സുരേഷ് കുമാർ

തിരുവനന്തപുരം: ശാസ്തമംഗലം ഉണ്ണിത്താൻ ലെയിൻ ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഓഫിസിനു സമീപം പുത്തൻ ബംഗ്ലാവിൽ കെ. സുരേഷ് കുമാർ (67) നിര്യാതനായി. ഭാര്യ: കുസുമകുമാരി. മകൻ: സൂരജ്. മരുമകൾ: വിദ്യ എം.നായർ. സഞ്ചയനം ചൊവ്വ 8.30ന്.


### ദിലീപ്കുമാർ

വക്കം:രണ്ടാംഗേറ്റിനു സമീപം പുളിമൂട് വീട്ടിൽ വിമുക്തഭടൻ ദിലീപ്കുമാർ (68) നിര്യാതനായി. സംസ്കാരം ഇന്ന് 9ന്. ഭാര്യ: ലളിത. മകൾ: ലിനി. മരുമകൻ: എൻഡ്രു.



### ടി. സുഗതൻ

പാപ്പനംകോട്: പിഎംആർഎ ബി 19 (1) ഗാംഗോത്രിയിൽ കെഎസ്ഇബി പൂന്തുറ ഇലക്ട്രിക്കൽ സെക്ഷൻ അസി. എൻജിനീയർ ടി. സുഗതൻ (52) നിര്യാതനായി. ഭാര്യ: താരാ സുഗതൻ. (ജൂനിയർ സൂപ്രണ്ട്, ട്രൈബൽ വകുപ്പ്). മക്കൾ: ഗൗരി ടി.സുഗതൻ, ഗായത്രി ടി.സുഗതൻ. സഞ്ചയനം ഞായർ 9ന്.



### ടി.എ.പ്രഭാകരൻ

തിരുവനന്തപുരം: നന്ദാവനം എൻആർഎ 162 അവിട്ടത്തിൽ റിട്ട. ഡിസ്ട്രിക്ട് സപ്ലൈ ഓഫിസർ ടി.എ. പ്രഭാകരൻ (83) നിര്യാതനായി. ഭാര്യ: കെ.പ്രഭ. മകൾ: പി.രശ്മി. മരുമകൻ: എസ്.രത്നകുമാർ. സഞ്ചയനം 18നു രാവിലെ 10ന്.

### സി.എസ്. കൃഷ്ണ മൂർത്തി

തിരുവനന്തപുരം: ശ്രീവരാഹം ശ്രീവരാഹനഗർ ഹൗസ് നമ്പർ 22 വിനായകയിൽ മൃദംഗവിദ്വാനും സ്വാതി തിരുനാൾ സംഗീത കോളജ് റിട്ട. പ്രിൻസിപ്പലുമായ പ്രഫ. പാലക്കാട് സി.എസ്. കൃഷ്ണമൂർത്തി (82) നിര്യാതനായി. പാലക്കാട് ടി.എസ്.മണി അയ്യരുടെ ഗുരുവായ സി.എ.സുബ്ബയ്യരുടെ മകനാണ്. ചെമ്പൈ വൈദ്യനാഥ ഭാഗവതർ അടക്കമുള്ള പ്രഗത്ഭർക്കൊപ്പം കച്ചേരിയിൽ മൃദംഗം വായിച്ചിട്ടുണ്ട്. 1961ൽ സ്വാതി തിരുനാൾ കോളജിൽ മൃദംഗ വിഭാഗത്തിൽ അസോഷ്യേറ്റ് പ്രഫസറായി ജോലിയിൽ പ്രവേശിച്ചു. 82ൽ പ്രഫസറും 90ൽ പ്രിൻസിപ്പലുമായി. പ്രമുഖ മൃദംഗവാദകരായ പാറശാല രവി, കടനാട് ഗോപി, പ്രഫ. വിദ്യാധരൻ, തിരുവനന്തപുരം എം.ബാലസുബ്രഹ്മണ്യം, മണ്ണൂർ രാജകുമാരനുണ്ണി തുടങ്ങിയവർ ശിഷ്യരാണ്. ഭാര്യ: കൃഷ്ണാംബാൾ. മകൻ: ഗണപതി സുബ്രഹ്മണ്യൻ. മരുമകൾ: ദിവ്യ



### എം. ദാമോദരൻ പിള്ള

മടവൂർ: തുമ്പോട് ലാവേറ്റി പൊയ്ക നാരായണമംഗലം വീട്ടിൽ റിട്ട. ഹെഡ്മാസ്റ്റർ എം. ദാമോദരൻ പിള്ള (89) നിര്യാതനായി. ഭാര്യ: എൽ. ദേവയാനിഅമ്മ. മക്കൾ: മധുകുമാർ, രവികുമാർ, ജയകുമാർ, പ്രസീത. മരുമക്കൾ: മിനി, ലത, ബിന്ദു, ബാബുരാജൻ പിള്ള. സഞ്ചയനം ഞായർ 8ന്.



### യേശുദാസൻ

നെയ്യാറ്റിൻകര: മാരായമുട്ടം കാക്കോട്ടുകുഴി വീട്ടിൽ യേശുദാസൻ (ജെസ്റ്റസ് വൈദ്യർ 83) നിര്യാതനായി. ഭാര്യ: പരേതയായ ജീവരത്നം. മക്കൾ: സാംരാജ്, സെൽവരാജ്, പ്രഭ, മേബൽ റോസ്, ജസ്റ്റിൻരാജ്. മരുമക്കൾ: ഗിൽഡാ ജയന്തി, ഷൈലജ, സ്റ്റീഫൻ, ജയചന്ദ്രൻ, റീന. മരണാനന്തര ചടങ്ങ് ഞായർ 4ന്.

### ഇ. ശ്യാമള

മുട്ടത്തറ: ബലവാൻ നഗർ കെബിഎസി ലെയിനിൽ പരേതനായ ശിവന്റെ ഭാര്യ ഇ. ശ്യാമള (77) നിര്യാതയായി. മക്കൾ: എസ്.പ്രദീപ്, എസ്.സരിത, എസ്.മനോജ് (ഖാദി ബോർഡ്). മരുമക്കൾ: എച്ച്.ഷീബ, വി.എം.മനുജകുമാരി (ഹരിതകേരളം മിഷൻ), പരേതനായ മധുസൂദനൻ.

### ആർ. കൃഷ്ണൻ നായർ

അമരവിള: നടൂർക്കൊല്ല ഐക്കര ഡിആർഎ 19ൽ ആർ. കൃഷ്ണൻ നായർ (94) നിര്യാതനായി. ഭാര്യ: ഭവാനിഅമ്മ. മക്കൾ: ചന്ദ്രിക, രഘുനാഥ് (ഐടിസി), പരേതനായ ഗോപകുമാർ. മരുമക്കൾ: കുട്ടപ്പൻ നായർ, ലതകുമാരി, ജയശ്രീ. സഞ്ചയനം ഞായർ 9ന്.

### മണിക്കുട്ടൻ

വിളപ്പിൽശാല: ചിറ്റയിൽ തെക്കേവീട്ടിൽ ശാന്തമ്മയുടെ മകൻ മണിക്കുട്ടൻ (39) നിര്യാതനായി.



### ഇ. വസന്തകുമാരി

ശ്രീകാര്യം: ഉള്ളൂർ പോങ്ങുമ്മൂട് ബാപ്പുജിനഗർ ബിഎൻ 58 എ നന്ദനത്തിൽ കെ. ശേഖരൻ നായരുടെ ഭാര്യ സർവേ വകുപ്പ് റിട്ട. ജീവനക്കാരി ഇ. വസന്തകുമാരി (74) നിര്യാതയായി. മക്കൾ: ഇ.ഹരിപ്രസാദ്, ഇ.ജയശങ്കർപ്രസാദ്. മരുമക്കൾ: എസ്.ദീപ, എസ്.രേഖ. സഞ്ചയനം ഞായർ 8.30ന്



### മണിയൻ

കാട്ടാക്കട: പൂവച്ചൽ കൊണ്ണിയൂർ തണ്ണിച്ചാംകുഴി ദീപുഭവനിൽ ഖാദി ഗ്രാമവ്യവസായ സംഘം മാനേജർ മണിയൻ (56) നിര്യാതനായി. ഭാര്യ: പുഷ്പറാണി. മക്കൾ: ധന്യമണി, ദീപുമണി. മരുമകൻ: രാജേഷ് രാജൻ. സഞ്ചയനം തിങ്കൾ 9ന്

### ക്രിസ്തുദാസ്

ആര്യനാട്: കുളപ്പട മങ്ങാട്ടുപാറ നിധിൻ നിവാസിൽ കെ. ക്രിസ്തുദാസ് (92) നിര്യാതനായി. ഭാര്യ: ജ്ഞാനസുന്ദരി. മക്കൾ: നിർമല, രാജൻ, ജോൺ. മരുമക്കൾ: രാജമണി, പ്രസന്ന, ഉഷ.

### കൊച്ചപ്പി

പള്ളിക്കൽ: മടവൂർ വിളക്കാട് കുഴിവിളവീട്ടിൽ പരേതനായ കുഞ്ഞിരാമന്റെ ഭാര്യ കൊച്ചപ്പി (86) നിര്യാതയായി. മക്കൾ: വിശ്വംഭരൻ (റിട്ട. എച്ച്സി, പഞ്ചായത്ത് വകുപ്പ്), നളിനി, രമ, രാജൻ (ജൂനിയർ സൂപ്രണ്ട്, സിഡ്കോ, തിരുവനന്തപുരം).

### മുഹമ്മദ് സാലി

തിരുവനന്തപുരം: കല്ലാട്ടുമുക്ക് ജൂബിലിനഗർ ടിസി 43/791 തൻസീർ മൻസിലിൽ മുഹമ്മദ് സാലി (66) നിര്യാതനായി. ഭാര്യ: റജീന

### ഗ്ലാഡി വിജയാബായി

തിരുവനന്തപുരം:നന്ദാവനം വിജയയിൽ പഞ്ചായത്ത് റിട്ട. ജീവനക്കാരി ഗ്ലാഡി വിജയാബായി (87) നിര്യാതയായി. മരണാനന്തര ചടങ്ങ് ഞായർ 5ന്.

## കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സർവേ

# എണ്ണവില കുറയുമെന്ന് വിലയിരുത്തൽ

ന്യൂഡൽഹി: നടപ്പ് സാമ്പത്തിക വർഷം രാജ്യം വളർച്ച നിരക്ക് ഉയർത്തുമെന്നതിന്റെ സൂചനകൾ നൽകി കേന്ദ്ര സർക്കാരിന്റെ ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ. ഏപ്രിൽ ഒന്നിന് തുടങ്ങിയ 2019– 20 സാമ്പത്തിക വർഷം രാജ്യം ഏഴ് ശതമാനം വളർച്ച നിരക്ക് കൈവരിക്കുമെന്നാണ് റിപ്പോർട്ട് പറയുന്നത്. 2019 ൽ അവസാനിച്ച സാമ്പത്തിക വർഷം രാജ്യത്തിന്റെ വളർച്ച നിരക്ക് 6.8 ശതമാനമായിരുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ വളർച്ച നിരക്കായിരുന്നു ഇത്.ഇന്ന് നടക്കുന്ന രണ്ടാം എൻ.ഡി.എ സർക്കാരിന്റെ ആദ്യ ബജറ്റിന് മുന്നോടിയായിട്ടാണ് ഇന്ന് സാമ്പത്തിക സർവേ റിപ്പോർട്ട് സർക്കാർ പാർലമെൻറിൽ വച്ചത്. ധനകമ്മി 2019ൽ 5.8 ശതമാനമായി കുറയുമെന്ന് സർവേ കണക്കാക്കുന്നു. 2018–ൽ ഇത് 6.4 ശതമാനമായിരുന്നു. സ്വകാര്യ നിക്ഷേപം കൂട്ടുന്നതിന് സാധ്യത റിപ്പോർട്ട് കാണുന്നു. ഇത് വഴി തൊഴിലവസരങ്ങൾ കൂട്ടാൻ കഴിയും.

നടപ്പ് വർഷത്തിൽ ഇന്ധന വില കുറയുമെന്നും സാമ്പത്തിക സർവേ റിപ്പോർട്ട് പ്രതീക്ഷ പുലർത്തുന്നു. സാമ്പത്തിക വളർച്ചയിലെ മുരടിപ്പ്, ജി എസ് ടി തുടങ്ങിയ പ്രശ്നങ്ങൾ സമ്പദ് വ്യവസ്ഥക്ക് തിരിച്ചടിയാകാൻ സാദ്ധ്യതയെന്നും വിലയിരുത്തൽ. വാണിജ്യ രംഗത്തെ തിരിച്ചടികൾ കയറ്റുമതിയെ ബാധിക്കുമെന്ന ആശങ്ക സർവേ പുലർത്തുന്നു. അടുത്ത രണ്ടു ദശകങ്ങളിൽ ജനസംഖ്യ വർദ്ധനയിൽ പ്രകടമായ കുറവുണ്ടാകും.

വിദേശ നിക്ഷേപത്തിന് പ്രോത്സാഹനം നൽകുമെന്നതിന്റെ സൂചനകളാണ് സർവേ മുന്നോട്ടുവയ്ക്കുന്നത്. 2019–20 ൽ എണ്ണ വിലയിൽ കുറവുണ്ടാകുമെന്ന് റിപ്പോർട്ട് അവകാശപ്പെടുന്നു. സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്ത് പകരേണ്ട മൺസൂൺ ഇപ്രാവശ്യം മികച്ചതാകുമെന്നും സർവേ റിപ്പോർട്ട് പ്രതീക്ഷ പ്രകടിപ്പിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം കൃഷി, ഫിഷറീസ് മേഖലകൾ 2.9 ശതമാനം വളർച്ച നിരക്ക് പ്രകടിപ്പിക്കുമെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു .

സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ മേഖലകളെ തൊഴിൽ സൃഷ്ടിയുടെയും വളർച്ചയുടെയും പുതിയ ആശയങ്ങളുടെയും ഉറവിടമായാണ് സർവേ കണക്കാക്കുന്നത്.

ആഗോള തലത്തിൽ യുഎസ്–ചൈന വ്യാപര യുദ്ധവും, ഇറാൻ ക്രൂഡ് പ്രതിസന്ധിയും ഉൾപ്പടെയുള്ളവ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വലിയ സമ്മർദ്ദമാണ് ചെലുത്തുന്നത്.

വ്യാപാര പ്രതിസന്ധികൾ ഇന്ത്യയുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചേക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞ മൂന്ന് പണനയ അവലോകന യോഗങ്ങളിലായി റിസർവ് ബാങ്ക് 25 ബേസിസ് പോയിൻറുകൾ വീതം റിപ്പോ നിരക്ക് വെട്ടിക്കുറച്ചിരുന്നു ഇത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ച നിരക്കിന് ഏറെ സഹായകരമാണ്.

2025 ൽ അഞ്ച് ട്രില്യൺ യുഎസ് ഡോളർ ശേഷിയുള്ള സാമ്പദ്ഘടനയായി ഇന്ത്യയെ വളർത്തിയെടുക്കാൻ പരിഷ്കാരങ്ങൾ തുടരുമെന്നാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. ഇതിനായി ഇന്ത്യ എട്ട് ശതമാനം എന്ന നിരക്കിൽ വളരേണ്ടതുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

നടപ്പ് സാമ്പത്തിക വർഷം ഈ തളർച്ചയിൽ നിന്ന് ഇന്ത്യൻ സമ്പദ്ഘടന തിരിച്ചുവരുമെന്നാണ് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് കൃഷ്ണമൂർത്തി സുബ്രഹ്മണ്യം തയ്യാറാക്കിയ സാമ്പത്തിക സർവേ പറയുന്നത്.

രാഷ്ട്രീയ സ്ഥിരത സമ്പദ്ഘടനയുടെ ഉണർവിന് കാണമാകുമെന്നും നിക്ഷേപ പ്രവർത്തനങ്ങളിലുണ്ടാകുന്ന വളർച്ച അതിന് കരുത്ത് പകരുമെന്നും സാമ്പത്തിക സർവേയിൽ സർക്കാർ വ്യക്തമാക്കുന്നു. ശരിക്കും റിസർവ് ബാങ്കിന്റെ പ്രതീക്ഷിത വളർച്ച നിരക്കിന് സമാനമായ നിരക്കാണ് സാമ്പത്തിക സർവേയിലൂടെ കേന്ദ്ര സർക്കാരും മുന്നോട്ടുവയ്ക്കുന്നത്. നേരത്തെ 7.2 ശതമാനം വളർച്ചാ നിരക്കാണ് റിസർവ് ബാങ്ക് പറഞ്ഞിരുന്നത്.

എന്നാൽ, ജൂണിൽ 20 ബേസിസ് പോയിൻറ്സ് കുറച്ച് പ്രതീക്ഷ നിരക്ക് ഏഴിലേക്ക് എത്തിക്കുകയായിരുന്നു.

5 ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയാകാൻ ഇന്ത്യ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നതാണ് റിപ്പോർട്ടിലെ പ്രധാന ഉള്ളടക്കം. നിലവിൽ സമ്പദ് വ്യവസ്ഥയിൽ പ്രകടമാകുന്ന തളർച്ച താൽക്കാലികമാണെന്നും മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായ കൃഷ്ണമൂർത്തി സുബ്രമണ്യന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വാർഷിക സർവേ വെളിപ്പെടുത്തുന്നു.

പുതിയ തൊഴിലുകൾ സൃഷ്ടിക്കുന്നതിനാണ് രാജ്യം ഇനി പ്രാധാന്യം നൽകേണ്ടത്. ഇതിനായി സ്വകാര്യ നിക്ഷേപം പ്രോൽസാഹിപ്പിക്കണമെന്നും സാമ്പത്തിക സർവേ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.2017–18 നെ അപേക്ഷിച്ച് 2018–19 ൽ കറൻറ് അക്കൗണ്ട് കമ്മിയിൽ വർധന ഉണ്ടായതായി സാമ്പത്തിക സർവേയിൽ വിലയിരുത്തുന്നു. ഇതിന് പ്രധാന കാരണമായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത് ക്രൂഡ് ഓയിൽ വില വർദ്ധനയാണ്. മുൻ വർഷത്തെക്കാൾ ബാരലിന് 14 ഡോളറാണ് 2018–19 ൽ ക്രൂഡിന്റെ വില കൂടിയത്. ഈ സാമ്പത്തിക വർഷം കറന്റ് അക്കൗണ്ട് കമ്മി കുറയുമെന്നും റിപ്പോർട്ട് അവകാശപ്പെടുന്നു. ഇന്ത്യ ലോകത്തെ ഏറ്റവും വേഗതയിൽ വളരുന്ന സമ്പദ്ഘടനയായി തുടരുമെന്നും സർവേ വ്യക്തമാക്കുന്നു.

### സാമ്പത്തിക സർവേയിലെ പ്രധാനപ്പെട്ടവ

2020 സാമ്പത്തിക വർഷത്തെ ജിഡിപി വളർച്ചാ നിരക്ക് 7 ശതമാനമായി ഉയരും

8 ശതമാനം വാർഷിക വളർച്ച നേടിയാലേ 2025 ആകുമ്പോഴേക്കും 5 ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയാകാൻ കഴിയൂ.

നിക്ഷേപ രംഗത്ത് പ്രതീക്ഷയുടെ നാമ്പുകൾ, 2020 സാമ്പത്തിക വർഷം നിക്ഷേപം ഉയരും

രാഷ്ട്രീയ സ്ഥിരത സമ്പദ് വ്യവസ്ഥയ്ക്ക് ഊർജം പകരും

സാമ്പത്തിക ഏകീകരത്തിന്റെ പാതയിൽ നിന്ന് സർക്കാർ വ്യതിചലിക്കില്ല.

വളർച്ച കുറഞ്ഞത് എൻബിഎഫ്സി പ്രതിസന്ധി മൂലം

ജനുവരി–മാർച്ച് പാദത്തിലെ ജിഡിപി വളർച്ചാ ഇടിവിന് കാരണം തിരഞ്ഞെടുപ്പ്

കിട്ടാക്കടത്തിലുള്ള കുറവ് മൂലധന ചെലവഴിക്കൽ ഉയർത്തും

2019 സാമ്പത്തിക വർഷം ധനക്കമ്മി 5.8%, 2018 സാമ്പത്തിക വർഷം 6.4%

നടപ്പു വർഷം എണ്ണവില കുറയും

നിലവിലെ ആർബിഐ നയം വായ്പാ ചെലവുകൾ കുറയ്ക്കും



കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സർവേ വാർത്താ സമ്മേളനത്തിൽ പ്രദർശിപ്പിക്കുന്നു

### കെവൈസി മാനദണ്ഡങ്ങൾ ലംഘിച്ചതിന് 4 ബാങ്കുകൾക്ക് ആർബിഐ പിഴ ചുമത്തി

മുംബയ്: കെവൈസി ആവശ്യകതകളും കറന്റ് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും പാലിക്കാത്തതിനെത്തുടർന്ന് നാല് പൊതുമേഖലാ ബാങ്കുകൾക്ക് റിസർവ് ബാങ്ക് (ആർബിഐ) 1.75 കോടി രൂപ പിഴ ചുമത്തി. പഞ്ചാബ് നാഷണൽ ബാങ്ക്, അലഹബാദ് ബാങ്ക്, യുക്കോ ബാങ്ക് എന്നിവയ്ക്ക് സെൻട്രൽ ബാങ്ക് 50 ലക്ഷം രൂപ പിഴയും കോർപ്പറേഷൻ ബാങ്കിന് 25 ലക്ഷം രൂപ പിഴയും ചുമത്തി. കെവൈസി മാനദണ്ഡങ്ങൾ അല്ലെങ്കിൽ കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ മാനദണ്ഡങ്ങൾ, കറന്റ് അക്കൗണ്ടുകൾ തുറക്കൽ എന്നിവ പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കാത്തതിനാണ് അവ ചുമത്തിയതെന്ന് റിസർവ് ബാങ്ക് അറിയിച്ചു.ഉപഭോക്താക്കളുമായി ഉണ്ടാക്കിയ ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ച് പറയാൻ ഉദ്ദേശിച്ചുള്ളതല്ലെന്നും റിസർവ് ബാങ്ക് കൂട്ടിച്ചേർത്തു.

### മാർക്കറ്റ് ആക്ഷൻ

| | |
|---|---|
| Reliance | 2,235.70 |
| TCS | 2,252.75 |
| HDFC Bank | 2,490.00 |
| HUL | 1,785.10 |
| HDFC | 2,280.20 |
| ITC | 277.30 |
| Infosys | 731.95 |
| SBI | 366.25 |
| Kotak Mahindra | 1,474.00 |
| ICICI Bank | 435.90 |
| Larsen | 1,580.00 |
| ONGC | 166.20 |
| Maruti Suzuki | 6,532.30 |
| Axis Bank | 806.70 |
| Bajaj Finance | 3,707.40 |
| Bharti Airtel | 353.20 |
| Wipro | 283.00 |
| Coal India | 251.15 |
| IOC | 156.10 |
| HCL Tech | 1,048.50 |
| Asian Paints | 1,353.50 |
| Bajaj Finserv | 8,429.00 |
| NTPC | 142.85 |
| UltraTechCement | 4,562.45 |
| Nestle | 11,787.00 |
| Titan Company | 1,326.35 |
| Hind Zinc | 240.50 |
| Power Grid Corp | 208.25 |
| IndusInd Bank | 1,478.00 |
| Sun Pharma | 395.50 |
| BPCL | 380.90 |
| HDFC Life | 479.50 |
| Bajaj Auto | 2,890.00 |
| Adani Ports | 415.00 |
| Avenue Supermar | 1,460.05 |
| GAIL | 305.15 |
| M&M | 667.80 |
| Shree Cements | 21,516.80 |
| Tech Mahindra | 700.50 |
| Dabur India | 407.30 |
| Godrej Consumer | 672.80 |
| Bandhan Bank | 555.85 |
| Britannia | 2,792.85 |
| SBI Life Insura | 759.90 |
| JSW Steel | 277.25 |
| Pidilite Ind | 1,219.60 |
| Interglobe Avi | 1,579.95 |
| Vedanta | 172.50 |
| Tata Steel | 511.05 |
| Grasim | 931.80 |
| ICICI Prudentia | 388.30 |
| Hero Motocorp | 2,591.35 |
| ICICI Lombard | 1,120.00 |
| Bosch | 16,731.70 |
| UPL | 651.30 |
| Tata Motors | 162.60 |
| Bharti Infratel | 265.85 |
| HPCL | 287.80 |
| Marico | 371.95 |
| Havells India | 789.30 |
| Ambuja Cements | 214.80 |
| Cipla | 555.00 |
| Siemens | 1,330.85 |
| Dr Reddys Labs | 2,593.30 |
| Bank of Baroda | 125.70 |
| Hindalco | 208.15 |
| Piramal Enter | 2,043.80 |
| DLF | 193.45 |
| Divis Labs | 1,632.00 |
| United Spirits | 579.45 |

## ലാഭത്തിലുള്ള നികുതി ഒഴിവാക്കുമെന്ന് പ്രതീക്ഷിച്ച് ഓഹരി നിക്ഷേപകർ

മുംബയ്: ഓഹരി വിൽക്കുമ്പോഴും ഓഹരി അധിഷ്ഠിത മ്യൂച്വൽ ഫണ്ട് വിൽക്കുമ്പോഴും കിട്ടുന്ന ലാഭത്തിന് ഇൻഡക്സേഷൻ ബനിഫിറ്റ് നൽകാതെ 10 ശതമാനം നികുതി 2018 ൽ ഏർപ്പെടുത്തിയത് നിക്ഷേപകരെ ഏറെ നിരാശപ്പെടുത്തിയിരുന്നു. അതേവരെ ഒരു വർഷം കൈവശം വച്ചശേഷം ഓഹരി വിൽക്കുമ്പോൾ കിട്ടുന്ന മുഴുവൻ ലാഭവും നികുതി വിമുക്തമായിരുന്നു. ഓഹരിയോ മ്യൂചൽ ഫണ്ടോ വിൽക്കുമ്പോൾ കിട്ടുന്ന ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന തുകയ്ക്കു മതി നികുതി എങ്കിലും അത് നിക്ഷേപകരെ ഏറെ നിരാശരാക്കിയിരുന്നു. 2019 ഫെബ്രുവരിയിൽ അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ ഇതിൽ എന്തെങ്കിലും ഇളവ് കിട്ടുമെന്ന് കരുതിയെങ്കിലും ഒന്നും ലഭിച്ചില്ല. ഇത്തവണത്തെ ബജറ്റിലെങ്കിലും അൽപ്പം ഇളവ് പ്രതീക്ഷിച്ചിരിക്കുകയാണ് ഓഹരി നിക്ഷേപകർ.

### ഫേസ് ബുക്കിൽ ഇനി വട്ടപ്പേരു വിളിക്കാം

പുതിയ അപ്ഡേഷനുകളുമായി നമ്മളെ അമ്പരിപ്പിക്കുന്ന ഫേസ്ബുക്ക് ഇപ്പോൾ പുതിയ നിക്ക് നെയിം അപ്ഡേഷനുകൾ പുറത്തിറക്കിയിരിക്കുന്നു .ഉപഭോതാക്കളുടെ സുഹൃത്തുക്കൾക്ക് നിക്ക് നെയിം അഥവാ വട്ടപ്പേരുകൾ നൽകുവാനുള്ള ഓപ്ഷനുകളാണ് ഉടൻ ലഭിക്കുന്നത് .ഫേസ്ബുക്ക് മെസഞ്ചറുകളിലാണ് പുതിയ നിക്ക് നെയിം ഓപ്ഷനുകൾ ലഭിക്കുന്നത് .

## എൽ.ഐ.സി.ക്ക് 3.37 ലക്ഷം കോടി രൂപയുടെ വരുമാനം; കൊടുത്തത് 2.51 ലക്ഷം കോടി രൂപ

കൊച്ചി: ലൈഫ് ഇൻഷുറൻസ് സ്ഥാപനമായ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് 2018–19 സാമ്പത്തിക വർഷത്തിൽ മൊത്തം പ്രീമിയം വരുമാനം 3.37 ലക്ഷം കോടി രൂപയായി. മുൻ വർഷത്തെ 3.178 ലക്ഷം കോടി രൂപയെക്കാൾ 6.08 ശതമാനം വളർച്ചയാണ് കൈവരിച്ചത്.

വിവിധ പോളിസികളിലായി കൊടുത്ത തുക 2.51 ലക്ഷം കോടി രൂപയാണ്. മുൻ വർഷത്തെക്കാൾ 26.66 ശതമാനമാണ് വർദ്ധന. കഴിഞ്ഞവർഷം 1.98 ലക്ഷം കോടി രൂപയാണ് നൽകിയത്. ഈ തുകയിൽ 254.05 ലക്ഷം വ്യക്തിഗത പോളിസികളിൽ കൊടുത്തുതീർത്ത 1.37 ലക്ഷം കോടിയും ഉൾപ്പെടുന്നു.

പുതിയ ബിസിനസിൽ ആദ്യവർഷ പ്രീമിയം 1.42 ലക്ഷം കോടി രൂപയാണ്. 5.68 ശതമാനമാണ് വളർച്ച. കോർപ്പറേഷന്റെ ആകെ വരുമാനം 5.61 ലക്ഷം കോടി രൂപയാണ്. മുൻ വർഷത്തെക്കാൾ 7.10 ശതമാനമാണ് വർദ്ധന.

മൊത്തം ആസ്തി 31.12 ലക്ഷം കോടി രൂപയാണ്. 9.38 ശതമാനമാണ് വർദ്ധന. പുതിയ സംരംഭങ്ങൾ മുഖേനയുള്ള പ്രീമിയം ശേഖരണത്തിൽ 106 ശതമാനം വളർച്ച കൈവരിച്ചു. പെൻഷൻ ആൻഡ് ഗ്രൂപ്പ് സൂപ്പർ ആന്വേഷൻ ബിസിനസിൽ പുതിയ ബിസിനസ് പ്രീമിയം 91,179.52 കോടി രൂപയാണ്.

## മെഗാ മറൈൻ ഫുഡ് പാർക്ക് ഓഗസ്റ്റിൽ കമ്മീഷൻ ചെയ്യും

തിരുവനന്തപുരം: സമുദ്രോൽപ്പന്ന സംഭരണവും സംസ്കരണവും കയറ്റുമതിയും ഒരു കുടക്കീഴിലാക്കുന്ന വ്യവസായവകുപ്പിന്റെ മെഗാ ഫുഡ്പാർക്ക് ഓഗസ്റ്റിൽ കമീഷൻ ചെയ്യും. സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ (കെഎസ്ഐഡിസി) ചേർത്തല പള്ളിപ്പുറത്തെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിലാണ് പാർക്ക്. രാജ്യത്ത് ആദ്യമായാണ് കടൽ ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് കയറ്റുമതി ചെയ്യാനുള്ള എല്ലാ സംവിധാനവും ഒരു കേന്ദ്രത്തിൽത്തന്നെ ഒരുക്കുന്നത്. 130 കോടി രൂപ ചെലവിൽ 68 ഏക്കറിൽ നിർമിക്കുന്ന പാർക്കിന്റെ 90 ശതമാനം പ്രവൃത്തിയും പൂർത്തിയായി.

സംസ്കരണ–സംഭരണ സംവിധാനങ്ങൾ, കെട്ടിടങ്ങൾ റോഡ്, ചുറ്റുമതിൽ എന്നിവയും വയറിങ്, പ്ലംബിങ് ജോലികളും പൂർത്തിയായി. ട്രാൻസ്ഫോമർ, ജനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്ന ജോലി മാത്രമാണ് അവശേഷിക്കുന്നത്. ഫുഡ്പാർക്ക് കമീഷൻ ചെയ്യുന്നതോടെ സമുദ്രോൽപ്പന്ന കയറ്റുമതിയിൽ സംസ്ഥാനം വൻ കുതിച്ചുചാട്ടം നടത്തും.

നിലവിൽ വിവിധ കേന്ദ്രങ്ങളിലായി നടത്തുന്ന സമുദ്രോൽപ്പന്നശേഖരണം, സംസ്കരണം, സംഭരണം, കയറ്റുമതി എന്നിവയെല്ലാം പള്ളിപ്പുറത്തെ പാർക്കിൽ ചെയ്യാനാകും. കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസിന്റെ താൽക്കാലിക ഓഫീസ് ഇവിടെ പ്രവർത്തിക്കുന്നതിനാൽ കയറ്റുമതിക്ക് മുമ്പുള്ള എല്ലാ പരിശോധനകളും കടലാസ് ജോലികളും ഇവിടെ നിർവഹിക്കാം.

പരിശോധനയ്ക്കുശേഷം കസ്റ്റംസ് മുദ്രവച്ച കണ്ടെയ്നറുകൾ കൊച്ചി തുറമുഖംവഴി എളുപ്പം വിദേശങ്ങളിലേക്ക് കയറ്റി അയക്കാം. മുഖ്യമന്ത്രി പിണറായി വിജയൻ 2017 ജൂണിലാണ് പാർക്കിന് കല്ലിട്ടത്. രണ്ട് വർഷംകൊണ്ട് വ്യവസായവകുപ്പിനു കീഴിലുള്ള കെഎസ്ഐഡിസി ഈ ബൃഹദ്പദ്ധതി യാഥാർഥ്യമാക്കി. ഇതുവരെ 42 ഏക്കർ ഭൂമി 25 കമ്പനികൾ 30 വർഷത്തെ പാട്ടത്തിന് എടുത്തിട്ടുണ്ട്.

ഇതിൽ അഞ്ച് കമ്പനികൾ പ്രവർത്തനം തുടങ്ങി. സ്വന്തമായി സംസ്കരണ സംഭരണ സൗകര്യങ്ങൾ ഇല്ലാത്ത കമ്പനികൾക്ക് കെഎസ്ഐഡിസിയുടെ സംവിധാനങ്ങൾ ഉപയോഗിക്കാം. പത്തര ഏക്കറിലാണ് ഇതിനുള്ള സംവിധാനങ്ങൾ. ആറുകോടി വീതം മുടക്കി നിർമിച്ച സംസ്കരണ യൂണിറ്റ്, ഫ്രീസർ എന്നിവയക്ക് 10 ടൺ വീതമാണ് സംഭരണ ശേഷി. 11 കോടി ചെലവിലാണ് ശീതീകരണസംവിധാനമുള്ള സംഭരണ യൂണിറ്റ്. ഇതിന് 300 ടൺ സംഭരണശേഷിയുണ്ട്.

ഓഫീസ്, ബാങ്ക്, ഗുണനിലവാര പരിശോധന, കസ്റ്റംസ് ഓഫീസ് എന്നിവ അടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമിച്ചത് ആറുകോടി ചെലവിലാണ്. ഇതിന് പുറമെ 20 ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ പ്ലാന്റുമുണ്ട്. വിവിധ കമ്പനികളുടെ ഫാക്ടറികളും കെഎസ്ഐഡിസി നിർമിച്ച സംവിധാനങ്ങളും ഉൾപ്പെടുന്ന മുഖ്യ സംഭരണകേന്ദ്രത്തിന് (സെൻട്രൽ പ്രൊസസിങ് സെന്റർ), പുറമെ എറണാകുളം ജില്ലയിലെ മൂന്നു പ്രാഥമിക സംസ്കരണ കേന്ദ്രങ്ങളും (പ്രൈമറി പ്രൊസസിങ് സെന്റർ) ഇതിന്റെ ഭാഗമായി പ്രവർത്തിക്കും. തോപ്പുംപടിയിലെ കൊച്ചിൻ ഫിഷറീസ് ഹാർബർ, പുതുവൈപ്പിൻ, മുനമ്പം ഹാർബർ എന്നിവടങ്ങളിലാണിത്. സമുദ്രോൽപ്പന്നങ്ങളുടെ സംഭരണമാണ് മുഖ്യമായും ഇവിടെ നടക്കുക.


## വൻ ഡിസ്കൗണ്ട് വിസ്മയവുമായി ജോളി സിൽക്സ് ആടി സെയിൽ

തിരുവനന്തപുരം: ഉപഭോക്താക്കൾക്ക് പുതുമയാർന്ന തുണിത്തരങ്ങൾ വൻ ഡിസ്കൗണ്ടിൽ സ്വന്തമാക്കാൻ അവസരമൊരുക്കി ജോളി സിൽക്സ് ആടി സെയിൽ ആരംഭിച്ചു.കാഞ്ചിപുരം സിൽക്സ് സാരികളുടെ അതിവിപുലമായ ശേഖരമാണ് ഈ വർഷത്തെ പ്രത്യേകത. ജോളി സിൽക്സിന്റെ തൃശൂർ, അങ്കമാലി, കോട്ടയം, തിരുവല്ല, കൊല്ലം തുടങ്ങിയ ഷോറൂമുകളിൽ പ്രത്യേക ആടി ഫ്ളോർ സജ്ജമാക്കിയിട്ടുണ്ട്.സാരി, ചുരിദാർ, ചുരിദാർ മെറ്റീരിയൽസ്, കുർത്തി, ടോപ് തുടങ്ങിയ ശ്രേണികളിൽ ലേഡീസ് ആൻഡ് ടീൻസ് വെയർ, കിഡ്സ് വെയർ,മെൻസ് വെയർ വിഭാഗങ്ങളിൽ വൈവിദ്ധ്യമാർന്ന ഏറ്റവും പുതിയ കളക്ഷൻസാണ് ജോളി സിൽസ്ക് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നത്. കൂടാതെ, പൈതൃകവും ഗുണമേന്മയും ഒരുമിക്കുന്ന സാരികളുടെയും പട്ട് വസ്ത്രങ്ങളുടെയും ബൃഹദ് ശേഖരണവും ആടി സെയിലിലൂടെ സ്വന്തമാക്കാം. ആഘോഷങ്ങൾക്കായി അണിഞ്ഞൊരുങ്ങാൻ വിസ്മയിപ്പിക്കുന്ന വസ്ത്രങ്ങൾ കുറഞ്ഞ വിലയിൽ ജോളി സിൽക്സ് റിയൽ ആടി സെയിലിലൂടെ സ്വന്തമാക്കാം. വസ്ത്രങ്ങൾ കൂടാതെ, ചെരുപ്പുകൾ, ബാഗുകൾ, ഫർണിഷിംഗ് മെറ്റീരിയലുകൾ എന്നിവയുടെ വൈവിദ്ധ്യമാർന്ന ശേഖരവും ആടി സ്പെഷ്യൽ ഡിസ്കൗണ്ടിലൂടെ ലഭ്യമാകും. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ ഓഫ് സീസണായതിനാൽ ഉത്പാദകരും വിതരണക്കാരും നൽകുന്ന പ്രത്യേക ഓഫറുകളും മറ്റും ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുക,ആടി മാസം ആദായത്തിന്റെ നാളുകളാക്കുക എന്നിവയാണ് റിയൽ ആടി സെയിൽസിലൂടെ ജോളി സിൽക്സ് ലക്ഷ്യമിടുന്നത്.


### ചാനൽ മൂവീസ്

**ഏഷ്യാനെറ്റ്**

കിളിച്ചുണ്ടൻ മാമ്പഴം– 09.00 എ എം

**ഏഷ്യാനെറ്റ് പ്ലസ്**

അസുരവിത്ത്– 07.00 എ എം
ലണ്ടൻ ബ്രിഡ്ജ്– 10.00 എ എം
ഓർമ്മയുണ്ടോ ഈ മുഖം– 01.00 പി എം
കാണ്ഡഹാർ– 04.00 പി എം
കഥ പറയുമ്പോൾ– 07.00 പി എം
സ്നേഹവീട്–11.00 പി എം


**ഏഷ്യാനെറ്റ് മൂവീസ്**

അച്ചാദിൻ– 07.00 എ എം
നമ്പർ 20 മദ്രാസ് മെയിൽ– 09.30 എ എം
ഷെർലോക് ടോംസ്– 12.00 പി എം
മണിച്ചിത്രത്താഴ്– 02.30 പി എം
കുട്ടൻപ്പിള്ളയുടെ ശിവരാത്രി– 07.00 പി എം
രാവണപ്രഭു– 09.30 പി എം
ശീലാബതി– 11.00 പി എം

**കൈരളി ടി വി**

രജനി മുരുകൻ– 12.00 പി എം
അവനോ അതോ അവളോ– 11.00 പി എം






**സൂര്യ മൂവീസ്**

മുഹൂർത്തം 11.30 ന്– 07.00 എ എം
ഡോൾഫിൻസ്– 10.00 എ എം
കുഞ്ഞനന്തന്റെ കട– 01.00 പി എം
സുന്ദരപുരുഷൻ– 04.00 പി എം
ഇൻഡിപെൻഡൻസ്– 07.00 പി എം
രഹസ്യ പോലീസ്– 10.00 പി എം

**സൂര്യ ടി വി**

നീലക്കുറുക്കൻ 01.00 എ എം
റെഡ് റൈൻ 03.30 എ എം
പരസ്പരം 07.00 എ എം
ജോ ആൻഡ് ദ ബോയ്– 10.00 എ എം
മൈ ഡിയർ മമ്മി 01.00 പി എം
ഡബിൾ ബാരൽ 04.00 പി എം
മിസ്റ്റർ ബ്രഹ്മചാരി 07.00 പി എം
അനാർക്കലി 11.00 പി എം

**കൈരളി വി**

നാലാംകെട്ടിലെ നല്ല തമ്പിമാർ– 09.00 എ എം
നാളെ ഞങ്ങളുടെ വിവാഹം– 03.00 പി എം
ഒരു രാഗം പല താളം– 09.00 പി എം

## തനിക്ക് ഒരു മകളുണ്ടന്ന് മാഹി ഗിൽ



സഹിബ് ബീവി ഓർ ഗാംഗ്സ്റ്റെർ എന്ന ചിത്രത്തിലൂടെ പ്രശസ്തയായ മാഹി ഗിൽ തന്റെ കുടുംബ ജീവിതത്തെക്കുറിച്ച് തുറന്ന് പറയുന്നു. തനിക്ക് ഒരു മകളുണ്ടെന്നും താൻ അവിവാഹിതയാണെന്നുമാണ് ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ മാഹി പറയുന്നത്. മകൾക്ക് ഈ ഓഗസ്റ്റിൽ മൂന്ന് വയസ്സാകും. വെറോണിക എന്നാണ് അവളുടെ പേര്. വിവാഹിതയല്ല, എന്നാൽ താൻ പ്രണയത്തിലാണെന്നും മാഹി പറഞ്ഞു.

"ഒരു മകളുടെ അമ്മയെന്ന നിലയിൽ ഞാൻ വളരെ സന്തോഷത്തിലാണ്. അതെ, ഞാൻ ഇതുവരെ വിവാഹം ചെയ്തിട്ടില്ല. എപ്പോഴാണ് വിവാഹം ചെയ്യണമെന്ന് തോനുന്നത് അപ്പോൾ ഞാൻ വിവാഹിതയാകും. " മാഹി അഭിമുഖത്തിൽ വ്യക്തമാക്കി.

താൻ ഒരിക്കലും സ്വകാര്യ ജീവിതത്തെ കുറിച്ച് ആരോടും സംസാരിച്ചിട്ടില്ല. ആരും തന്നോട് ചോദിച്ചിട്ടുമില്ലെന്നും മാഹി പറഞ്ഞു. മാധ്യമങ്ങൾക്ക് മുമ്പിൽ മാഹി തന്റെ മകളെ ഇതുവരെ കൊണ്ടുവന്നിട്ടില്ല. മാത്രമല്ല, തന്റെ സോഷ്യൽ മീഡിയ പേജിൽ നിന്നും മാഹി മകളെ മാറ്റി നിർത്തി.

43 കാരിയായ മാഹിയോട് വിവാഹത്തെക്കുറിച്ച് ചോദിച്ചപ്പോൾ എന്താണ് വിവാഹത്തിന്റെ ആവശ്യമെന്നായിരുന്നു മറു ചോദ്യം. സമയവും ചിന്തയും അനുസരിച്ചാണ് ഇതെല്ലാമിരിക്കുന്നത്. കുടുംബവും കുട്ടികളുമെല്ലാം വിവാഹം ചെയ്യാതെയും ഉണ്ടാകും. അതിൽ തെറ്റുണ്ടെന്ന് താൻ കരുതുന്നില്ല. വിവാഹം മനോഹരമായ ഒന്നാണ്, എന്നാൽ വിവാഹം ചെയ്യണോ വേണ്ടയോ എന്നത് തീർത്തും വ്യക്തിപരമാണെന്നും മാഹി പറഞ്ഞു.

## ക്രിക്കറ്റ് താരം മിതാലി രാജിന്റെ ജീവിതം സിനിമയാകുന്നു

### നായിക തപ്സി



ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം മിതാലി രാജിന്റെ ജീവിതം സിനിമയാകുന്നു. തപ്സി പന്നുവാണ് ചിത്രത്തിൽ മിതാലി രാജായി വേഷമിടുന്നത്. 2017ലാണ് പ്രോജക്ട് അനൗൺസ് ചെയ്യുന്നത്. സംവിധായകനെ ലഭിക്കാത്തതിനാൽ ചിത്രം നീളുകയായിരുന്നു. ചിത്രത്തിന് സംവിധായകനെ തീരുമാനിച്ചു കഴിഞ്ഞാൽ ഉടനെ ചിത്രീകരണം ആരംഭിക്കുമെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.പി.ടി ഉഷ, സൈന നെവാൾ എന്നിവരുടേതടക്കം നിരവധി ബയോപിക്കുകളാണ് അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നത്.

രാജ്യാന്തര ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ വനിതാ താരമാണ് മിതാലി രാജ്. വനിതാ ഏകദിന ക്രിക്കറ്റിൽ 6,000 റൺസ് പിന്നിട്ട ഏക താരവുമാണ്. ഏകദിന ക്രിക്കറ്റിൽ തുടർച്ചയായി ഏഴ് അർധ സെഞ്ചറികൾ നേടിയിട്ടുണ്ട്. സൂർമ എന്ന ചിത്രത്തിൽ ഹോക്കി താരമായി തപ്സി വേഷമിട്ടിരുന്നു. തപ്സിയുടെ പുതിയ ചിത്രമായ സാന്ത് കി ആങ്കിൽ ഷൂട്ടറുടെ വേഷത്തിലും തപ്സി എത്തുന്നുണ്ട് അനുരാഗ് കശ്യപാണ് ചിത്രം സംവിധാനം ചെയ്യുന്നത്.

അക്ഷയ് കുമാറും വിദ്യാ ബാലനും ഒന്നിക്കുന്ന മിഷൻ മംഗൾ, പ്രകാശ് രാജ് ഒരുക്കുന്ന ദഡ്ക എന്നിവയാണ് താരത്തിന്റെതായി അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ചിത്രങ്ങൾ.

## ശ്രീനിവാസന്റെ വാക്കുകൾ താൻ ഒരു വിലയും കൊടുക്കുന്നില്ലെന്ന് പാർവതി

മലയാള സിനിമയിൽ ആൺ പെൺ വിവേചനമില്ലെന്ന നടൻ ശ്രീനിവാസന്റെ വാക്കുകൾക്കെതിരെ നടി പാർവതി തിരുവോത്ത് രംഗത്ത്. ശ്രീനിവാസന്റെ കമന്റിന് താൻ ഒരുവിലയും കൊടുക്കുന്നില്ലെന്നും, ശ്രീനിവാസൻ പറഞ്ഞത് അപ്രസക്തമാണെന്നും ഒരു മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പാർവതി തിരിച്ചടിച്ചു.

'അത്തരം ഒരു കമന്റിന് ഉത്തരം പറഞ്ഞ് അതിനെ മഹത്വവൽക്കരിക്കാൻ ഞാൻ താൽപര്യപ്പെടുന്നില്ല. ആ കമന്റിന് ഞാൻ ഒരു വിലയും കൊടുക്കുന്നില്ല. അപ്രസക്തമാണ് ആ കമന്റ്. സത്യമാണ് പ്രസക്തം. ആ സത്യം എല്ലാവരുടെയും മുന്നിൽ തുറന്നുവച്ചിട്ടുള്ളതാണ്. അത് സുവ്യക്തവുമാണ്'– പാർവതി പറഞ്ഞു. അതേസമയം, ഫെമിനിച്ചി എന്ന വിളി താൻ ഏറ്റെടുക്കുകയാണെന്നും ഏറ്റവും ബെസ്റ്റായ ഒരു വിളിയായാണ് അത് തനിക്ക് തോന്നുന്നതെന്നും പാർവതി അഭിമുഖത്തിൽ പറയുന്നുണ്ട്.

ഡബ്ല്യു.സി.സിയുടെ ആവശ്യവും ഉദ്ദേശ്യവുമെന്തെന്ന് മനസിലാകുന്നില്ലെന്നും മലയാള സിനിമയിൽ ആൺ പെൺ വിവേചനമില്ലെന്നും അടുത്തിടെ ഒരു ദൃശ്യമാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിൽ ശ്രീനിവാസൻ പ്രതികരിച്ചിരുന്നു. ഈ വാക്കുകളെയണ് പാർവ്വതി വില നൽകുന്നില്ല എന്ന് തുറന്ന് പറഞ്ഞത്.



# ശബരിമലയെ ബിജെപിയും കോൺഗ്രസും രാഷ്ട്രീയമായി ഉപയോഗിച്ചു: പി രാജീവ്

ന്യൂഡൽഹി : കേരളത്തിൽ ബിജെപിയും കോൺഗ്രസും നടത്തിയ ശബരിമല സമരത്തിനെതിരെ പരിഹാസവുമായി സിപിഎം നേതാവ് പി രാജീവ്. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് അദ്ദേഹം ഇക്കാര്യം സൂചിപ്പിച്ചത്.

ഭരണഘടനാ ബെഞ്ചിന്റെ പരിഗണയിലുള്ള വിഷയത്തിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒന്നും ചെയ്യാൻ കഴിയില്ല എന്ന ബോധത്തോടെയാണ് ശബരിമലയിൽ സമരമാർഗങ്ങൾ ഇരു കൂട്ടരും മുന്നോട്ട് കൊണ്ട് പോയതെന്നും രാജീവ് തന്റെ ഫേസ്ബുക്കിൽ പറഞ്ഞു.


ശബരിമലയിൽ ഓർഡിനൻസിനെക്കുറിച്ച് ശശി തരൂർ ചോദിച്ച ചോദ്യത്തിന് നിയമ മന്ത്രി രവി ശങ്കർ പ്രസാദ് വ്യക്തമായി മറുപടി പറഞ്ഞതിനെ കളിയാക്കി ആയിരുന്നു ഫേസ്ബുക്ക് പോസ്റ്റ്.

സുപ്രീംകോടതിയുടെ പരിധിയിൽ വരുന്ന കേസിൽ നടപടിയെടുക്കാൻ കേന്ദ്ര സർക്കാരിന് കഴിയില്ല എന്നാണ് കേന്ദ്ര മന്ത്രി ഉത്തരമായി പറഞ്ഞത്.

വസ്തുത ഇതാണെന്ന് അറിയാമായിരുന്ന കോൺഗ്രസ്, ബിജെപി നേതാക്കൾ ഭക്തരെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. രണ്ട് കൂട്ടരും സംസ്ഥാന സർക്കാരിനെ പ്രതിക്കൂട്ടിലാക്കാനുള്ള ശ്രമമായിരുന്നു ഇതിൽ നടന്നത്. സംസ്ഥാനം നിയമം കൊണ്ടുവന്ന് സുപ്രീംകോടതി വിധി മറികടക്കണം എന്ന് പറയുന്ന പാർട്ടിയുടെ നേതാവാണ് ചോദ്യം ചോദിച്ചത്.

ആചാരം സംരക്ഷിക്കാനായി സുപ്രീംകോടതി വിധിയെ മറികടക്കുന്ന നിയമം കൊണ്ടുവരും എന്ന് പറഞ്ഞ പാർട്ടിയുടെ നേതാവാണ് ഉത്തരം പറഞ്ഞത്.

ശബരിമല കേസിൽ കേന്ദ്ര സർക്കാരിന് ഒന്നും ചെയ്യാനില്ല എന്നാണ് ഇതിന്റെ വാസ്തവം എന്ന് രാജീവ് അടിവരയിട്ട് പറയുന്നു ഫേസ്ബുക്ക് പോസ്റ്റിൽ.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വാപ്കോസിന്റെ രണ്ടുകോടി രൂപ സി,എം,ഡി,ആർ.കെ ഗുപ്ത മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. ആരോഗ്യമന്ത്രി കെ.കെ. ശൈലജ സമീപം

# സർക്കാർ കുഴിച്ച കുഴിയിൽ വീണുപോയെന്ന് ശബരിമല കർമ്മസമിതി

പത്തനംതിട്ട: ശബരിമല വിഷയത്തിൽ സംസ്ഥാന സർക്കാർ കുഴിച്ച കുഴിയിൽ വീണു പോയെന്ന് കർമ്മസമിതി സംസ്ഥാന യോഗത്തിൽ വിമർശനം. യുവതി പ്രവേശനത്തിനെതിരെയുള്ള സമരങ്ങൾ മൂന്ന് മാസമായി നിലച്ചു. കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തിയില്ലെങ്കിൽ ഇതുവരെ നടത്തിയ സമരങ്ങൾ വെറുതെയാകുമെന്നും ശബരിമല കർമ്മസമിതി പ്രവർത്തന റിപ്പോർട്ടിൽ വിമർശനം ഉയർന്നു. നിർജീവമായ സമരപരിപാടികൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകാനും പന്തളത്ത് നടക്കുന്ന ശബരിമല കർമസമിതി യോഗത്തിൽ തീരുമാനമെടുത്തു.

നിയമനിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും. പ്രവർത്തകർക്കെതിരെ നിരവധി കേസുകൾ വന്നത് സമരങ്ങൾക്ക് തടസമായെന്ന് കർമ്മസമിതി ജനറൽ കൺവീനർ എസ്ജെആർ കുമാർ അവതരിപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

തെരഞ്ഞെടുപ്പിനു ശേഷവും സംസ്ഥാന സർക്കാർ നിലപാട് മാറ്റാത്ത സാഹചര്യത്തിൽ ശക്തമായ തുടർസമരം വേണമെന്ന് യോഗം ഉദ്ഘാടനം ചെയ്ത സ്വാമി ചിദാനന്ദപുരി പറഞ്ഞു.

അതേസമയം ശബരിമല ആചാരസംരക്ഷണത്തിന് കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തുമെന്ന് ശബരിമല കർമസമിതി രക്ഷാധികാരി സ്വാമി ചിദാനന്ദപുരി പറഞ്ഞു. ഇക്കാര്യത്തിൽ കർമസമിതി സമ്മർദ്ദം ചെലുത്തേണ്ട ആവശ്യം വരില്ലെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന സമിതിയോഗത്തിന് മുന്നോടിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശബരിമല വിഷയത്തിൽ സുപ്രീംകോടതി വിധി അനുകൂലമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത് മറിച്ചാണെങ്കിൽ കേന്ദ്രം നിയമനിർമ്മാണം നടത്തും എന്നാണ് പ്രതീക്ഷ. ഇക്കാര്യം പ്രധാനമന്ത്രി തന്നെ തെരഞ്ഞെടുപ്പ് പരിപാടികളിൽ വ്യക്തമാക്കിയതാണ്. ഇതിനായി കർമ്മസമിതി സമ്മർദ്ദം ചെലുത്തേണ്ട കാര്യമുണ്ടാകില്ലെന്നും ചിദാനന്ദപുരി പറഞ്ഞു.

# ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറഞ്ഞു; വായ്പാ വളർച്ച ത്വരിതഗതിയിൽ

ന്യൂഡൽഹി: നിഷ്ക്രിയ ആസ്തി അനുപാതത്തിൽ വന്ന കുറവും വായ്പകളിൽ ത്വരിതഗതിയിലുണ്ടായ വളർച്ചയും മൂലം ബാങ്കിംഗ് വ്യവസ്ഥയുടെ പ്രകടനം മെച്ചപ്പെട്ടതായി സാമ്പത്തിക സർവ്വേ ചൂണ്ടിക്കാട്ടി. എന്നാൽ മൂലധന വിപണിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇക്വിറ്റി ഫിനാൻസിലുണ്ടായ കുറവും ബാങ്കിംഗ് ഇതര സാമ്പത്തിക കമ്പനി (എൻബിഎഫ്സി) മേഖലയിലുണ്ടായ പിരിമുറുക്കങ്ങളും മൂലം സമ്പദ് വ്യവസ്ഥയിലേക്കുള്ള ധനാഗമനത്തിൽ പരിമിതികളുണ്ടായി. പാപ്പരത്തത്തെ കൈകാര്യം ചെയ്യുന്നതിനുള്ള പരിസ്ഥിതി വ്യവസ്ഥാപിതമായ രീതിയിൽ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അത് കണ്ടുകെട്ടലുകളിലേക്കും പ്രശ്നകരമായ ആസ്തികളിൽ തീർപ്പുണ്ടാക്കുന്നതിലേക്കും നയിക്കുകയും, ബിസിനസ്സ് സംസ്കാരം മെച്ചപ്പെടുത്തുകയും ചെയ്തു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർക്കുലേഷനിലുള്ള കറൻസിയിൽ 22.6 ശതമാനത്തിന്റെ വർദ്ധനയുണ്ടായി. നെറ്റ് ആർബിഐ ക്രെഡിറ്റിലും വർദ്ധനയുണ്ടായി. സംയോജിത നിക്ഷേപത്തിലും 2018-19 ൽ 9.6 ശതമാനത്തിന്റെ വർദ്ധനയുണ്ടായി.

ശരാശരിക്കണക്കിൽ ലിക്വിഡിറ്റി 2018-19 ന്റെ അവസാന രണ്ട് പാദങ്ങളിലും, 2019-20 ന്റെ ആദ്യ പാദത്തിലും കമ്മിയാവുന്ന സാഹചര്യമുണ്ടായി. പലിശ നിരക്കുകളിലും ലിക്വിഡിറ്റി ഞെരുക്കം ദൃശ്യമായി. മൂന്ന് സുപ്രധാന കാരണങ്ങളാണ് ലിക്വിഡിറ്റി ഞെരുക്കത്തിന് ആസ്പദമായത്.

ബാങ്ക് വായ്പകളിലുണ്ടായ വളർച്ച 2018-19 ന്റെ അവസാന രണ്ട് പാദങ്ങളിലും മെച്ചപ്പെട്ടപ്പോൾ, ബാങ്ക് നിക്ഷേപങ്ങളിലെ വളർച്ച ഉദാസീനമായി തുടർന്നതാണ് ഇതിന്റെ ഒന്നാമത്തെ കാരണം. സർക്കുലേഷനിലുള്ള കറൻസിയിലും ത്വരിതഗതിയിലുള്ള വളർച്ചയുണ്ടായി. വിനിമയ നിരക്കിലെ സ്ഥിരതയില്ലായ്മ പരിഹരിക്കുന്നതിനായി റിസർവ് ബാങ്കിന് വിദേശ കരുതൽ ധനത്തിൽ 32 ബില്യൺ ഡോളറിലധികം പിൻവലിക്കേണ്ടതായി വന്നു.

ബാങ്കിങ്ങ് മേഖലയുടെ, പ്രത്യേകിച്ച് പൊതു മേഖലാ ബാങ്കുകളുടെ പ്രകടനം 2018-19 ൽ മെച്ചപ്പെട്ടതായി സാമ്പത്തിക സർവ്വേ നിരീക്ഷിച്ചു. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ മൊത്തം നിഷ്ക്രിയ ആസ്തി അനുപാതം 2018 മാർച്ചിനും ഡിസംബറിനും ഇടയിൽ 11.5 ശതമാനത്തിൽ നിന്നും 10.1 ശതമാനമായി കുറഞ്ഞു. ഭക്ഷ്യേതര ബാങ്ക് വായ്പകളിൽ 2018-19 കാലയളവിൽ വളർച്ചയുണ്ടായി.വൻകിട വ്യവസായ, സേവന രംഗങ്ങളിലേക്ക് നൽകിയ ബാങ്ക് വായ്പകളാണ് ഇതിന് കാരണം. എന്നാൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി വായ്പ വളർച്ചയിലെ വേഗത മിതമായ നിരക്കിലാണ്.

## കേരള സർവകലാശാല

### പരീക്ഷാഫലം

ജനുവരിയിൽ നടന്ന സിബിസിഎസ് ബികോം ബിരുദ മൂന്നാം സെമസ്റ്റർ പരീക്ഷാഫലം (2017 അഡ്മിഷൻ-റെഗുലർ, 2016 അഡ്മിഷൻ -ഇംപ്രൂവ്മെന്റ് 2015, 2014, 2013 അഡ്മിഷൻ-സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി 12. വിശദവിവരം വെബ്സൈറ്റിൽ.

ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ കമ്മ്യൂണിക്കേറ്റീവ് അറബിക് (2014 അഡ്മിഷൻ മുതൽ) ബിഎ മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ (2013 അഡ്മിഷൻ മുതൽ) എന്നീ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 12. വിശദവിവരം വെബ്സൈറ്റിൽ.

മേയിൽ നടന്ന ആറാം സെമസ്റ്റർ എംസിഎ (2015 സ്കീം) റെഗുലർ, സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2017 അഡ്മിഷൻ- റെഗുലർ, 2016 അഡ്മിഷൻ- ഇംപ്രൂവ്മെന്റ്, 2015,2014 അഡ്മിഷൻ- സപ്ലിമെന്ററി) കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 12 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിസിഎ (റെഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 12. വിശദവിവരം വെബ്സൈറ്റിൽ.

ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ ബി.എസ്.ഡബ്ല്യൂ (2014 അഡ്മിഷൻ മുതൽ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

ഫെബ്രുവരി മാസത്തെ നടത്തിയ രണ്ടാം വർഷ ഫിലോസഫി പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

### സീറ്റ് ഒഴിവ്

സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എംഎ ഹിസ്റ്ററി (സിഎസ്എസ്) 2019-20 പ്രോഗാമിൽ എസ്‌സി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി എട്ടാം തീയതി രാവിലെ 10ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0471-2308839, 0944653338

## മഹാത്മാഗാന്ധി സർവകലാശാല

### പരീക്ഷഫലം

2018 ഡിസംബർ, 2019 മേയ് മാസങ്ങളിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എംഫിൽ (ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് - സിഎസ്എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എംഎസ്‌സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 15 വരെ അപേക്ഷിക്കാം.

മാർച്ചിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.വോക്, 2019 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ ബി.വോക് (2016 അഡ്മിഷൻ റഗുലർ, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 15 വരെ അപേക്ഷിക്കാം

### ഓപ്ഷൻ രജിസ്ട്രേഷൻ

ബിരുദ പ്രോഗ്രാമുകളിലേക്ക് സപ്ലിമെന്ററി അലോട്മെന്റിനായി ഇന്നും നാളെയും പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാം.

അപേക്ഷകർ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് നദഹ.ശഭൻ. ദന.യഷ എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പുതുതായി ഓപ്ഷനുകൾ നൽകാം.

### വൈവാവോസി

മേയിൽ നടന്ന നാലാം സെമസ്റ്റർ എംഎ ഹിന്ദി (സിഎസ്എസ്-റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട്, വൈവാവോസി 16 മുതൽ അതത് കോളേജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

# രണ്ടാം വർഷ ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് ലാറ്ററൽ എൻട്രി

തിരുവനന്തപുരം: ഐഎച്ച്ആർഡിയുടെ കീഴിലുള്ള മോഡൽ പോളിടെക്നിക്ക് കോളേജുകളിൽ എൻജിനീയറിംഗ് ഡിപ്ലോമ കോഴ്സുകളിലേക്ക് ലാറ്ററൽ എൻട്രി സ്കീമിൽ രണ്ടാംവർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

വടകര (കോഴിക്കോട്: 04962524920, 8547005079), മാള (കല്ലേറ്റുംകര: 04802233240, 8547005080), മറ്റക്കര (കോട്ടയം: 04812542022, 8547005081), കല്ല്യാശ്ശേരി (കണ്ണൂർ: 04972780287, 8547005082), പൈനാവ് (ഇടുക്കി: 04862232246, 8547005084), കരുനാഗപ്പള്ളി (കൊല്ലം: 04762623597, 8547005083), പൂഞ്ഞാർ (കോട്ടയം: 04822209265, 8547005085), കുഴൽമന്നം (പാലക്കാട്: 04922272900, 8547005086) എന്നീ കോളേജുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷാഫോറവും പ്രോസ്പെക്ടസും ശ്ശ്.യമഴപ.ദന.യഷ ൽ ലഭ്യമാണ്.

അപേക്ഷ പൂരിപ്പിച്ച്, രജിസ്ട്രേഷൻ ഫീസായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന 300 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം (പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് 150 രൂപ) ബന്ധപ്പെട്ട കോളേജുകളിൽ നൽകണം.

തുക കോളേജുകളിൽ നേരിട്ടും അടയ്ക്കാം. കൂടുതൽ വിവരങ്ങൾ അതത് കോളേജുകളിൽ ലഭിക്കും.

# സിനിമാ പ്രൊമോഷന് വേണ്ടി വ്യാജപ്രചരണം ആശ ശരത്തിനെതിരെ പരാതി

ഇടുക്കി: സിനിമാ പ്രൊമോഷന് വേണ്ടി വ്യാജപ്രചരണം നടത്തിയ നടി കുടുങ്ങിയേക്കുമെന്ന് സൂചന. പൊലീസ് സ്റ്റേഷന്റെ പേര് ഉപയോഗിച്ച് സമൂഹമാധ്യമങ്ങളിലൂടെ വ്യാജപ്രചരണം നടത്തിയെന്ന പരാതിയിലാണ് നടി ആശ ശരത്തിനെതിരെ നടപടിക്ക് സാധ്യതയുള്ളത്.

പ്രൊമോഷൻ എന്ന പേരിൽ കട്ടപ്പന പൊലീസ് സ്റ്റേഷനെ ഉൾപ്പെടുത്തി വ്യാജ പ്രചാരണം നടത്തി എന്ന് ചൂണ്ടിക്കാട്ടിയാണ് അഭിഭാഷകനായ ശ്രീജിത്ത് പെരുമനയാണ് ഇടുക്കി ജില്ല പൊലീസ് മേധാവിക്ക് പരാതി നൽകിയത്.

ആശ ശരത്തിന്റെ പുതിയ സിനിമയായ 'എവിടെ' യുടെ പ്രൊമോഷന് വേണ്ടിയാണ് താരം സോഷ്യൽ മീഡിയയിലൂടെ വ്യാജപ്രചരണം നടത്തിയത്. കഴിഞ്ഞ ദിവസമാണ് ഫെയ്സ്ബുക്ക് വീഡിയോയിലൂടെ തന്റെ ഭർത്താവിനെ കാണുന്നില്ലെന്നും കണ്ടെത്താൻ സഹായിക്കണമെന്നുമാവശ്യപ്പെട്ട് കരഞ്ഞുകൊണ്ട് താരം രംഗത്തെത്തിയത്. കരഞ്ഞുകലങ്ങിയ കണ്ണുമായി പറയുന്ന താരത്തിന്റെ വീഡിയോ കണ്ടവരെല്ലാം സംഭവം സത്യമാണെന്ന് കരുതിയെങ്കിലും വീഡിയോയുടെ അവസാനം എവിടെ എന്ന സിനിമയുടെ പോസ്റ്റർ കണ്ടതോടെ ഇത് പ്രൊമോഷനാണെന്ന് മനസിലാകുകയായിരുന്നു.

സംഭവത്തിൽ വ്യാപകപ്രതിഷേധമാണ് നടിക്കെതിരെ ഉയർന്നിട്ടുള്ളത്. ആരാധകരെ തെറ്റിദ്ധരിപ്പിച്ച് സിനിമയ്ക്ക് പ്രൊമോഷൻ ഉണ്ടാക്കുന്നുവെന്നാണ് വിമർശനം. വീഡിയോ വാട്സാപ്പിലും മറ്റും പ്രചരിക്കുകയും ഭർത്താവിനോടൊപ്പമുള്ള ഫോട്ടോ സഹിതം കാണാതായെന്നും വിവരം ലഭിക്കുന്നവർ കട്ടപ്പന പൊലീസ് സ്റ്റേഷനിൽ അറിയിക്കണമെന്നും ആവശ്യപ്പെട്ട് പോസ്റ്ററുകളും വാർത്തകളും പ്രചരിക്കുന്നുണ്ട്. ഇതേതുടർന്നാണ് അഭിഭാഷകൻ പരാതി നൽകിയത്.

# ജലസേചന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സംസ്ഥാന സർക്കാരും കേന്ദ്രജലവിഭവ മന്ത്രാലയവും ഭൂജലവകുപ്പ് മുഖേന നടപ്പാക്കുന്ന കുഴൽക്കിണർ അധിഷ്ഠിത ജലസേചന പദ്ധതികൾക്കായി തിരുവനന്തപുരം ജില്ലയിലെ കർഷകർ, കർഷക ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോമിനും വിശദാംശങ്ങൾക്കുമായി ഭൂജലവകുപ്പ്, തിരുവനന്തപുരം ജില്ലാ ഓഫീസ്, അമ്പലമുക്ക്, കവടിയാർ പി.ഒ.യിൽ ബന്ധപ്പെടണം. ഫോൺ: 0471-2430279, ഇ-മെയിൽ: gwdtvm@gmail.com.

## ആശുപത്രി വാങ്ങിയ സംഭവം

# ജയലാലിന് ഷോകോസ് നോട്ടീസ്

കൊല്ലം: പാർട്ടി അറിയാതെ സഹകരണ സംഘം രൂപീകരിച്ച് കൊല്ലത്ത് സ്വകാര്യ ആശുപത്രി വാങ്ങിയ സംഭവത്തിൽ ജി.എസ്.ജയലാൽ എം എൽ എയ്ക്ക് സിപിഐ കാരണം കാണിക്കൽ നോട്ടിസ് നൽകി. തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന നിർവാഹകസമിതിയാണ് ജയലാലിനോട് വിശദീകരണം തേടാൻ തീരുമാനിച്ചത്.

ജയലാൽ അദ്ധ്യക്ഷനായ സാന്ത്വനം കോഓപ്പറേറ്റീവ് സൊസൈറ്റിയാണ് മേവറത്തു പ്രവർത്തിക്കുന്ന അഷ്ടമുടി ആശുപത്രി വാങ്ങാൻ തീരുമാനിച്ചത്. വിലയായ അഞ്ചു കോടി രൂപയിൽ ഒരു കോടി രൂപ നൽകി. പാർട്ടിയോട് ആലോചിക്കാതിരുന്നത് വീഴ്ചയാണെന്നും ജാഗ്രതക്കുറവ് സമ്മതിക്കുന്നുവെന്നും ജയലാൽ കൊല്ലം ജില്ലാ എക്സിക്യൂട്ടീവിൽ സമ്മതിച്ചിരുന്നു. അടുത്ത ചൊവ്വാഴ്ച ചേരുന്ന സംസ്ഥാന എക്സിക്യൂട്ടീവ് ജയലാലിന്റെ വിശദീകരണം ചർച്ച ചെയ്ത് നടപടി വേണമോയെന്ന് തീരുമാനിക്കും.

ജില്ലാ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ, പാർട്ടിയിൽ നിന്നുള്ള ആദ്യ മുഖ്യമന്ത്രി സി.അച്യുതമേനോന്റെ പേരിലുള്ള സഹകരണ ആശുപത്രി മാസങ്ങളായി പൂട്ടിക്കിടക്കുമ്പോഴാണ് 5.25 കോടി രൂപയ്ക്കു സ്വകാര്യ ആശുപത്രി സ്വന്തമാക്കാനുള്ള ശ്രമം. ഒരു കോടിയിലേറെ രൂപ നൽകി കരാറെഴുതിയതോടെ ആശുപത്രിയുടെ ഭരണം സഹകരണ സംഘം ഏറ്റെടുക്കുകയും ചെയ്തു. പാർട്ടി സംസ്ഥാന കൗൺസിലംഗം കൂടിയായ ജയലാൽ പ്രസിഡന്റായി സംഘം രൂപീകരിക്കുന്നതിനും ആശുപത്രി വിലയ്ക്കു വാങ്ങുന്നതിനും പാർട്ടിയുടെ അനുവാദം വാങ്ങാതിരുന്നതാണ് അന്വേഷണത്തിനു വഴിതുറന്നത്. സംഘത്തിന് ഓഹരി സമാഹരിക്കാൻ അനുവാദം തേടി സംസ്ഥാന നേതൃത്വത്തിനു ജയലാൽ കത്ത് നൽകിയപ്പോഴാണു പാർട്ടി വിവരം അറിയുന്നത്. കൊല്ലം നഗരത്തിനടുത്തു പൂട്ടിക്കിടക്കുന്ന അച്യുതമേനോൻ സ്മാരക സഹകരണ ആശുപത്രി പുനരുജ്ജീവിപ്പിച്ചു കൂടുതൽ ഓഹരി സമാഹരിക്കാൻ പാർട്ടി തീരുമാനിച്ചതിനിടെയാണ്, ജയലാലിന്റെ നേതൃത്വത്തിൽ സഹകരണ ആശുപത്രിക്കായി ഓഹരി സമാഹരണം തുടങ്ങിയത്.




കേന്ദ്രസർക്കാരിന്റെ മുഖ്യസാമ്പത്തിക ഉപദേഷ്ടാവ് ഡോ. കൃഷ്ണമൂർത്തി വി സുബ്രഹ്മണ്യൻ സാമ്പത്തിക സർവെ റിപ്പോർട്ട് പുറത്ത് വിട്ടു കൊണ്ട് പത്രസമ്മേളനം നടത്തിയപ്പോൾ

# മുംബയ് വിമാനത്താവളം; അടച്ചിട്ട റൺവേ ഇന്നും തുറക്കില്ല

മുംബൈ: മഴയെ തുടർന്ന് സ്പൈസ് ജെറ്റ് വിമാനം തെന്നിമാറുകയും തിങ്കളാഴ്ച മുംബൈ വിമാനത്താവളം അടച്ചിടുകയും ചെയ്തിരുന്നു.

അടച്ച പ്രധാന റൺവേയുടെ പ്രവർത്തനം നാളെയും സാധാരണ ഗതിയിലാകാൻ ഇടയില്ലെന്നാണ് സൂചന. അപകടത്തിൽപ്പെട്ട വിമാനം പൂർണമായും നീക്കംചെയ്യാൻ കഴിയാത്തതിനാലാണിത്. പ്രധാന റൺവേ അടച്ചതുമൂലം കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി മുംബൈയിൽനിന്നുള്ള 280 വിമാന സർവീസുകൾ റദ്ദാക്കിയിരുന്നു.

രണ്ടാമത്തെ റൺവേ ഉപയോഗിച്ച് മാത്രമാണ് ഇപ്പോൾ വിമാന സർവീസുകൾ നടത്തുന്നത്. ഇന്ന് അർദ്ധരാത്രിവരെ പ്രധാന റൺവേ പ്രവർത്തിക്കില്ലെന്ന അറിയിപ്പ് ബന്ധപ്പെട്ടവർക്ക് വിമാനത്താവള അധികൃതർ നൽകിയിട്ടുണ്ട്.

ജയ്പൂരിൽനിന്ന് 167 യാത്രക്കാരുമായി എത്തിയ സ്പൈസ്ജെറ്റ് വിമാനം ജൂലായ് ഒന്നിനാണ് റൺവേയിൽനിന്ന് തെന്നിമാറിയത്.

## എടയാർ സ്വർണക്കവർച്ച

# പ്രതികളെ പിടിച്ചിട്ടും തൊണ്ടി കണ്ടെത്താനാകാതെ പൊലീസ്

കൊച്ചി: എടയാറിലെ സ്വർണ കവർച്ചാ കേസിൽ പ്രതികളെ പിടികൂടിയിട്ടും നഷ്ടപ്പെട്ട സ്വർണം കണ്ടെത്താൻ കഴിയാതെ പൊലീസ്. പ്രതികൾ പറഞ്ഞ സ്ഥലങ്ങളിൽ പരിശോധന നടത്തിയിട്ടും സ്വർണം കണ്ടെത്താനായില്ലെന്നാണ് പൊലീസ് പറയുന്നത്. സ്വർണം കണ്ടെത്താനാകാത്തത് നിരാശാജനകമാണെന്ന് സ്ഥാപന ഉടമ ജോസ് പറഞ്ഞു. കേസിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്നും ഇക്കാര്യം ആവശ്യപ്പെട്ട് ഉന്നത അധികാരികൾക്ക് പരാതി നൽകിയതായും അദ്ദേഹം പറഞ്ഞു.കഴിഞ്ഞ മേയ് ഒമ്പതിനാണ് എടയാറിലെ സ്വർണ ശുദ്ധീകരണ ശാലയായ സിജിആർ മെറ്റൽസിലേക്ക് കൊണ്ടുവന്ന സ്വർണം കവർച്ച ചെയ്യപ്പെട്ടത്. കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത അഞ്ച് പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. 22 കിലോയോളം വരുന്ന, ആറുകോടി രൂപ മൂല്യമുള്ള സ്വർണമാണ് കവർച്ച ചെയ്തത്. എന്നാൽ ഇതുവരെയും ഈ സ്വർണം എവിടെയെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല. വിവിധ ഇടങ്ങളിൽ പരിശോധന നടന്നു. തെളിവെടുപ്പുകൾ നടന്നു. കേസിൽ മൂന്ന് പേരെക്കൂടി പിടികൂടാനുണ്ട്. സ്വർണം കണ്ടെത്താനാകാത്തത് ആശങ്കയുണ്ടാക്കുന്നുവെന്ന് സിജിആർ മെറ്റൽസിന്റെ ഉടമ ജോസ് പറയുന്നു. നഷ്ടപ്പെട്ട സ്വർണം പ്രവർത്തന മൂലധനമാണ്. അത് വീണ്ടെടുക്കാൻ സാധിക്കാത്തത് ബിസിനസിനെ ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# നിയമസഭ കമ്മിറ്റി യോഗം 11ന്

സർഫാസി നിയമം: തിരുവനന്തപുരം:സർഫാസി നിയമം മൂലം സംസ്ഥാനത്തുണ്ടായ സ്ഥിതിഗതികൾ പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് രൂപീകരിച്ച എസ്. ശർമ്മ എം.എൽ.എ ചെയർമാനായ നിയമസഭാ അഡ്ഹോക് കമ്മിറ്റിയുടെ യോഗം 11ന് രാവിലെ 11 മണിക്ക് കൽപറ്റ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേരും. ജില്ലയിലെ സാമാജികർ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, കർഷകസംഘടന നേതാക്കൾ, സർഫാസി നിയമം മൂലം ജപ്തി നടപടി നേരിടുന്നവർ, സമരസംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്നും ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കും. പരാതികളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ തപാൽ മുഖേനയും ർദധവഫ@ഷയ ന്ദശദറദധമദ.ഷയന.യഷ ലും നിയമസഭാ സെക്രട്ടറിക്ക് സമർപ്പിക്കാം.

# കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് 11 ലക്ഷം രൂപ കാണാതായി

കോഴിക്കോട്: മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് 11 ലക്ഷം രൂപ കാണാതായതായി പരാതി. എച്ച്.ഡി.എസിന്റെ ന്യായവില സർജിക്കൽ ഷോറൂമിൽ നിന്നാണ പണം നഷ്ടപ്പെട്ടത്. ജീവനക്കാരുടെ പരാതിയിൽ മെഡിക്കൽ കോളേജ് പൊലീസ് കേസെടുത്തു. പുറത്തുനിന്നുള്ള കവർച്ചാ ശ്രമത്തിന്റെ സൂചനകളില്ലെന്ന് പൊലീസ് പറഞ്ഞു. സംഭവത്തിൽ മെഡിക്കൽ കോളേജ് സൂപ്രണ്ട് ജില്ലാ കളക്ടർക്ക റിപ്പോർട്ട് നൽകി.

# ഇ-മാലിന്യ മാനേജ്മെന്റിൽ സിസ്സ ശില്പശാല സംഘടിപ്പിക്കും

തിരുവനന്തപുരം: സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ സയൻസ് ആൻഡ് സോഷ്യൽ ആക്ഷൻ (സിസ്സ)യുടെ ആഭിമുഖ്യത്തിൽ ഇ-മാലിന്യ മാനേജ്മെന്റിൽ ശില്പശാല സംഘടിപ്പിക്കും.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ (കെ എസ് സി എസ് ടി ഇ) സഹകരണത്തോടെയുള്ള പരിപാടി 10ന് രാവിലെ 9.30 മുതൽ പുരാവസ്തു, മൃഗശാല വകുപ്പിനു കീഴിലുള്ള മ്യൂസിയം ഓഡിറ്റോറിയത്തിൽ നടക്കും.

ഡൽഹി ആസ്ഥാനമായ ടോക്സിക്സ് ലിങ്കിന്റെ അസോസിയേറ്റ് ഡയറക്ടർ സതീഷ് സിൻഹ മുഖ്യാതിഥിയാകും.

കെ എസ് സി എസ് ടി ഇ പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. പി ഹരിനാരായണൻ അദ്ധ്യക്ഷനായിരിക്കും. സിസ്സ ഡയറക്ടർ ഡോ. സി കെ പീതാംബരൻ മോഡറേറ്ററാകും. മുപ്പതോളം സ്കൂളുകളും സർക്കാർ, സർക്കാരിതര സംഘടനകളും ഇ-മാലിന്യ മാനേജ്മെന്റ് രംഗത്ത് പ്രവർത്തിക്കുന്നവരും അക്കാദമിക് സ്ഥാപനങ്ങളും ഉൾപ്പെടെ വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയ സെമിനാറിൽ ഇ-മാലിന്യ ശേഖരണത്തിൽ അനുവർത്തിക്കാവുന്ന മികച്ച മാതൃകയെപ്പറ്റി വിദഗ്ധരുടെ പാനൽ ചർച്ച ചെയ്യുമെന്ന് സിസ്സ ജനറൽ സെക്രട്ടറി ഡോ. സി സുരേഷ്കുമാർ, സിസ്സ എനർജി ആൻഡ് ക്ലീൻ ടെക്നോളജീസ് ഡയറക്ടർ എൻജിനീയർ സുരേഷ്ബാബു ബി വി എന്നിവർ അറിയിച്ചു. ഫോൺ: 9895375211, 944706874.

# സെമിയിൽ ഇന്ത്യയെ നേരിടുന്നതാര്

## സാദ്ധ്യത ഇങ്ങനെ, അവ നടന്നാൽ കളിമാറും



ലണ്ടൻ: ബംഗ്ലാദേശിനെ തകർത്ത് ലോകകപ്പിന്റെ സെമി ഫൈനലിലേക്ക് മുന്നേറിയതോടെ സെമിയിൽ ആരാവും എതിരാളിയെന്നതാണ് ആരാധകരുടെ ഇപ്പോഴത്തെ സംസാരവിഷയം. ഒരു മത്സരം ബാക്കിനിൽക്കെയാണ് ഇന്ത്യ സെമിയിലേക്കു ടിക്കറ്റെടുത്തത്. സെമിയിൽ പോയിന്റ് പട്ടികയിലെ ഒന്നും നാലും സ്ഥാനക്കാരും രണ്ടും മൂന്നും സ്ഥാനക്കാരുമാണ് കൊമ്പുകോർക്കുക.

ബുധനാഴ്ച നടന്ന മത്സരത്തിൽ ന്യൂസിലാൻഡിനെ തകർത്ത് ആതിഥേയരായ ഇംഗ്ലണ്ട് സെമിയിലെത്തിയ മൂന്നാമത്തെ ടീമായി മാറിയിരുന്നു. അത്ഭുതങ്ങളൊന്നും സംഭവിച്ചില്ലെങ്കിൽ ന്യൂസിലാൻഡാവും സെമിയിലെ അവസാനത്തെ ടീം. അവസാന റൗണ്ടിലെ മത്സരഫലമാവും സെമിയിൽ ഇന്ത്യയുടെ എതിരാളികളെ തീരുമാനിക്കുക. ഏതൊക്കെയായിരിക്കും ഇവയെന്നു നോക്കാം.

### ഒന്നാംസ്ഥാനം– ഓസ്ട്രേലിയ (14 പോയിന്റ്)



നിലവിലെ ചാംപ്യൻമാരായ ഓസ്ട്രേലിയയാണ് 14 പോയിന്റുമായി പട്ടികയിൽ തലപ്പത്തുള്ളത്.

കളിച്ച എട്ടു മത്സരങ്ങളിൽ ഏഴിലും കംഗാരുപ്പട ജയിച്ചിരുന്നു. ഇനി നാളെ ദക്ഷിണാഫ്രിക്കയുമായാണ് ഓസീസിന്റെ അവസാന മത്സരം. നേരത്തേ തന്നെ പുറത്തായ ദക്ഷിണാഫ്രിക്ക ജയത്തോടെ മടങ്ങാനായിരിക്കും ശ്രമിക്കുക.

അടുത്ത കളിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരേ ഓസ്ട്രേലിയ ജയിക്കുകയാണെങ്കിൽ സെമിയിൽ ഇന്ത്യയുടെ എതിരാളികൾ ഇംഗ്ലണ്ടായിരിക്കും. ശനിയാഴ്ചയാണ് മത്സരം.

### രണ്ടാംസ്ഥാനം– ഇന്ത്യ (13 പോയിന്റ്)



ഓസീസിനെപ്പോലെ ഇന്ത്യക്കും ഇനിയൊരു മത്സരം ശേഷിക്കുന്നുണ്ട്. നാളെ ശ്രീലങ്കയെയാണ് ഇന്ത്യ നേരിടുന്നത്.

അടുത്ത റൗണ്ടിൽ ഇന്ത്യ ലങ്കയെയും ഓസീസ് ദക്ഷിണാഫ്രിക്കയെയും തോൽപ്പിച്ചാൽ സെമിയിൽ ഇന്ത്യക്കു ഏറ്റുമുട്ടേണ്ടി വരിക ഇംഗ്ലണ്ടുമായിട്ടായിരിക്കും.



മറിച്ച് ഇന്ത്യ ലങ്കയെ തോൽപ്പിക്കുകയും ഓസീസിനെതിരേ ദക്ഷിണാഫ്രിക്ക ജയിക്കുകയും ചെയ്താൽ 15 പോയിന്റുമായി ഇന്ത്യ പട്ടികയിൽ തലപ്പത്തേക്കു കയറും. അതോടെ സെമി ലൈനപ്പും മാറും. അപ്പോൾ സെമിയിൽ ഇന്ത്യക്കു നേരിടേണ്ടിവരിക ന്യൂസിലാൻഡിനെയാവും. ഓസ്ട്രേലിയ ഇംഗ്ലണ്ടിനെയും നേരിടും.

### മൂന്ന്, നാല് സ്ഥാനം– ഇംഗ്ലണ്ട് (12), ന്യൂസിലാൻഡ് (11 പോയിന്റ്)

പോയിന്റ് പട്ടികയിലെ ആദ്യ രണ്ടു സ്ഥാനക്കാരായ ഓസ്ട്രേലിയ, ഇന്ത്യ എന്നിവരുടെ പൊസിഷൻ മാത്രമേ ഇനി മാറുകയുള്ളൂ. കാരണം ഇരുടീമുകൾക്കും ഓരോ മത്സരം ബാക്കിയുണ്ട്. എന്നാൽ ഇംഗ്ലണ്ടിന്റെയും കീവിസിന്റെയും മത്സങ്ങൾ പൂർത്തിയായിക്കഴിഞ്ഞു.

ഇംഗ്ലണ്ട് 12 പോയിന്റോടെയും ന്യൂസിലാൻഡ് 11 പോയിന്റുമായുമാണ് പട്ടികയിൽ മൂന്നും നാലു സ്ഥാനങ്ങളിൽ നിൽക്കുന്നത്.



വിൻഡീസ് താരങ്ങൾ വിജയാഘോഷം പങ്കുവയ്ക്കുന്നു

# തകർത്തടിച്ച് വിൻഡീസ്

## അഫ്ഗാനെ 23 റൺസിന് തോൽപിച്ചു

ലണ്ടൻ: ലോകകപ്പിലെ അവസാന പോരാട്ടത്തിൽ വെസ്റ്റിൻഡീസിന് തകർപ്പൻ ജയം.

312 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്ന അഫ്ഗാനിസ്ഥാന് അമ്പത് ഓവർ പൂർത്തിയാക്കി 288 റൺസ് എടുക്കാനേ സാധിച്ചുള്ളൂ. തുടക്കത്തിൽ മികച്ച മുന്നേറ്റം നടത്താൻ അഫ്ഗാൻ താരങ്ങൾ ശ്രമിച്ചെങ്കിലും 23 റൺസിന്റെ വിജയം വിൻഡീസിന് സമ്മാനിച്ച് അഫ്ഗാൻ ലോകകപ്പ് മോഹം അവസാനിപ്പിച്ചു. മത്സരത്തിൽ ജയിച്ചെങ്കിലും പോയിന്റ് പട്ടികയിൽ ഒമ്പതാം സ്ഥാനത്തുള്ള വിൻഡീസും ലോകകപ്പിൽ നിന്ന് പുറത്തായി. ഏറ്റവും പിന്നിൽ പത്താം സ്ഥാനത്തുള്ളത് അഫ്ഗാനിസ്ഥാനാണ്.

അഫ്ഗാനിസ്ഥാനെതിരെ അക്ഷരാർത്ഥത്തിൽ വെസ്റ്റിൻഡീസ് തകർത്തടിക്കുകയായിരുന്നു. നേരത്തെ ടോസ് നേടിയ വിൻഡീസ് ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. എന്നാൽ ക്രിസ് ഗെയിലിനെ തുടക്കത്തിൽ തന്നെ നഷ്ടപ്പെട്ട് വിൻഡീസ് പ്രതിരോധത്തിലായി. 7 റൺസെടുത്ത് ഗെയിൽ പുറത്തായതോടെ വിൻഡീസിന്റെ സ്വപ്നങ്ങൾക്ക് മങ്ങലേറ്റെങ്കിലും പിന്നീട് എവിൻ ലൂയിസും ഷായ് ഹോപ്പും ചേർന്നാണ് വിൻഡീസിന്റെ ഇന്നിംഗ്സ് നേരെയാക്കിയത്. ഷായ് ഹോപ് 92 പന്തിൽ 77 റൺസെടുത്തു. ലൂയിസ് 78 പന്തിൽ 58 റൺസെടുത്തു. ഇരുവരും ആറ് വീതം ബൗണ്ടറിയും രണ്ട് വീതം സിക്സറുകളും പറത്തി.

എന്നാൽ ഇവർ പുറത്തായ ശേഷം മധ്യനിരയിൽ ഉണ്ടായ കൂട്ടുകെട്ടാണ് മത്സരത്തിൽ 300ന് മുകളിൽ വിൻഡീസിന് സ്കോർ സമ്മാനിച്ചത്. ഹെറ്റ്മയർ 31 പന്തിൽ 39 റൺസെടുത്തു. മത്സരത്തിൽ വലിയ സ്കോർ പിറക്കില്ലെന്ന് കരുതിയപ്പോഴാണ് നിക്കോളാസ് പൂരനും ജേസൻ ഹോൾഡറും ക്രീസിലെത്തുന്നത്. പൂരൻ കഴിഞ്ഞ കളിയിലെ ഫോം തുടർന്നു. 43 പന്തിൽ 58 റൺസുമായി മികച്ച പ്രകടനമാണ് താരം നടത്തിയത്.

ഹോൾഡർ 34 പന്തിൽ 45 റൺസെടുത്തു. നാല് സിക്സർ താരം പറത്തുകയും ചെയ്തു. ബ്രാത്ത് വെയ്റ്റ് അവസാന നാല് പന്തിൽ 14 റൺസെടുക്കുകയും ചെയ്തു. അഫ്ഗാനിസ്ഥാൻ നിരയിൽ സദ്രാൻ രണ്ട് വിക്കറ്റെടുത്തു. ഷിർസാദും റാഷിദ് ഖാനും നബിയും ഓരോ വിക്കറ്റെടുത്തു.

### വിംബിൾഡൺ

# വീണ്ടും ഞെട്ടിച്ച് കോറി ഗൗഫ്

## ജോകോവിച്ചും ആൻഡേഴ്സണും മുന്നോട്ട്



ലണ്ടൻ: നാലുതവണ ചാമ്പ്യനായ നൊവാക് ജോകോവിച്ച് വിംബിൾഡൺ ഗ്രാൻസ്ലാം ടെന്നിസിൽ മൂന്നാം റൗണ്ടിൽ കടന്നു. തുടർച്ചയായി 11–ാം വർഷമാണ് ജോകോവിച്ച് മൂന്നാം റൗണ്ടിലെത്തുന്നത്. അമേരിക്കയുടെ ഡെനിസ് കുഡ്‌ലയെയാണ് ടോപ് സീഡാണ് ജോകോവിച്ച് മറികടന്നത്. സ്കോർ: 6–3, 6–2, 6–2.

വനിതാ സിംഗിൾസിൽ അരങ്ങേറ്റത്തിൽ തന്നെ അഞ്ചുതവണ ചാമ്പ്യനായ വീനസ് വില്യംസിനെ അട്ടിമറിച്ച പതിനഞ്ചുകാരി കോറി ഗൗഫ് വീണ്ടും ഞെട്ടിച്ചു. 2017–ലെ സെമിഫൈനലിസ്റ്റായ മുപ്പതുകാരിയ മഗ്ദലെന റിബറികോവയെയാണ് രണ്ടാം റൗണ്ടിൽ കോറി ഗൗഫ് മുട്ടുകുത്തിച്ചത്. സ്കോർ: 6–3, 6–3. വിംബിൾഡൺ യോഗ്യത നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമാണ് കോറി ഗൗഫ്.

പുരുഷ സിംഗിൾസിൽ കഴിഞ്ഞ വർഷം ഫൈനലിൽ തോറ്റ കെവിൻ ആൻഡേഴ്സൻ യാങ്കോ ടിപ്സറെവിച്ചിനെ കീഴടക്കി മൂന്നാം റൗണ്ടിലേക്ക് മുന്നേറി. സ്കോർ: 6–4, 6–7, 6–1, 6–4.

# ഫുട്ബോളിനോട് വിട പറഞ്ഞ് റോബൻ



ബെർലിൻ: ഡച്ച് ഇതിഹാസ താരം ആര്യൻ റോബൻ പ്രൊഫഷണൽ ഫുട്ബോളിൽ നിന്ന് വിരമിച്ചു. 35 വയസുകാരനായ റോബൻ കഴിഞ്ഞ സീസൺ അവസാനത്തോടെ ജർമൻ ക്ലബ് ബയൺ മ്യൂണിക്ക് വിട്ടിരുന്നു. കരിയറിൽ ഉടനീളം വേട്ടയാടിയ പരിക്കാണ് ഫുട്ബോൾ കരിയർ അവസാനിപ്പിക്കാൻ റോബനെ പ്രേരിപ്പിച്ചതെന്നാണ് റിപ്പോർട്ടുകൾ.

2000ൽ ഗ്രോനിംഗെനിലൂടെയാണ് റോബൻ സീനിയർ ക്ലബ് കരിയർ ആരംഭിച്ചത്. 2002 മുതൽ 2004വരെ പിഎസ്‌വിയിലാണ് കളിച്ചത്. 2004ൽ ചെൽസിയിലെത്തിയ താരം മൂന്നു വർഷം അവിടെ കളിച്ചു. ചെൽസിക്ക് വേണ്ടി 67 മത്സരങ്ങളിൽ 15 ഗോളും അടിച്ചു. 2007ൽ റയൽ മാഡ്രിഡിലേക്ക് കൂടുമാറി. റയലിന് വേണ്ടി അമ്പതു മത്സരങ്ങൾ കളിച്ചശേഷം റോബൻ ബയണിലേക്ക് കളിമാറ്റി.

2009 മുതൽ പത്ത് വർഷം ബയണിൽ കളിച്ച താരം ജർമൻ ക്ലബിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച താരമായി വളർന്നു. വലതു വിംഗിലായിരുന്നു റോബന്റെ സ്ഥാനം. ബയണിനായി 201 മത്സരങ്ങളിൽ ഇറങ്ങിയ താരം 99 ഗോളുകളും വലയിലാക്കിയിട്ടുണ്ട്.

## പൊസ്നാൻ അത്‌ലറ്റിക്സ്: ഹിമദാസിന് സ്വർണം

വാഴ്സ: പോളണ്ടിൽ നടന്ന പൊസ്നാൻ അത്‌ലറ്റിക് ഗ്രാൻപ്രിക്സിൽ ഇന്ത്യൻ താരം ഹിമദാസിന് സ്വർണം. 200 മീറ്റർ ഓട്ടത്തിനാണ് ഹിമ സ്വർണം കരസ്ഥമാക്കിയത്. 23.65 സെക്കന്റ് കൊണ്ട് ഹിമ ഫിനിഷിംഗ് പോയിന്റ് കടന്നു. ഹിമയ്ക്കൊപ്പം മത്സരിച്ച മലയാളി താരം വി.കെ. വിസ്മയ 23.75 സെക്കൻഡിൽ ഓടിയെത്തി വെങ്കലം നേടി. പുരുഷൻമാരുടെ 200 മീറ്ററിൽ മലയാളിതാരം മുഹമ്മദ് അനസ് 20.75 സെക്കൻഡിൽ ഫിനിഷ് ചെയ്ത് വെങ്കലം നേടി. 400 മീറ്ററിൽ കെ.എസ്. ജീവന് വെങ്കലം ലഭിച്ചു. പുരുഷ ഷോട്ട്പുട്ടിലെ ദേശീയ റെക്കാഡിനുടമ തേജീന്ദർ പാൽസിംഗ് വെങ്കലം നേടി.

### വനിതാ ഫുട്ബോൾ ലോകകപ്പ്

# സ്വീഡനെ വീഴ്ത്തി നെതർലൻഡ്സ് ഫൈനലിൽ

പാരിസ്: ഫിഫ വനിതാ ലോകകപ്പിൽ നെതർലഡ്സ് ഫൈനലിൽ കടന്നു. സെമിയിൽ സ്വീഡനെ ഏകപക്ഷീയമായ ഒരു ഗോളിന് വീഴ്ത്തിയാണ് നെതർലൻഡ്സിന്റെ മുന്നേറ്റം. ഫൈനലിൽ മുൻ ചാമ്പ്യന്മാരായ യുഎസ്എ ആണ് നെതർലൻഡ്സിന്റെ എതിരാളികൾ. നിശ്ചിത സമയത്തും ഇരു ടീമുകൾക്കും ഗോളടിക്കാൻ കഴിയാതിരുന്നതോടെ അധികസമയത്തേക്ക് നീണ്ട കളിയുടെ 99ാം മിനിറ്റിൽ ജാക്കി ഗ്രോസെനെൻ ആണ് ഗോൾ സ്കോർ ചെയ്തത്.

മത്സരത്തിൽ നെതർലൻഡ്സിന് തന്നെയായിരുന്നു മേധാവിത്വം. പന്തടക്കത്തിൽ സ്വീഡനെക്കാൾ മികവുകാട്ടിയ ടീം ഗോളാക്രമണത്തിലും മുന്നിട്ടുനിന്നു. പ്രതിരോധത്തിലൂന്നിയ കളിയാണ് സ്വീഡൻ കാഴ്ചവെച്ചത്. നേരത്തെ 2017ലെ യൂറോ ക്വാർട്ടറിൽ ഇരു ടീമുകളും നേർക്കുനേർ വന്നപ്പോൾ ഡച്ച് ടീം 2–0ത്തിന് വിജയിച്ചിരുന്നു. യൂറോ ചാംപ്യന്മാരായ നെതർലൻഡ്സ് ഇക്കുറി യുഎസ്എയെ തോൽപ്പിക്കാമെന്ന ആത്മവിശ്വാസത്തിലാണ്.

പൊരുതിക്കളിച്ച ഇംഗ്ളണ്ടിനെ തോൽപ്പിച്ചാണ് യുഎസ്എ കഴിഞ്ഞദിവസം ഫൈനലിലെത്തിയത്. ഒന്നിനെതിരേ രണ്ട് ഗോളുകൾക്കാണ് നിലവിലെ ചാംപ്യൻമാരായ അമേരിക്ക കലാശപ്പോരാട്ടത്തിന് അർഹത നേടിയത്. അമേരിക്കയുടെ അലക്സ് മോർഗനും ഇംഗ്ളണ്ടിന്റെ എല്ലെൻ വൈറ്റും ആറ് ഗോളുകളുമായി ഗോൾഡൻ ബൂട്ടിനായുള്ള മത്സരത്തിൽ ഒപ്പമാണ്. ജൂലൈ ഏഴിന് ഇന്ത്യൻ സമയം രാത്രി 8.30ന് ലിയോണിലാണ് ഫൈനൽ പോരാട്ടം. നാളെ ലൂസേഴ്സ് ഫൈനൽ നടക്കും.



99ാം മിനിറ്റിൽ ഗോൾ നേടുന്ന ജാക്കി ഗ്രോസെനെൻ

# വഴികാട്ടാൻ ലംപാർഡ്

## ചെൽസിയുടെ പരിശീലകനായി ഇതിഹാസ താരത്തെ നിയമിച്ചു

ലണ്ടൻ: യൂറോപ്പ ലീഗ് ജേതാക്കളും ഇംഗ്ലണ്ടിലെ ഗ്ലാമർ ഫുട്ബോൾ ക്ലബ്ബുമായ ചെൽസിയുടെ പുതിയ പരിശീകനായി മുൻ ഇതിഹാസ മിഡ്ഫീൽഡർ ഫ്രാങ്ക് ലംപാർഡിനെ നിയമിച്ചു. ബ്ലൂസുമായി മൂന്നു വർഷത്തെ കരാറിലാണ് 41കാരൻ ഒപ്പുവച്ചത്. ചെൽസിയുടെ മുഖ്യ കോച്ചായി മടങ്ങിയെത്താൻ കഴിഞ്ഞതിൽ അതിതായ അഭിമാനമുണ്ടെന്ന് ലംപാർഡ് പ്രതികരിച്ചു.

ഈ ക്ലബ്ബിനോടു തനിക്കുള്ള അടുപ്പവും പങ്കിട്ട ചരിത്രവുമെല്ലാം എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. പുതിയ സീസണിന് തയ്യാറെടുക്കുകയാണ് ഇപ്പോൾ മുന്നിലുള്ള ഏക ലക്ഷ്യം. കഠിനാധ്വാനം നടത്തി ഈ ക്ലബ്ബിനെ കൂടുതൽ നേട്ടങ്ങളിലേക്കു നയിക്കാനാണ് എത്തിയിരിക്കുന്നത്. എത്രയും പെട്ടെന്ന് ജോലി തുടങ്ങണമെന്നാണ് ആഗ്രഹമെന്നും ലംപാർഡ് വിശദമാക്കി. ചെൽസിയെ യൂറോപ്പ ലീഗ് വിജയത്തിലേക്കു നയിച്ച ശേഷം പടിയിറങ്ങിയ മൗറിസിയോ സറിക്കു പകരമാണ് ലംപാർഡ് ചുമതലയേറ്റെടുത്തത്. ഇറ്റാലിയൻ ചാംപ്യൻമാരായ യുവന്റസിനൊപ്പം ചേരുന്നതിനു വേണ്ടിയാണ് സറി ചെൽസിയുടെ കോച്ച് സ്ഥാനമുപേക്ഷിച്ചത്.

13 വർഷം ചെൽസിയുടെ നീലക്കുപ്പായത്തിൽ കസറിയ താരമാണ് ലംപാർഡ്. 648 മത്സരങ്ങളിൽ നിന്നും 211 ഗോളുകളാണ് ബ്ലൂസിനായി അദ്ദേഹം അടിച്ചുകൂട്ടിയത്. റോൺ ഹാരിസ്, പീറ്റർ ബൊണെറ്റി, ജോൺ ടെറി എന്നിവർ മാത്രമേ ചെൽസിക്കായി ലംപാർഡിനേക്കാൾ കൂടുതൽ മത്സരങ്ങൾ കളിച്ചിട്ടുള്ളൂ.



തുടർച്ചയായി അഞ്ചു പ്രീമിയർ ലീഗ് സീസണുകളിൽ 20ൽ കൂടുതൽ ഗോളുകളും താരം നേടിയിട്ടുണ്ട്. 2001 മുതൽ 05 വരെ തുടർച്ചയായി 154 മത്സരങ്ങളിലാണ് ലംപാർഡ് ചെൽസിയുടെ കുപ്പായമണിഞ്ഞത്. മൂന്ന് പ്രീമിയർ ലീഗ് കിരീടം, നാല് എഫ്എ കപ്പ്, രണ്ട് ലീഗ് കപ്പ്, ഓരോ തവണ ചാംപ്യൻസ് ലീഗ്, യൂറോപ്പ ലീഗ് എന്നിവ സ്വന്തമാക്കിയ ശേഷം 2014ലാണ് ലംപാർഡ് ചെൽസി വിട്ടത്. കഴിഞ്ഞ സീസണിൽ ഇംഗ്ലണ്ടിലെ രണ്ടാം ഡിവിഷൻ ക്ലബ്ബായ ഡെർബി കൗണ്ടിയുടെ പരിശീലകനായിരുന്നു അദ്ദേഹം.

### കോപ്പ അമേരിക്കയിൽ ചാംപ്യൻമാർ നാണംകെട്ടു

# ചിലിയുടെ ചീട്ട് കീറി പെറു

## ബ്രസീൽ പെറു ഫൈനൽ ഞായറാഴ്ച

പോർട്ടോ അലെഗ്രെ: കോപ്പ അമേരിക്കയിൽ ഹാട്രിക്ക് കിരീടം തേടിയെത്തിയ ചിലി അട്ടിമറിത്തോൽവിയോടെ പുറത്ത്.

ആവേശകരമായ രണ്ടാം സെമി ഫൈനലിൽ പെറുവാണ് എതിരില്ലാത്ത മൂന്നു ഗോളുകൾക്കു ചാംപ്യൻമാരുടെ കഥ കഴിച്ചത്. ആദ്യ പകുതിയിൽ തന്നെ രണ്ടു ഗോളുകൾ ചിലിയുടെ വലയിലെത്തിച്ച് പെറു കളി തട്ടിയെടുത്തിരുന്നു. ഇഞ്ചുറിടൈമിൽ ചിലിയുടെ നാണക്കേട് ഇരട്ടിയാക്കിക്കൊണ്ട് പെറു ഗോൾപട്ടിക തികയ്ക്കുകയായിരുന്നു.

എഡിസൺ ഫ്ളോറെസ് (21ാം മിനിറ്റ്), യോഷിമർ യോറ്റുൻ (38), പൗലോ ഗ്വരേരേ (90) എന്നിവരാണ് പെറുവിന്റെ സ്കോറർമാർ. ഞായറാഴ്ച നടക്കാനിരിക്കുന്ന കലാശക്കളിയിൽ മുൻ ചാംപ്യന്മാരും ആതിഥേരയുമായ ബ്രസീലുമായി പെറു കൊമ്പുകോർക്കും.

ഹഫഴൻ ക്വാർട്ടർ ഫൈനലിൽ മുൻ ജേതാക്കളായ ഉറുഗ്വേയെ പെനൽറ്റി ഷൂട്ടൗട്ടിൽ അട്ടിമറിച്ചെത്തിയ പെറുവിന് ചിലിക്കെതിരേ ആരും സാധ്യത കൽപ്പിച്ചിരുന്നില്ല.

എന്നാൽ അവിസ്മരണീയ പ്രകടനത്തിലൂടെ അവർ കണക്കുകൂട്ടലുകൾ തെറ്റിക്കുകയായിരുന്നു. അറ്റാക്കിങ് ഫുട്ബോളിലൂടെ കളിയുടെ രണ്ടാം മിനിറ്റ് മുതൽ പെറു ചിലിയെ സമ്മർദ്ദത്തിലാക്കി. 21ാം മിനിറ്റിൽ അവർ അതിനു ഫലം കാണുകയും ചെയ്തു. ക്യുയേവനയുടെ ക്രോസിൽ നിന്നും കാറില്ലോയുടെ ഹെഡ്ഡറിനൊടുവിൽ ലഭിച്ച പന്ത് ഫ്ളോറെസ് വലയിലേക്ക് വഴിതിരിച്ചു വിടുകയായിരുന്നു. 38ാം മിനിറ്റിൽ ചിലിയുടെ തിരിച്ചുവരവ് സാധ്യതകൾ കൂടുതൽ ദുഷ്കരമാക്കി പെറു ലീഡുയർത്തി. ഗോളിക്കു വന്ന പിഴവിൽ നിന്നായിരുന്നു ഗോൾ.

44ാം മിനിറ്റിൽ ചിലിക്ക് ആദ്യ ഗോളിനുള്ള മികച്ചൊരു അവസരം ലഭിച്ചെങ്കിലും പെറു ഗോളി ഗല്ലെസെയെ കീഴക്കാനായില്ല. 51ാം മിനിറ്റിൽ ചിലിക്കു വീണ്ടും ഗോളവസരം.

ഇത്തവണ അരാൻഗ്വിസിന്റെ ഷോട്ട് ക്രോസ്ബാറിൽ തട്ടിത്തെറിക്കുകയായിരുന്നു. ഗോൾ മടക്കാൻ ചിലിക്ക് പിന്നീട് ഒന്നിലേറെ അവസരങ്ങൾ ലഭിച്ചെങ്കിലും ഒന്നും ലക്ഷ്യം കണ്ടില്ല. ഒടുവിൽ ഇഞ്ചുറിടൈമിന്റെ ആദ്യ മിനിറ്റിൽ വെറ്ററൻ താരം ഗ്വരേരോ പെറുവിന്റെ മൂന്നാം ഗോളും നേടിയതോടെ ചിലിയുടെ പതനം പൂർത്തിയായി. ഇഞ്ചുറിടൈമിന്റെ അവസാന മിനിറ്റിൽ പെനൽറ്റിയിലൂടെ ചിലിക്കു ആശ്വാസ ഗോളിനുള്ള അവസരം ലഭിച്ചിരുന്നു. പക്ഷെ എഡ്വാർഡോ വർഗാസിന്റെ പെനൽറ്റി പെറു ഗോളി വിഫലമാക്കുകയായിരുന്നു.



ചിലിയെ തോൽപിച്ച പെറു താരങ്ങളുടെ ആഹ്ലാദം

Friday 05 July 2019 | KALAKAUMUDI DAILY, THIRUVANANTHAPURAM
വാർത്തകൾക്ക് 0471 - 2447976,
പരസ്യത്തിന്: 0471 - 2443531, 9809409268, സർക്കുലേഷൻ: 9074952995, കസ്റ്റമർ കെയർ: 9495549001, 7356222990

**മലങ്കര സഭാതർക്കം**

# സർക്കാരിനെതിരെ ആഞ്ഞടിച്ച് ഓർത്തഡോക്സ് സഭ

ദീപു മറ്റപ്പള്ളി

കോട്ടയം: പള്ളിത്തർക്കത്തിൽ സംസ്ഥാന സർക്കാരിനെതിരെ ഓർത്തഡോക്സ് സഭ രംഗത്ത്. സുപ്രീംകോടതി വിധി നടപ്പാക്കിയില്ലെങ്കിൽ സർക്കാരിനെതിരെ കോടതിയലക്ഷ്യത്തിന് പരാതി നൽകുമെന്ന് ഓർത്തഡോക്സ് സഭാ തലവൻ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പറഞ്ഞു.

ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ വിധി വന്നിട്ടും നടപ്പാക്കിത്തരേണ്ടവർ അത് ചെയ്യുന്നില്ല. പിറവം പള്ളിയുടെ കാര്യത്തിൽ സംസ്ഥാന സർക്കാരു ടേൺ എടുത്തു. തിരഞ്ഞെടുപ്പ് സമയത്ത് നൽകിയ വാഗ്ദാനങ്ങളൊന്നും എൽ.ഡി.എഫ് പാലിച്ചില്ല. വിധി നടപ്പാക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ ആവശ്യപ്പെട്ടു. പള്ളികളുടെ ഉടമസ്ഥാവകാശം വിട്ട് നല്കില്ല. കട്ടിച്ചിറ, പിറവം പള്ളികളുടെ കാര്യത്തിൽ ഉടൻ തീരുമാനം എടുക്കണമെന്നും ആവശ്യപ്പെട്ടു.

ചെങ്ങന്നൂർ അടക്കമുള്ള തിരഞ്ഞെടുപ്പുകളിൽ പിന്തുണച്ചാൽ കോടതി വിധി നടപ്പാക്കാമെന്ന് വാഗ്ദാനം നൽകിയ ഇടതുപക്ഷ നേതാക്കൾ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കാണാത്ത ഭാവം നടിക്കുകയാണ്. കൈയ്യൂക്ക് ഉള്ളവർക്ക് മാത്രമേ കേരളത്തിൽ ജീവിക്കാൻ കഴിയൂ എന്നതാണ് സ്ഥിതി. ശബരിമലയിൽ കോടതി വിധി നടപ്പാക്കേണ്ടത് ഭരണഘടനാപരമായ ബാധ്യതയാണെന്ന് പലതണ ആവർത്തിച്ച ഇടത് സർക്കാർ സഭാ കേസിൽ തങ്ങൾക്ക് ഇടപെടുന്നതതിന് പരിമിതിയുണ്ടെന്ന വാദം നിരത്തി കൈമലർത്തുകയാണ്. എന്നാൽ കഴിഞ്ഞ ദിവസത്തെ സുപ്രീം കോടതി ഉത്തരവോടെ സഭാ കേസിൽ സംസ്ഥാന സർക്കാരിന് കോടതി വിധി നടപ്പാക്കുന്നതിൽ നിന്നും മാറി നിൽക്കാനാകില്ലെന്ന് വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞു. ഒരു ജനാധിപത്യ രാജ്യത്തെ പരമോന്നത കോടതിയുടെ ഉത്തരവ് പോലും നടപ്പാക്കാൻ കഴിയില്ലെങ്കിൽ പിന്നെ എന്തിനാണ് ഈ സർക്കാരെന്ന് കാതോലിക്കാ ബാവ ചോദിച്ചു. സുപ്രീം കോടതി വിധിക്ക് മുകളിലല്ല ഒരു മന്ത്രിസഭാ ഉപസമിതിയും. അതിനാൽ കോടതി വിധി നടപ്പാക്കിയശേഷം മാത്രമേ മന്ത്രിസഭാ ഉപസമിതിയുമായി മലങ്കര ഓർത്തഡോക്സ് സഭ തയാറുള്ളുവെന്ന് ബാവ വ്യക്തമാക്കി. കോടതി വിധി നടപ്പാക്കുന്നതിലൂടെ വിശ്വാസികൾ പള്ളി വിട്ടുപോകണമെന്നോ മതസ്വാതന്ത്ര്യത്തെ തടപ്പെടുത്തുമെന്നോ അർത്ഥമില്ല. സഭാ ഭരണഘടനയനുസരിച്ച് മലങ്കര സഭയിലെ പള്ളികൾ ഭരിക്കപ്പെടണമെന്നുമാത്രമാണ് ഓർത്തത്തഡോക്സ് സഭ ആവശ്യപ്പെടുന്നത്. ഈ നിലപാടാണ് സുപ്രീം കോടതിയും ആവർത്തിച്ച് ആവശ്യപ്പെട്ടിരിക്കുന്നത്.ഇതനസരിച്ച് മലങ്കര സഭയിലെ പള്ളികളുടെ ഉടമസ്ഥാവകാശം ഓർത്തഡോക്സ് സഭയ്ക്ക് മാത്രമാണ് ഇത് വിട്ടു നൽകി ഒരു ഒത്തുതീർപ്പിനും തയാറല്ലെന്ന് ബാവ പറഞ്ഞു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1934-ലെ ഭരണഘടനയനുസരിച്ച് ഭരിക്കുന്ന പള്ളികളിൽ യാതൊരുവിധ പ്രശ്നങ്ങളുമില്ല.ഇടവകാംഗങ്ങൾ തന്നെയാണ് ഈ പള്ളികൾ ഭരിക്കുന്നത്. പൊതുസമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത വിധം വിശ്വാസികളെ തെരുവിൽ ഇറക്കി സംഘർഷങ്ങൾക്ക് ആഹ്വാനം ചെയ്യുന്നത് പാത്രയർക്കീസ് വിഭാഗം അവസാനിപ്പിക്കണം. ഓർത്തഡോക്സ് സഭ ആഗ്രഹിക്കുന്നത് സമാധാനം ആണ്.സഭയിൽ ശാശ്വത സമാധാനം നിലനിൽക്കുന്നതിന് 1934-ലെ ഭരണഘടന അംഗീകരിക്കാൻ പാത്രയർക്കീസ് വിഭാഗം തയാറാകണമെന്നും കാതോലിക്കാ ബാവ ആവശ്യപ്പെട്ടു.

## ആർകെവി ദാമോദരന്റെ ഭാര്യ സരോജിനി ദാമോദരൻ നിര്യാതയായി



തിരുവനന്തപുരം: മ്യൂസിയം ആർകെവി റോഡിൽ റീത്ത നിവാസിൽ ആർകെവി ബിസിനസ് ഗ്രൂപ്പ് ഉടമ ഡി.സന്തോഷ്കുമാറിന്റെ അമ്മയും പരേതനായ ആർകെവി ദാമോദരന്റെ ഭാര്യയുമായ സരോജിനി ദാമോദരൻ(94) നിര്യാതയായി.

മറ്റുമക്കൾ:

ഡി. രത്നകുമാർ (റിട്ട. ആർബിഐ & നബാർഡ്), ഡോ. റീത്തകുമാരി എസ്.ഡി. (റിട്ട. പ്രൊഫസർ കേരള സർവകലാശാല), ഡി. ഉണ്ണിക്കൃഷ്ണൻ (മലേഷ്യ), ഡി ഗോപകുമാർ (ബിസിനസ്സ്), ഡി. അശോക്കുമാർ (ജേണലിസ്റ്റ്, ന്യൂഡൽഹി), പരേതനായ ഡി. രാധാകൃഷ്ണൻ, ഡി. രവികുമാർ, ക്യാപ്റ്റൻ ഡി രാജ്കുമാർ, ഡി. അനിൽകുമാർ.

മരുമക്കൾ: ലതാ രത്നകുമാർ, സുധാ രാജ്കുമാർ( റിട്ട. പ്രൊഫസർ എസ്എൻ കോളേജ്), അരുണാഉണ്ണികൃഷ്ണൻ, ദീപാ ഗോപകുമാർ, ഗൗരി അശോക്കുമാർ (ജേണലിസ്റ്റ്), രാജശ്രീ സന്തോഷ് (റിട്ട. മാനേജർ, എയർ ഇന്ത്യ).



**കഴിഞ്ഞ ദിവസം അന്തരിച്ച ഫൊറൻസിക് സർജൻ ഡോ. ഉമാദത്തന്റെ സംസ്കാരത്തിന് മുമ്പ് സംസ്ഥാന പൊലീസ് ആദരാഞ്ജലിയർപ്പിക്കുന്നു**

## സിറോ മലബാർ സഭയുടെ അടിയന്തര സിനഡ് ഇന്ന്

കൊച്ചി: കർദിനാളിനെതിരായ നിലപാട് ഒരുവിഭാഗം വൈദികർ ശക്തിപ്പെടുത്തുന്നതിനിടെ സിറോ മലബാർ സഭയുടെ അടിയന്തര സിനഡ് ഇന്ന് ചേരും. കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അദ്ധ്യക്ഷതയിലാണ് യോഗം.

വൈദികർ പരസ്യ പ്രതിഷേധം നടത്തിയ സാഹചര്യം യോഗത്തിൽ ചർച്ച ചെയ്യും. വിമത വൈദികർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യവും ഉയർന്നുവന്നേക്കും.

റോമിലുള്ള ബിഷപ്പ് മാർ ജേക്കബ് മനത്തോട്ടത്ത് സിനഡിൽ പങ്കെടുക്കില്ല. എറണാകുളം-അങ്കമാലി അതിരൂപതയിലെ സഹായമെത്രാന്മാരെ തത്സ്ഥാനത്ത് നിന്ന് നീക്കിയതാണ് വിമത പക്ഷത്തെ ചൊടിപ്പിച്ചത്. 250 ഓളം വൈദികർ പങ്കെടുത്ത യോഗത്തിൽ കർദിനാൾ തത്സ്ഥാനത്ത് നിന്ന് മാറിനിൽക്കണമെന്ന് വരെ അഭിപ്രായം ഉയർന്നു.

വത്തിക്കാന്റെ തീരുമാനം എതിർത്ത് യോഗം ചേർന്ന വൈദികർക്കെതിരെ നടപടി വേണമെന്നാണ് കർദിനാൾ പക്ഷത്തിന്റെ ആവശ്യം. 250 ഓളംവൈദികരാണ് കഴിഞ്ഞദിവസം കൊച്ചിയിൽ ചേർന്ന വിമതയോഗത്തിൽ പങ്കെടുത്തത്.

350ലേറെ വൈദികരുടെ പിന്തുണ തങ്ങൾക്കുണ്ടെന്നാണ് വിമതപക്ഷത്തിന്റെ അവകാശവാദം. സംഭവത്തിൽ നടപടിയെടുക്കുകയാണെങ്കിൽ തങ്ങളോടൊപ്പമുള്ള മുഴുവൻ വൈദികർക്കുമെതിരെ നടപടി സ്വീകരിക്കണമെന്നാണ് ഇവരുടെ നിലപാട്.

അപ്പൊസ്തൊലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനം ഒഴിഞ്ഞ മാർ ജേക്കബ് മാനത്തോടത്ത് ഏഴാം തീയതി മാത്രമേ വത്തിക്കാനിൽ നിന്ന് തിരിച്ചെത്തൂ. അദ്ദേഹം അഞ്ചംഗ സ്ഥിരം സിനഡിൽ അംഗമാണ്. അതിനാൽ അദ്ദേഹത്തിന് ഇന്നത്തെ യോഗത്തിൽ പങ്കെടുക്കാനാകില്ല. അടുത്തമാസം വിപുലമായ സിനഡ് ചേരാൻ തീരുമാനിച്ചിരിക്കവേയാണ് അടിയന്തരമായി ഇന്ന് സിനഡ് വിളിച്ചിരിക്കുന്നത്. പുറത്താക്കപ്പെട്ട സഹായമെത്രാന്മാർക്ക് പുതിയ ചുമതല തീരുമാനിക്കേണ്ടത് സിനഡ് യോഗമാണ്

## കസ്റ്റഡി മരണം: പൊലീസ് കംപ്ളെന്റ് അതോറിറ്റി തെളിവെടുത്തു സി സി ടി വി ദൃശ്യങ്ങൾ പരിശോധിച്ചു

തിരുവനന്തപുരം: കസ്റ്റഡി മരണം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസ് കംപ്ളെന്റ് അതോറിറ്റി ചെയർമാൻ നെടുങ്കണ്ടം സ്റ്റേഷൻ സന്ദർശിച്ച് തെളിവെടുത്തു. കസ്റ്റഡി കൊലപാതകത്തിൽ പൊലീസിനെതിരെ തെളിവുണ്ടെങ്കിൽ നടപടിക്ക് ശുപാർശ ചെയ്യുമെന്ന് അതോറിറ്റി ചെയർമാൻ ജസ്റ്റിസ് വി കെ മോഹനൻ വ്യക്തമാക്കി.

പി.ടി തോമസ് എം.എൽ.എയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പൊലീസ് കംപ്ളെന്റ് അതോറിറ്റി അംഗങ്ങൾ തെളിവെടുപ്പിന് നെടുങ്കണ്ടം പൊലീസ് സ്റ്റേഷനിലെത്തിയത്. കസ്റ്റഡി മരണത്തിൽ പൊലീസ് ഉദ്യോഗസ്ഥർക്ക് വീഴ്ച്ചയുണ്ടായോ എന്നതാണ് പ്രധാനമായി പരിശോധിച്ചത്. പൊലീസ് സ്റ്റേഷനിലെ രേഖകളും സി.സി.ടി.വി ദൃശ്യങ്ങളുടെ വിശദാംശങ്ങളും പരിശോധിച്ചു.

അതിനിടെ പീരുമേട് സബ് ജയിൽ ജയിൽ ഡിജിപി ഋഷിരാജ് സിംഗ് സന്ദർശിച്ചു. മൂന്നു ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് ലഭിക്കും. വിഷയം ഗൗരവതരമെന്നും ജയിൽ അധികൃതർക്ക് വീഴ്ചയുണ്ടായെങ്കിൽ നടപടിയെന്നും ഡിജിപി വ്യക്തമാക്കി. ജില്ലാ പൊലീസ് സൂപ്രണ്ടിനെതിരെ നടപടിക്ക് സാദ്ധ്യതയേറി. ഒരു എഎസ്ഐയെയും പൊലീസ് ഡ്രൈവറെയും അറസ്റ്റ് ചെയ്തേക്കും.

അതിനിടെ കുറ്റക്കാരായ പൊലീസുകാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് ഡിജിപി ലോക്നാഥ് ബെഹ്റ വ്യക്തമാക്കി. കുമാറിനേറ്റതു ക്രൂരമായ മർദ്ദനമെന്ന റിമാൻഡ് റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെ ബെഹ്റപറഞ്ഞു.

കുമാറിന്റെ തുടയിലും കാൽവെള്ളയിലും ആഴത്തിലുള്ള ചതവുകളുണ്ടെന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ടിലുണ്ട്. മർദ്ദനം തടയാതെ മുൻ എസ്ഐ കെ.എ. സാബു മറ്റ് പൊലീസുകാർക്കൊപ്പം ചേർന്നു. കസ്റ്റഡിയിലെടുത്ത ശേഷം നടപടിക്രമങ്ങൾ പാലിക്കാതെ തടവിൽ വച്ചു. നാല് പൊലീസുകാരാണു മുഖ്യപ്രതികൾ. കൊലപാതകം, തെളിവ് നശിപ്പിക്കൽ തുടങ്ങിയ വകുപ്പുകളാണ് ആദ്യ നാല് പ്രതികൾക്കെതിരെയുള്ളത്. കഴിഞ്ഞ മാസം 12ന് വൈകിട്ട് 5 മുതൽ കുമാർ അനധികൃത കസ്റ്റഡിയിൽ ക്രൂര മർദ്ദനത്തിന് വിധേയനായെന്നും അരയ്ക്കു താഴെയും കാൽവെള്ളയിലും മർദിച്ചെന്നും നാലാം പ്രതിയുടെ റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. മർദ്ദനത്തെ തുടർന്നുള്ള ആന്തരിക മുറിവുകളാണ് കുമാറിന്റെ മരണകാരണമെന്ന് ക്രൈംബ്രാഞ്ച് അന്വേഷണ ഉദ്യോഗസ്ഥൻ ജോൺസൻ ജോസഫിന്റെ റിപ്പോർട്ടിലുണ്ട്. എസ്. ഐ കെ. എ. സാബുവിനെയും നാലാം പ്രതി സിപിഒ സജീവ് ആന്റണിയെയും 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

## നാറ്റോ സഖ്യകക്ഷികൾക്ക് തുല്യമായ പദവി ഇന്ത്യയ്ക്കും

വാഷിങ്ടൻ: നാറ്റോ സഖ്യകക്ഷികൾക്കു ലഭിക്കുന്ന പദവി പ്രതിരോധ സഹകരണത്തിൽ ഇന്ത്യയ്ക്കും നൽകുന്നതിനുള്ള ബില്ലിന് യുഎസ് സെനറ്റ് അംഗീകാരം നൽകി. സെനറ്റിലെ ഇന്ത്യ കോക്കസിലെ ജോൺ കോർണിൻ, മാർക് വാർണർ എന്നിവർ അവതരിപ്പിച്ച ഭേദഗതിയിലാണ് നാറ്റോ സഖ്യകക്ഷികൾക്കും ഇസ്രയേലിനും ദക്ഷിണ കൊറിയയ്ക്കുമുള്ള പദവി ഇന്ത്യയ്ക്കും നൽകാനുള്ള നിർദേശം. ഇന്ത്യക്ക് കൂടുതൽ പദവി നൽകുന്ന 2020 സാമ്പത്തിക വർഷത്തെ നാഷണൽ ഡിഫൻസ് ഓതറൈസേഷൻ നിയമബിൽ കഴിഞ്ഞയാഴ്ച സെനറ്റിൽ പാസാക്കിയിരുന്നു.

ജനപ്രതിനിധി സഭയിൽ കഴിഞ്ഞയാഴ്ച ജോ വിൽസൻ, അമി ബേറ, ടെഡ് യോഹോ, ജോർജ് ഹോൾഡിങ്, എഡ് കെയ്സ്, രാജാ കൃഷ്ണമൂർത്തി എന്നിവർ ചേർന്ന് യുഎസ്- ഇന്ത്യ ബന്ധം മെച്ചമാക്കുന്നതിനുള്ള സമാന ബിൽ അവതരിപ്പിച്ചിരുന്നു. ഇത് ഈ മാസംതന്നെ പരിഗണിച്ചേക്കും. 2 സഭകളും പാസാക്കുന്നതോടെ ബിൽ നിയമമാകും.

## കിഫ്ബിയുടെ ധനകാര്യ ഇടപാടുകൾ സഭ അറിഞ്ഞുവേണം: സ്പീക്കർ

തിരുവനന്തപുരം: കിഫ്ബി പോലെ സുപ്രധാനമായ സ്ഥാപനങ്ങളുടെ സാമ്പത്തിക നിർദേശങ്ങൾ അടങ്ങുന്ന ധനാഭ്യർത്ഥനകൾ സാമ്പ്രദായികവും സാങ്കേതികവുമായി കാരണങ്ങളുടെ പേരിൽ വേണ്ടത്ര ചർച്ച കൂടാതെ സഭ പാസാക്കുന്ന രീതി പുനപരിശോധിക്കണമെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണം അടുത്ത വർഷം മുതൽ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും സ്പീക്കർ അറിയിച്ചു. നിയമസഭയിൽ എം. ഉമ്മർ അവതരിപ്പിച്ച ക്രമപ്രശ്നത്തിൽ റൂളിംഗ് നൽകുകയായിരുന്നു അദ്ദേഹം.

കിഫ്ബിയുടേത് അടക്കം പലവക സർവീസുകൾ എന്ന 28ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് സഭയിൽ ചർച്ചയോ വോട്ടെടുപ്പോ നടക്കുന്നില്ല എന്ന ആക്ഷേപം വസ്തുതാപരമാണ്. ഒരു കീഴ്വഴക്കമെന്ന നിലയിൽ സഭയിൽ അനുവർത്തിച്ചുവരുന്ന നടപടിക്രമപ്രകാരം ഈ ധനാഭ്യർത്ഥന ഉൾപ്പെടെ എട്ടോളം ധനാഭ്യർത്ഥനകൾ ചർച്ചയോട വോട്ടെടുപ്പോ കൂടാതെയാണ് സഭ പാസാക്കുന്നത്. കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വെക്കുന്നുണ്ടെങ്കിലും അത് സഭയുടേയോ സഭാസമിതികളുടെയോ സ്ക്രൂട്ടിനിക്ക് വിധേയമാക്കാത്തത് പോരായ്മയാണ്. ഏതൊരു സ്ഥാപനത്തിന്റെയും വിശ്വാസ്യത എന്നത് ധനസംബന്ധമായ കാര്യങ്ങളിൽ പുലർത്തുന്ന നിതാന്തജാഗ്രതയും സൂക്ഷ്മതയും സുതാര്യതയും തന്നെയാണ്.

റിപ്പോർട്ട് സമിതികൾക്ക് പരിശോധനക്ക് ലഭിക്കുന്നതോടെ സ്ഥാപനത്തിന്റെ വിശ്വാസ്യതയും സുതാര്യതയും നിലനിർത്താൻ കഴിയും.

അടിസ്ഥാനസൗകര്യനിക്ഷേപനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച ചില ആശങ്കകൾ ഉയർന്നു വന്ന സാഹചര്യത്തിൽ അത് ഒഴിവാക്കുന്നതിനായി കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭാസമിതിക്ക് പരിശോധിക്കാൻ കഴിയുന്ന തരത്തിൽ സഭയുടെ നടപടിക്രമങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്. അതുവഴി എക്സ്ക്യൂട്ടീവിന് നിയമസഭയോട് ഉത്തരവാദിത്വം ഉറപ്പാക്കാനും സാമ്പത്തിക കാര്യങ്ങളിൽ നിയമസഭക്കുള്ള പരിശോധന അധികാരം സംരക്ഷിക്കപ്പെടാനും കഴിയും. അതിനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കുമെന്നും സ്പീക്കർ അറിയിച്ചു.



**▲പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ രചിച്ച പയ്യാമ്പലം എന്ന കവിതാ സമാഹാരം സി പി എം പൊളിറ്റ് ബ്യൂറോ അംഗം എം.എ. ബേബി പ്രഭാവർമ്മയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു. ഷഹനാസ് എം.എ, പെരിങ്ങനാട് എസ്. രാജൻ, എം.കെ. മുനീർ എം.എൽ.എ, മന്ത്രി ജി. സുധാകരൻ, എം.എൽ.എമാരായ എൻ. ജയരാജ്, അനിൽ അക്കര എന്നിവർ സമീപം**







## റോഡുകളിലെ പാർക്കിംഗ് വകുപ്പ് അനുമതി നൽകിയിട്ടില്ല

തിരുവനന്തപുരം: പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഇരുവശങ്ങളിലും പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും ഫീസ് ഈടാക്കുന്നതിന് വകുപ്പിൽ നിന്നും ആർക്കും അനുമതി നൽകിയിട്ടില്ലെന്ന് മന്ത്രി ജി സുധാകരൻ. തിരുവനന്തപുരം നഗരസഭയിൽ നഗരസഭ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് അനുമതിയില്ലാതെയാണിത്. 2015 ൽ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന മൂന്നംഗ ഭരണസമിതിയാണ് നഗരസഭാപരിധിയിൽ എം ജി റോഡിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തിയത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള ട്രാഫിക് വാർഡൻമാരാണ് ട്രാഫിക് ഫീസ് പിരിവ് നടത്തി നഗരസഭയിൽ അടയ്ക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിലുള്ള എൽഎംഎസ് അട്ടക്കുളങ്ങര, ആർഎംഎസ്-തമ്പാനൂർ ഓവർബ്രിഡ്ജ് റോഡിലും പേ ആൻഡ് പാർക്കിംഗ് സംവിധാനം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പിരിവ് നടത്താൻ ഉപദേശക സമിതിയ്ക്ക് യാതൊരു നിയമാധികാരവുമില്ല. അനധികൃതമായി ഫീസ് പിരിക്കുന്നത് നിർത്തലാക്കാൻ നഗരസഭാ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. കെആർഎഫ്ബിയുടെ എൽഎംഎസ്-അട്ടക്കുളങ്ങര, ആർഎംഎസ്-തമ്പാനൂർ എന്നിവ എന്നിവ ഒഴികെയുള്ള മറ്റ് റോഡുകളിൽ പേ ആൻഡ് പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയത് കെആർഎഫ്ബി നിർത്തലാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

Vol. II Issue No.155 Regd No: RNI 49829/90 Printed and Published by Kalakaumudi Publications Pvt Ltd at Kalakaumudi Press, T.C. 13/1827/5, Kalakaumudi Gardens, Kumarapuram, Thiruvananthapuram 695 011. Editor-In-Chief: M. S. Mani, Editor: Sukumaran Mani, Executive Editor: Prasad Lakshman. Phone: Editorial 0471-2447976, Bureau 0471-2447976. Editorial Office: Kalakaumudi Gardens, Kumarapuram, Medical College. P.O., Thiruvananthapuram. Email: kktvmdesk@gmail.com